# ക്രൈസ്തവ കാഹളം


'ഒരു കർത്താവും
ഒരു വിശ്വാസവും
ഒരു മാമ്മോദീസായും'

DHARMARAM COLLEGE LIBRARY

1964
October
No. 6.



"......സ്വർഗ്ഗീയപിതാവിൻെറ ഏകപുത്രനും
വചനവുമായിരിക്കുന്ന രാജാവായ എൻെറ കത്താവെ,
നിന്നെ ഞാൻ സ്തുതിക്കും......".

**(ഒക്ടോബർ 25—രാജത്വതിരുനാൾ)**

വരിസംഖ്യ മുൻകൂർ 2ക. 50 സ.
വിദേശങ്ങളിൽ 3ക. 50 സ.

# CHRISTHAVA KAHALAM

(An Organ of the Catholic Re-union Movement)

## ഈ ലക്കത്തിൽ


| | | | പുറം |
|---|---|---|---|
| 1. | പത്രാധിപക്കുറിപ്പുകൾ | | 165 |
| 2 | കേരളരാഷ്ട്രീയവും ക്രിസ്ത്യാനികളും | (A. A.) | 167 |
| 3. | കഷ്ടതയോടുള്ള ക്രിസ്തീയ സമീപനം | (ഫാ. പി. റ്റി. തോമസ്) | 169 |
| 4. | രാജാവായ ക്രിസ്തുനാഥൻ | (ജോസഫ് ഇരുമേട) | 173 |
| 5. | സെയിൻറ് ക്രിസ്റ്റോഫർ | (മിസ്സിസ് അന്നമ്മ മാമ്മൻ, ചെങ്ങന്നൂർ) | 176 |
| 6. | ധ്യാനചിന്തകൾ | (വി. സി. ഗീവറുഗീസ് കോറെപ്പിസ്കോപ്പാ) | 178 |
| 7. | "എങ്ങു നീ" (കവിത) | (ജ. അയ്യനേത്ത്) | 179 |
| 8. | സ്വാതന്ത്ര്യദിനം (കവിത) | (ചാരുംമൂട്) | 179 |
| 9. | അഗതിമന്ദിരം (ചെറുകഥ) | (കുഞ്ഞമ്മ സൈമൺ ബി. എസ്സ്സി.) | 180 |
| 10. | ദിവ്യബലി | (ജോസ് തച്ചിൽ, പൂനാ) | 182 |
| 11. | ഒന്നിനു—രണ്ട് | (ദേവാനന്ദ് എസ്സ്. വി. ഡി.) | 184 |
| 12. | സ്നേഹത്തിൻെറ വൈചിത്ര്യം | (വി. ഈ. മത്തായിക്കുട്ടി, വടശ്ശേരിക്കര) | 185 |
| 13. | ദിവ്യകാരുണ്യകോൺഗ്രസ്സും ക്രിസ്തീയ ഐക്യവും | (G Koonthanam) | 188 |
| 14. | "ആറടി മണ്ണ്" (കവിത) | (ശങ്കരത്തിൽ ജോൺമത്തായി വൈദ്യൻ) | 190 |
| 15. | റോമിൽ കണ്ട ചില സുഹൃത്തുക്കൾ | (സി. പി. മാത്യു എം. ഏ.) | 191 |
| 16. | ലീജിയൻെറ പ്രേഷിത ചൈതന്യം | (ആനിക്കുട്ടി സൈമൺ, റാന്നി) | 193 |
| 17. | വിവിധ വൃത്താന്തങ്ങൾ | | 195 |
| 18. | ബോംബെ ദിവ്യകാരുണ്യ കോൺഗ്രസ്സ് വാർത്തകൾ | | 196 |
| 19. | അതിരൂപതാവാർത്തകൾ | കവർ | |


## സഭാകലണ്ടർ

1964 ഒക്ടോബർ 18–സ്ലീബായ്ക്കുശേഷം അഞ്ചാം ഞായർ വി. ലൂക്കാസ്
മിഷൻ സൺഡേ

,, 23–വെള്ളി മാർ യാക്കോബു ശ്ലീഹാ

,, 25–സ്ലീബായ്ക്കുശേഷം ആറാം ഞായർ
ക്രിസ്തുവിൻെറ രാജത്വം

,, 26–തിങ്കൾ മാർ ദീമത്രേയോസ്

,, 31–ശനി നസീബീനിലെ മാർ യാക്കോബ്.

നവംബർ 1–ക്കൂദാശ് ഈത്തോ ഞായർ
സകല വിശുദ്ധർ

,, 6–ആദ്യവെള്ളി
തിരുവല്ലാ രൂപതാ സ്ഥാപനം

നവംബർ 8–ഹൂദാസ് ഈത്തോ ഞായർ
വി. മാലാഖമാർ

,, 13–വെള്ളി സ്വർണ്ണനാവുകാരൻ
മാർ ഈവാനിയോസ്

,, 14–ശനി മാർ പീലിപ്പോസ് ശ്ലീഹാ

,, 15–സഖറിയായോടുള്ള അറിയിപ്പിൻെറ ഞായറാഴ്ച.

## പരേതരായ പട്ടക്കാർ

ഒക്ടോബർ 30 റവ. ഫാ. തോമസ് പലത്തും തലയ്ക്കൽ
നവംബർ 1 ,, ശമുവേൽ മാങ്കാവിൽ
,, 5 ,, തോമസ് കല്ലയക്കാട്ടിൽ
,, 5 മോൺ. ജോൺ കച്ചിറമററം
,, 9 റവ. ഫാ. തോമസ് വടക്കേക്കര

**R. I. P.**

*Chief Editor*: Rt. Rev. Msgr. Philipose Ramban.
*Sub*: ,, Rev. Fr. Jacob Gnayalloor,

*Publishing Editor*:
Rev. Fr. C. A. Abraham,
Mar Ivanios College,
Trivandrum-15.

DHARMARAM COLLEGE LIBRARY BANGALORE
17877

# ക്രൈസ്തവകാഹളം

| പുസ്തകം 23 | ഒക്ടോബർ 1964. | ലക്കം 6. |
|---|---|---|

## പത്രാധിപക്കുറിപ്പുകൾ

### പ്രോട്ടസ്റ്റൻറ് സഭകളും വിഭാഗങ്ങളും

"പ്രോട്ടസ്റ്റൻറ്" എന്ന പദം പലപ്പോഴും അവ്യക്തമായ ധാരണകളാണ് കത്തോലിക്കർക്കു നൽകാറുള്ളത്. ഓരോ വകുപ്പുകാരുടെയും പേരുകൊണ്ടു മാത്രമാണ് പ്രോട്ടസ്റ്റൻറ് വിശ്വാസികളെ കത്തോലിക്കർ സാധാരണ തരം തിരിക്കാറുള്ളത്. സഭകൾ എന്ന പേരിനർഹതയുള്ള സമൂഹങ്ങളും വിഭാഗങ്ങൾ (Sects) എന്ന പേരു മാത്രം യോജിക്കുന്ന കൂട്ടായ്മകളും പ്രോട്ടസ്റ്റൻറ് ഗണത്തിലുണ്ട്. അവരെപ്പററി പഠിക്കുന്നതിന് പ്രധാനപ്പെട്ട പ്രോട്ടസ്റ്റൻറ് പാരമ്പര്യങ്ങളെ വേർതിരിച്ചു ഗ്രഹിച്ചാലേ സാധിക്കുകയുള്ളു. ഇവ പ്രധാനമായും നാലാണ്.

യൂറോപ്പിൽ വേരൂന്നിയതും ലൂതർ, കാൽവിൻ എന്നിവരിൽനിന്നാരംഭിച്ചതുമാണ് ഒന്നാമത്തെ പാരമ്പര്യം. സ്ഥാപകനേതാക്കന്മാരുടെ കാലശേഷം പല വ്യതിയാനങ്ങളും ഈ പാരമ്പര്യത്തിൽ വന്നിട്ടുണ്ട്. എന്നാലും ചില പ്രധാന കാര്യങ്ങളിൽ വ്യത്യാസങ്ങൾ ഭവിച്ചിട്ടില്ല. ദൈവവചനത്തിന്റെ പരമപ്രാധാന്യം, സഭയുടെയും കൂദാശകളുടെയും ആപേക്ഷികസ്വഭാവം, മനുഷ്യന്റെ പാപവും നിസ്സഹായതയും, ദൈവം സ്വമനസ്സാലെ നൽകുന്ന സൗജന്യരക്ഷ, നന്മപ്രവൃത്തികളുടെ നിസ്സാരത്വം, എന്നിവയെല്ലാം യാഥാസ്ഥിതികപ്രോട്ടസ്റ്റൻറുകാരുടെ അടിസ്ഥാനപ്രമാണങ്ങളാണ്.

രണ്ടാമത്തെ വിഭാഗം ആംഗ്ലിക്കൻ സഭയാണ്. ഈ സഭ ഒരേ സമയം പ്രോട്ടസ്റ്റൻറും കാതോലികവുമാണെന്ന് അവർ അവകാശപ്പെടുന്നുണ്ട്. ഹെൻട്രി എട്ടാമന്റെ കാലത്ത് ഇംഗ്ലണ്ട് മാർപ്പാപ്പായെ നിരസിച്ചെങ്കിലും കത്തോലിക്കാ വിശ്വാസാചാരങ്ങളെ ഉപേക്ഷിച്ചില്ലായിരുന്നു. എന്നാൽ എലിസബത്ത്, എഡ്വേർഡ് എന്നിവരുടെ ഭരണകാലത്ത് യൂറോപ്പിൽ നിന്നുള്ള പ്രോട്ടസ്റ്റൻറ് ചിന്താഗതികൾ ഇംഗ്ലണ്ടിൽ സ്വാധീനം ചെലുത്താനിടയായി. അന്നുമുതൽ ഇന്നുവരെ കത്തോലിക്കാ ചിന്താഗതിയും പ്രോട്ടസ്റ്റൻറ് ചിന്താഗതിയും ആംഗ്ലിക്കൻ സഭയ്ക്കുള്ളിൽ തുടന്നു വരുന്നു. ഇതിൽ ആദ്യത്തേതിനോടു കലഹിച്ചാണ് മെത്തേഡിസ്റ്റ്, കോൺഗ്രിഗേഷനലിസ്റ്റ് കേരളത്തിലെ ലണ്ടൻ മിഷ്യൻ ആദിയായ വിഭാഗങ്ങൾ ആംഗ്ലിക്കൻ സഭയിൽനിന്നു പിരിഞ്ഞത്. കാർഡിനൽ ന്യൂമാൻ അംഗമായിരുന്ന ഓക്സ്ഫോർഡ് മൂവ്മെൻറ് ആംഗ്ലിക്കൻ സഭയിലെ കത്തോലിക്കാ പാരമ്പര്യത്തെ കൂടുതൽ ശക്തിപ്പെടുത്തി. വ്യക്തികളുടെ രക്ഷയെ മാത്രമല്ല സഭയുടെ ജീവിതത്തെയും കൂദാശകളെയും ആം

ഗ്ലിക്കൻ സഭ പ്രധാനമായി കരുതുന്നു എന്നു പൊതുവെ പറയാം. വിശ്വാസാചാരങ്ങളിലുള്ള അവ്യക്തസ്വഭാവം, പരസ്പരവിരുദ്ധങ്ങളായവയെ ഒരുമിച്ചു കൊണ്ടുപോകാനുള്ള ആകാംക്ഷ, ഇവ ആംഗ്ലിക്കൻ സഭയ്ക്കു് ഒരു പ്രത്യേക സ്വഭാവം നൽകുന്നു.

മൂന്നാമത്തെ പ്രോട്ടസ്റ്റൻറു പാരമ്പര്യം കഴിഞ്ഞ നൂററാണ്ടിൽ ജർമ്മനിയിലാരംഭിച്ച "ലിബറൽ" ചിന്താഗതിയാണു്. പ്രകൃതിക്കതീതമായതിനെ ഉദാ: ക്രിസ്തുവിൻെറ അത്ഭുതങ്ങൾ നിരസിക്കുക, മനുഷ്യബുദ്ധിയെ വെളിപാടിൻെറ അളവുകോലാക്കുക, ചരിത്രപ്രാധാന്യമുള്ള വിശ്വാസപ്രമാണങ്ങൾ, ബാഹ്യസംഘടനകൾ, ഇവയെ നിസ്സാരമായി കരുതുക, മുതലായവയാണു് ലിബറൽ പ്രോട്ടസ്റ്റൻറുകാരുടെ രീതി. മേൽ വിവരിച്ച രണ്ടു തരം പ്രോട്ടസ്റ്റൻറുഗണങ്ങളേയും കാലാന്തരത്തിൽ ലിബറൽ ചിന്താഗതി ഏറെക്കുറേ സ്വാധീനിച്ചിട്ടുണ്ടു്. യഥാസ്ഥിതിക പ്രോട്ടസ്റ്റൻറു നിലപാടിൽ നിന്നു വളരെ വിഭിന്നമാണു് ലിബറൽ ചിന്താഗതി എന്നു പറയേണ്ടിയിരിക്കുന്നു.

നാലാമത്തെ പ്രോട്ടസ്റ്റൻറു മണ്ഡലമാണു് പെന്തിക്കോസ്തു വിഭാഗങ്ങളും ചെറിയ കൂട്ടായ്മകളും. പ്രധാനപ്പെട്ട ക്രിസ്തീയ പാരമ്പര്യങ്ങളെ ഉപേക്ഷിച്ചു് ഏതെങ്കിലും ഒരു വ്യക്തിയുടെ ദർശനത്തിന്മേൽ മുറുകെപ്പിടിച്ചാണു് ഈ വകുപ്പുകൾ പൊതുവേ ഉണ്ടായിട്ടുള്ളതു്. വേദപുസ്തകം വായിച്ചു ലഭിക്കുന്ന വെളിച്ചവും നടത്തിപ്പുമാണു് ഇവക്കു സുപ്രധാനം. പരമ്പരാഗതമായ ആരാധനാരീതികളുടെ സ്ഥാനത്തു വികാരപ്രധാനങ്ങളും വ്യക്തിഗതങ്ങളുമായ സമ്പ്രദായങ്ങൾ ഇവർ സ്വീകരിക്കുന്നു. തത്വചിന്തയ്ക്കും സാംസ്കാരികപാരമ്പര്യത്തിനും ഇവർ സ്ഥാനം നൽകാറില്ല. മനുഷ്യബുദ്ധിക്കും വേദപുസ്തകത്തെപ്പററിയുള്ള ശാസ്ത്രീയപഠനത്തിനും ഇവർ വലിയ വില കല്പിക്കുന്നില്ല. പലപ്പോഴും കർക്കശമായ ജീവിതനിയമങ്ങൾക്കു് ചില വകുപ്പുകാർ സ്വയം വിധേയരാകാറുണ്ടു്. ഈ മാതിരി ചെറിയ വകുപ്പുകൾ ഇപ്പോൾ നൂറിലധികമുണ്ടു്.

ഈ നാലു തരം പ്രോട്ടസ്റ്റൻറു പാരമ്പര്യങ്ങളും അന്യോന്യം സ്വാധീനങ്ങൾ ചെലുത്തുന്നുണ്ടെങ്കിലും അവയെ വേർതിരിച്ചു കാണാൻ പ്രയാസമില്ല. യഥാസ്ഥിതികപ്രോട്ടസ്റ്റൻറു സഭകളോടും ആംഗ്ലിക്കൻ സഭയോടും സംഭാഷണങ്ങളിലേർപ്പെടാൻ കത്തോലിക്കക്കു സാധിക്കത്തക്കവണ്ണം പൊതുവായ പല അടിസ്ഥാനങ്ങളുമുണ്ടു്. എന്നാൽ ലിബറൽ വകുപ്പുകാരോടും പെന്തിക്കോസ്തൽ വിഭാഗങ്ങളോടും സംഭാഷണത്തിലേർപ്പെടാൻ വളരെ പ്രയാസങ്ങളുണ്ടു്. ഇവരിലധികവും സഭകളുടെ ലോകകൗൺസിലിനു വെളിയിൽ നിൽക്കാനിഷ്ടപ്പെടുന്നതു് ഒട്ടും അത്ഭുതമല്ല. കേരളത്തിലുള്ള പ്രോട്ടസ്റ്റൻറു വിഭാഗങ്ങളിൽ ഓരോന്നിലും ഏതു തരത്തിലുള്ള പാരമ്പര്യത്തിനാണു് പ്രാധാന്യം ലഭിച്ചിട്ടുള്ളതെന്നു പഠിക്കുന്നതു പ്രയോജനകരമായിരിക്കും.

* * * *

**ക്ഷമാപണം**

ആഗസ്റ്റ്—സെപ്റ്റംബർ ലക്കം 'ക്രൈസ്തവകാഹളം'' ഞങ്ങളുടെ ബഹുമാന്യ വരിക്കാരിൽ പലർക്കും നേരത്തേ അയച്ചുകൊടുക്കാൻ സാധിക്കാത്തതിൽ ഖേദിക്കുന്നു. കുറഞ്ഞ പോസ്റ്റേജുകൊണ്ടു മാസിക അയയ്ക്കാനുള്ള തീയതി കഴിഞ്ഞു മാത്രമാണു് അച്ചടി പൂർത്തിയാക്കാൻ സാധിച്ചതു്. അതുമൂലം വന്നുചേർന്ന കാലവിളംബത്തിനു് മാന്യസുഹൃത്തുക്കളോടു ക്ഷമാപണം ചെയ്തുകൊള്ളട്ടെ.

## പ്രത്യേക അറിയിപ്പ്

വ. ദി. ശ്രീ. മോൺ പീലിപ്പോസ് റമ്പാൻ എഴുതിയിട്ടുള്ള വി. കർബാനയുടെ ഒരു ധ്യാനവ്യാഖ്യാനം നവംബർ ലക്കം 'ക്രൈസ്തവകാഹള''ത്തിൽ പ്രസിദ്ധം ചെയ്യാനുദ്ദേശിക്കുന്നു. വായനക്കാരുടെ അഭിപ്രായങ്ങൾ അറിയാൻ വേണ്ടിയാണു് പല ലക്കങ്ങളായി ചേർക്കാതെ ഈ വ്യാഖ്യാനം ഒന്നായിട്ടു പ്രസിദ്ധം ചെയ്യുന്നതു്. അഭിപ്രായങ്ങൾ ബ. റമ്പാച്ചനെ (ആർച്ചുബിഷപ്സ് ഹൗസ്, പട്ടം, തിരുവനന്തപുരം-4) അറിയിക്കണമെന്നഭ്യർത്ഥിക്കുന്നു.

പത്രാധിപർ.

**പാർശ്വവീക്ഷണം**

# കേരളരാഷ്ട്രീയവും ക്രിസ്ത്യാനികളും

**(A. A.)**

അഭിവന്ദ്യ മാർത്തോമ്മാ മെത്രാപ്പോലീത്താതിരുമേനി കേരളത്തിലെ രാഷ്ട്രീയസ്ഥിതിയെപ്പററി അടുത്ത കാലത്ത് പുറപ്പെടുവിച്ച പ്രസ്താവന ക്രിസ്ത്യാനികളിൽ ഒരു വലിയ വിഭാഗത്തിൻെറ ചിന്തകളെ പ്രതിബിംബിപ്പിക്കുന്നതായിരുന്നു. ക്രിസ്തുമതാദ്ധ്യക്ഷന്മാർക്കു രാഷ്ട്രീയാഭിപ്രായം പുറപ്പെടുവിക്കാൻ അവകാശമില്ലെന്നു പറയുന്നവരെ ഭയപ്പെടാതെ, രാഷ്ട്രീയ–സാമൂഹ്യരംഗങ്ങളിൽ ക്രിസ്തീയ വീക്ഷണവും വിലയിരുത്തലും ആവശ്യമാണെന്നുള്ള ബോധത്തോടെ അഭിവന്ദ്യ തിരുമേനി ചെയ്ത അവധാനതയുള്ള പ്രസ്താവന സ്വാഗതാർഹമാണ്.

## ചില യാഥാർത്ഥ്യങ്ങൾ

കേരളത്തിലെ സമീപകാല രാഷ്ട്രീയസംഭവങ്ങളിൽ നിന്നു വ്യക്തമാവുന്ന ചില വസ്തുതകളുണ്ട്. കോൺഗ്രസ് പ്രസിഡൻറ് കേരളത്തിൽ വന്നതു് അനുരഞ്ജനത്തിനായിരുന്നില്ലെന്നും ഇവിടെ വരുന്നതിനു മുമ്പുതന്നെ അദ്ദേഹം ചില തീരുമാനങ്ങൾ എടുത്തു കഴിഞ്ഞിരുന്നു എന്നുമുള്ളതാണ് ഒന്നാമത്തെ കാര്യം. കേസിൻെറ വാദം കേൾക്കുന്നതിനു മുമ്പ് ജഡ്ജ്മെൻറെഴുതിയ ഒരു ന്യായാധിപനെപ്പോലെയാണദ്ദേഹം വർത്തിച്ചതു്. മി. ശങ്കറിനനുകൂലമല്ലാതിരുന്ന സാദിക്കാലി റിപ്പോർട്ടു അവഗണിച്ചതു്, റിബൽഗ്രൂപ്പുകാരുടെ ആവലാതികളെപ്പററി മൗനമവലംബിച്ചതു്, കേരളത്തിൽ വരുന്നതിനു മുമ്പുതന്നെ മി ശങ്കറിനെ പിന്താങ്ങിയുള്ള അഭിപ്രായം പത്രക്കാരോടു പറഞ്ഞതു്, എന്നിവയെല്ലാം ഈ നിഗമനത്തെ ഉറപ്പിക്കുന്നു. രണ്ടാമത്തെ വസ്തുത റിബൽ ഗ്രൂപ്പിനെ സംബന്ധിക്കുന്നതാണ്. അവരുടെ അച്ചടക്കലംഘനം നിസ്സാരമായി കരുതാവുന്നതല്ല. അതേസമയം തന്നെ അച്ചടക്കലംഘനം പരിശുദ്ധാത്മാവിനെതിരായ പാപമായിട്ടു കണക്കാക്കാവുന്നതല്ല. അച്ചടക്കലംഘനത്തിനു ന്യായവും ശക്തവുമായ കാരണങ്ങളുണ്ടായിരുന്നോ എന്നുള്ളതാണ് പ്രസക്തമായ ചോദ്യം. റിബൽഗ്രൂപ്പുകാരെ പുറംതള്ളുന്നതിന് സംഘടനാവിഭാഗം ദൃഢവ്രതം എടുത്തു കഴിഞ്ഞതിനു ശേഷമാണ് അവിശ്വാസപ്രമേയം അവതരിപ്പിക്കപ്പെട്ടതും റിബൽഗ്രൂപ്പ് അതിനെ അനുകൂലിച്ചതും എന്നോർക്കേണ്ടതാണ്. മി പാട്ടീലിൻെറ ഉപദേശം അവർ സ്വീകരിക്കാതിരുന്നതു് ബുദ്ധിപൂർവ്വകമായിരുന്നുവെന്ന് അദ്ദേഹം നൽകിയ അഴിമതി അന്വേഷണത്തിൻെറ ഉറപ്പ് പിന്നീടു കാററിൽ പറത്തിയതിൽ നിന്നു വ്യക്തമായിട്ടുണ്ട്. ന്യൂനപക്ഷത്തിൻെറ ആവലാതികൾ തുടർച്ചയായി അവഗണിക്കുന്നതും അഴിമതികൾക്കു മറപിടിക്കുന്നതും ഒരു ജനകീയ പാർട്ടിയിലെ ഭൂരിപക്ഷത്തിനു യോജിച്ചതല്ല. റിബൽഗ്രൂപ്പുകാരേക്കാൾ ഔദ്യോഗിക കോൺഗ്രസിനു എന്തെങ്കിലും മെച്ചമുണ്ടെങ്കിൽ അവർക്ക് സംഘടനയിൽ ഭൂരിപക്ഷമുണ്ടെന്നുള്ളതു മാത്രമാണ്. ഈ ഭൂരിപക്ഷത്തിൻെറ തോതനുസരിച്ച് ജനങ്ങളുടെ ഭൂരിപക്ഷാനുകൂല്യം അവർക്കുണ്ടാകുമോ എന്നുള്ളതു സംശയാസ്പദവുമാണ്.

## വർഗ്ഗീയത

റിബൽഗ്രൂപ്പുകാരെ വർഗ്ഗീയതയുടെ ഏജൻറന്മാരായി ചിത്രീകരിക്കുന്നവർ വർഗ്ഗീയതയുടെ കണ്ണാടിയിൽക്കൂടി മാത്രം എല്ലാ കാര്യങ്ങളും വീക്ഷിക്കുന്നവരായിരിക്കണം. റിബൽ ഗ്രൂപ്പിൽ ഈഴവ എം. എൽ. എ. മാരില്ലെന്നുള്ളതു ശരിയാണ്. എന്നാൽ ഈഴവ മുഖ്യമന്ത്രിക്കെതിരായി നിയമസഭയിലെ ഭൂരിപക്ഷം ഈഴവ എം എൽ എ. മാർ വോട്ടു ചെയ്തു എന്നുള്ളതും വേറൊരു ഈഴവനെ മുഖ്യമന്ത്രിയാക്കാൻ റിബൽഗ്രൂപ്പുകാർക്കു സമ്മതമായിരുന്നു എന്നുള്ളതും വിസ്മരിക്കാവുന്നതല്ല. പല പ്രബല സമുദായങ്ങളുള്ള കേരളത്തിൽ രാഷ്ട്രീയ സ്വാധീനം ചെലുത്താൻ സമുദായങ്ങൾ ശ്രമി

ക്കുന്നതിൽ അത്ഭുതമില്ല. എന്നാൽ ചില സാമുദായിക സംഘടനകൾക്കു മാത്രം രാഷ്ട്രീയ സ്വാധീനം നിഷിദ്ധമാണു് എന്നു പറയുന്നതാണു് അത്ഭുതത്തിനു വക തരുന്നതു്. എസ്. എൻ. ഡി. പി. യുടെ ആഭിമുഖ്യത്തിൽ ശങ്കർ പക്ഷത്തു് ആളെ ചേക്കുന്നതും സ്വീകരണങ്ങൾ സംഘടിപ്പിക്കുന്നതും വർഗ്ഗീയതയല്ലെങ്കിൽ എൻ. എസ്. എസിൻെറ ആഭിമുഖ്യത്തിൽ ശങ്കറിനെ എതിക്കുന്നതും വർഗ്ഗീയതയായി വ്യാഖ്യാനിക്കാൻ പാടില്ല. മി. ശങ്കറിനെ ഈഴവരിൽ പലരും പിന്താങ്ങുന്നതു് അദ്ദേഹം ഈഴവനായതുകൊണ്ടാണോ എന്നു് അടുത്ത തിരഞ്ഞെടുപ്പു് വ്യക്തമാക്കാനിടയുണ്ടു്. ഈഴവരെ മുഴുവൻ കോൺഗ്രസ്സിൽ കൊണ്ടുവരാനുള്ള അവസരം ഇപ്പോൾ വന്നിരിക്കുകയാണെന്നു വിചാരിക്കുന്നവർ അടുത്ത തിരഞ്ഞെടുപ്പിനു ശേഷം അവരുടെ അഭിപ്രായം മാറേറണ്ടിവരും. "പരിശുദ്ധ കോൺഗ്രസ്" എന്നഭിമാനിക്കുന്നവർപോലും തിരഞ്ഞെടുപ്പിനു സ്ഥാനാത്ഥികളെ നിർദ്ദേശിക്കുന്നതു് സാമുദായികാടിസ്ഥാനത്തിലായിരിക്കും എന്നുള്ളതു് അസുഖകരമായ ഒരു പരമാത്ഥമാണു്. ഈഴവക്കു ഭൂരിപക്ഷമുള്ള ഒരു നിയോജകമണ്ഡലത്തിൽ ഈഴവനെയല്ലാതെ സ്ഥാനാത്ഥിയാക്കുവാൻ ശ്രീ കാമരാജു പോലും ധൈര്യപ്പെടുമോ?

## ക്രിസ്ത്യാനികൾ

റിബൽഗ്രൂപ്പിനു ക്രിസ്ത്യാനികളിൽ ഒരു നല്ല വിഭാഗത്തിൻെറ പിന്തുണയുണ്ടെങ്കിലും ആ ഗ്രൂപ്പിൻെറ രാഷ്ട്രീയഭാവിയോടു ബന്ധപ്പെട്ടതാണു് ക്രിസ്ത്യൻസമുദായത്തിൻെറ ഭാവി എന്നു വിചാരിക്കുന്നതു തെററായിരിക്കും. എല്ലാ രാഷ്ട്രീയപാർട്ടിയിലും ക്രിസ്ത്യാനികളുണ്ടു്. എന്തു വന്നാലും എക്കാലവും ക്രിസ്ത്യാനികൾ കോൺഗ്രസിനെ സേവിക്കണം എന്നുള്ള പ്രമാണം സ്വീകാര്യമാണെന്നു തോന്നുന്നില്ല. ക്രിസ്തീയ മൂല്യങ്ങൾക്കെതിരായി കോൺഗ്രസ് കക്ഷി നയങ്ങൾ രൂപീകരിക്കുകയില്ലെന്നു യാതൊരുറപ്പുമില്ല. ക്രിസ്ത്യാനികളോടു വിരോധമുള്ളവരുടെ കൈകളിൽ കോൺഗ്രസ് സംഘടന അമരുന്നു എന്നും വരാവുന്നതാണു്. ഏതു പാർട്ടിയുടെ നയങ്ങളെയും വിമർശിക്കാനുള്ള അവകാശവും ജനക്ഷേമത്തിനുള്ള നല്ല പരിപാടികളിൽ സഹകരിക്കാനുള്ള ചുമതലയും ക്രിസ്ത്യാനികൾക്കുണ്ടായിരിക്കണം. അതൊരു സാമുദായികപ്രശ്നമല്ല. കേരളത്തിൽ ഈഴവർക്കോ, മുസ്ലീങ്ങൾക്കോ ഉള്ളതിൽ കൂടുതലായ യാതൊരവകാശവും ക്രിസ്ത്യാനികൾ ആഗ്രഹിക്കാൻ പാടില്ല. ക്രിസ്ത്യാനികളായതുകൊണ്ടു മാത്രം അവകാശങ്ങൾ നിഷേധിക്കപ്പെടാനും ഇടയാവരുതു്. അവകാശങ്ങൾ എപ്പോഴും സേവനത്തിനും ശുശ്രൂഷയ്ക്കുമുള്ള അവസരങ്ങളായിട്ടു മാത്രമേ ക്രിസ്ത്യാനികൾ കരുതാവൂ. ഈ ചിന്താഗതിയുള്ളവരും സ്വഭാവശ്രേഷ്ഠതയും കഴിവുമുള്ളവരുമായ നേതാക്കളെ കേരളത്തിനു ലഭിക്കേണ്ടതു് ചരിത്രപരമായ ഒരാവശ്യമായിത്തീന്നിരിക്കുകയാണു്.

## ഭാവി

കേരളരാഷ്ട്രീയത്തിൻെറ അടുത്ത ഭാവി അത്ര ശോഭനമല്ലെങ്കിലും അതിനെപ്പററി വിലപിച്ചിട്ടു കാര്യമില്ല. കഴിഞ്ഞ കാലത്തെ അനുഭവം നമ്മെ പഠിപ്പിക്കുന്നതു് ഇപ്പോഴത്തെ ഗ്രൂപ്പുകൾ ഇന്നത്തെതുപോലെ വളരെ നാൾ തുടരുകയില്ലെന്നുള്ളതാണു്. അപ്രതീക്ഷിതമായ രീതിയിൽ ഗ്രൂപ്പുനേതാക്കളും അംഗങ്ങളും മാറിയെന്നു വരും. രാഷ്ട്രീയത്തിൽ സ്വന്തം കാര്യം നോക്കാത്തവർ ചുരുക്കമാണെന്നുള്ളതാണു് ഇതിൻെറ കാരണം. ഔദ്യോഗികകോൺഗ്രസിനെ സംബന്ധിച്ചിടത്തോളം, അവക്കു ശ്രീ പി. ററി. ചാക്കോയോടുണ്ടായിരുന്നതും ഇപ്പോൾ റിബൽഗ്രൂപ്പുകാരോടുള്ളതുമായ കക്കശമായ മനോഭാവവും അഴിമതിക്കാരോടുള്ള അനുനയവും അവക്കു ദോഷം ചെയ്യാനിടയുണ്ടു്. റിബൽഗ്രൂപ്പുകാർ ബുദ്ധിപൂവ്വകമായ സഖ്യങ്ങൾ മൂലം അടുത്ത തിരഞ്ഞെടുപ്പിൽ വിജയം വരിച്ചാൽ കോൺഗ്രസ് കവാടം അവക്കായി വീണ്ടും തുറക്കപ്പെടും എന്നുള്ളതിനു സംശയമില്ല. രാഷ്ട്രീയത്തെ ഭയന്നു് ഓടിപ്പോവുകയല്ല ധീരതയോടും സമചിത്തതയോടും കൂടെ പ്രശ്നങ്ങളെ നേരിടുകയാണു് ഇന്നു നമ്മുടെ കത്തവ്യം.

# കഷ്ടതയോടുള്ള ക്രിസ്തീയ സമീപനം

(ഫാ. പി. റ്റി. തോമസ്)

മിക്കവരും വിട്ടൊഴിയാനാഗ്രഹിക്കുന്ന ഒന്നാണ് കഷ്ടതയെന്നു നമുക്കറിയാം. "പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിച്ചു" എന്ന സങ്കീർത്തനവാക്യത്തോടുകൂടി "കഷ്ടതയിൽ ഞാൻ ഇഹത്തിൽ ജന്മമെടുത്തു" എന്നു കൂട്ടിച്ചേർത്താലും അതു അത്ര തെററല്ല. ജീവിതത്തിൽ കഷ്ടത അഭിമുഖീകരിക്കാത്ത മനുഷ്യരില്ല. ശാരീരികവും മാനസികവും സാമ്പത്തികവും മററുമായ കഷ്ടതകളുടെ നീർച്ചുഴിയിൽ മനുഷ്യർ വീണുപോകുന്നു.

ആദ്യമാതാപിതാക്കളുടെ പാപമാണ് ഭൂമിയിലുള്ള കഷ്ടതകൾക്കെല്ലാം നിദാനമെന്നു നമുക്കറിയാം. അങ്ങനെ കല്പനാലംഘനത്തോടുകൂടി രംഗപ്രവേശം ചെയ്ത പാപം, കഷ്ടതയും നരകവും സമ്പാദിച്ചു കൊടുത്തു. സൃഷ്ടിചരിത്രത്തിൽ നാം വായിക്കുന്നു: സ്ത്രീയോടു കല്പിച്ചതു്, "ഞാൻ നിനക്കു കഷ്ടതയും ഗർഭധാരണവും ഏററം വർദ്ധിപ്പിക്കും. നീ വേദനയോടെ മക്കളെ പ്രസവിക്കും.................. മനുഷ്യനോടു കല്പിച്ചതോ: ..........നിന്റെ നിമിത്തം ഭൂമി ശപിക്കപ്പെട്ടിരിക്കുന്നു. നിന്റെ ജീവിതകാലം മുഴുവൻ നീ അതിൽ നിന്നും കഷ്ടതയോടെ അഹോവൃത്തി കഴിക്കും. മുള്ളും പറക്കാരയും അതിൽനിന്നും നിനക്കു മുളയ്ക്കും....... നീ പൊടിയിൽ തിരികെച്ചേരുവോളം മുഖത്തെ വിയർപ്പോടെ അതിൽ നിന്നും ഉപജീവനം കഴിക്കും" അങ്ങനെ കഷ്ടത ജീവികൾ മേലുള്ള അലംഘനീയാനുശാസനമായി നിലനില്ക്കുന്നു. എങ്കിലും പ്രത്യാശയുടെ ശീതളരശ്മികളെ പ്രസരിപ്പിച്ചുകൊണ്ടുകൂടിയാണ് താൻ ആ രംഗത്തിനു തിരശ്ശീല ഇട്ടതു്. നാം വായിക്കുന്നു: സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല ചതയ്ക്കും.

## കഷ്ടതയും മ്ശിഹായും

വചനമാം ദൈവത്തിന്റെ അവതരണത്തോടുകൂടി ചൈതന്യാത്മകമായ ഒരു വ്യതിയാനം മാനവചരിത്രത്തിൽ കഷ്ടതയ്ക്കു സംലബ്ധമായി. മ്ശിഹാ, തന്റെ അവതാരം ആദാമ്യവംശത്തിന്റെ ഉദ്ധാരണത്തിന്നാണെന്നും അതിനു താൻ കഷ്ടപ്പെടേണ്ടതുണ്ടെന്നും പല സന്ദർഭങ്ങളിലായി വ്യക്തമാക്കിയിട്ടുണ്ട്. തന്റെ പീഡാനുഭവത്തിൽ അനവധാനത ദർശിച്ച ശിഷ്യപ്രമുഖൻ മാർ പത്രോസിനെ ശാസിച്ചുകൊണ്ട് "സാത്താനെ നീ എന്റെ പിന്നിൽ പോക. നീ ദൈവത്തിന്റെയല്ല മനുഷ്യന്റെയാണു നോക്കുന്നതു്" എന്നുത്തരിച്ചതു് എത്രയും ശ്രദ്ധേയമായിരിക്കുന്നു. ത്യാഗം കൊണ്ടു്—കഷ്ടത സഹിക്കുന്നതുകൊണ്ടു്—അല്ലാതെ ലോകത്തെ ഉദ്ധരിപ്പാൻ അസാദ്ധ്യമെന്നു് താൻ സ്വജീവിതത്തിൽ കാണിക്കുകയാണുണ്ടായതു്. ശുശ്രൂഷിക്കപ്പെടുവാനല്ല ശുശ്രൂഷിക്കുവാൻവേണ്ടി അവതരിച്ച പാപഹാരിയായ ദൈവകുഞ്ഞാടിന്റെ മാതൃക എത്രയോ അനുപമമായിരിക്കുന്നു. മഹത്വമുള്ളവനായ ഏശായാ, യഹോവായുടെ ദാസന്റെ യഥാർത്ഥ ചിത്രം തന്റെ പ്രവചനത്തിന്റെ 53-ാം അദ്ധ്യായത്തിൽ സരളമായി ചിന്താദ്യോതകമായി വർണ്ണിച്ചിരിക്കുന്നു "സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു; നമ്മുടെ വേദനകളെ അവൻ ചുമന്നു; നാമോ ദൈവം അവനെ ശിക്ഷിച്ചും അടിച്ചും ദണ്ഡിപ്പിച്ചിരിക്കുന്നു എന്നു വിചാരിച്ചു. എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേററും തകർന്നും ഇരിക്കുന്നു. നമ്മുടെ സമാധാനത്തിന്നായുള്ള ശിക്ഷ അവന്മേലായി. അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നിരിക്കുന്നു.........എല്ലാവരുടെയും അകൃത്യം അവന്റെ മേൽ ചുമത്തി, അവൻ പീഡിപ്പിക്കപ്പെട്ടു അവൻ അവന്നു് കഷ്ടത വരുത്തി... ........". മേലാൽ കഷ്ടത ശപ്തപൂരിതമല്ല. അതു ഇഹലോകം നൈമിഷികമാണു്. സാത്താനടിമയായി ദാസ്യത്വം സ്വീകരിച്ചു് വിടുപണിയെടുത്തു വന്ന നരവംശത്തെ, ഇഹത്തിലുള്ളവരെ

മാത്രമല്ല—തിരശ്ശീലയ്ക്കപ്പുറത്തേക്ക് നിഗ്ഗമിച്ച വരെയും—പുത്രനിലേക്കും തദ്വാരാ പിതാവിന്റെ സന്നിധിയിലേക്കും ഹഠാദാകർഷിക്കുവാൻ മ്ശിഹായുടെ ക്രൂശിലെ യാഗത്തിനു മാത്രമേ സാദ്ധ്യമായുള്ളു. മ്ശിഹാ അരുളിച്ചെയ്തു: "ഞാൻ ഭൂമിയിൽനിന്നും ഉയർത്തപ്പെട്ടാൽ സകലരെയും എങ്കലേക്ക് ആകർഷിക്കും". വി പൗലൂസപ്പസ്തോലൻ പ്രഖ്യാപിക്കുന്നു: "കർത്താവായ ഈശോമ്ശിഹായുടെ ക്രൂശിലല്ലാതെ എനിക്കു പ്രശംസിപ്പാൻ സാദ്ധ്യമാകരുതേ. അതിനാൽ ഞാൻ ലോകത്തിനും ലോകം എനിക്കും ക്രൂശിക്കപ്പെട്ടിരിക്കുന്നു".

## കഷ്ടതയും പ്രവാചകന്മാരും

ഇസ്രായേലിന്റെ ദൈവമായ, ഏക സത്യദൈവം താൻ മാത്രമായ സൈന്യങ്ങളുടെ യഹോവായിലുള്ള അപ്രതിരോധ്യമായ—അചഞ്ചലമായ—വിശ്വാസത്താൽ ഇസ്രായേലിന്റെ പ്രവാസത്തേക്കുറിച്ച് ഹൃദയവ്യഥപൂണ്ട് ഉദ്ധാരണപ്രസംഗിയായ ദാനിയേൽ ബാബേലിലെ കേസരി ഗഹ്വരത്തിലും നിഷ്കളങ്കികളായ മൂന്നു പൈതങ്ങൾ തീച്ചൂളയിലും യറമിയാ ചെളിക്കുണ്ടിലും ഏലിയാ മരണം വാഞ്ഛിച്ചും ദീർഘദർശിമകുടമായ മോശ മിസ്രയിമിലെ രാജകൊട്ടാരത്തെയും മധുരഭോജ്യങ്ങളെയും പരിത്യജിച്ചും കഷ്ടതയെ സ്വയം വരിച്ചു. അഷ്ടഗന്ധമിട്ടുറപ്പിച്ച വിശ്വാസ വിരോധത്തേജിതരായ പ്രവാചക പ്രവീരന്മാർ പങ്കപ്പാടുകളെ, വിരിമാറു കാട്ടിക്കൊണ്ടു തന്നെ അഭിമുഖീകരിച്ചു. മരണം അവരുടെ മുമ്പിൽ താളടിയായി. ഘോരമർദ്ദനങ്ങൾക്കും മരണവേദനകൾക്കും അവരെ ദൈവസ്നേഹത്തിൽ നിന്നും വ്യതിചലിപ്പിക്കുവാൻ സാദ്ധ്യമായില്ല. ആകയാൽ വി. യാക്കോബ് അപ്പസ്തോലൻ പ്രസ്താവിക്കുന്നു: "സഹോദരന്മാരെ, മ്ശിഹായുടെ നാമത്തിൽ സംസാരിച്ച പ്രവാചകന്മാരെ, കഷ്ടാനുഭവത്തിനും ദീർഘക്ഷമയ്ക്കും ദൃഷ്ടാന്തമായി വിചാരിച്ചുകൊൾവിൻ: സഹിഷ്ണുത കാണിച്ചവരെ നാം ഭാഗ്യവാന്മാരെന്നു പുകഴ്ത്തുന്നു യോബിന്റെ സഹിഷ്ണുത നിങ്ങൾ കേട്ടും കർത്താവു വരുത്തിയ അവസാനം കണ്ടുമിരിക്കുന്നു.

## കഷ്ടതയും അപ്പസ്തോലന്മാരും:—

അവരുടെ ഗുരുവും നാഥനുമായ മ്ശിഹാ ഇസ്രായേലിന്റെ പന്ത്രണ്ടു സിംഹാസനങ്ങളിലുമിരുന്ന് ന്യായം വിധിപ്പാനുള്ള വരം മാത്രമല്ല അവർക്കു നല്കിയതു്. തന്നെ അനുഗമിക്കുന്നവനും തന്റെ ശിഷ്യത്വം കാംക്ഷിക്കുന്നവനും പട്ടുമെത്തയും പരവതാനിയുമല്ല വാഗ്ദത്തം ചെയ്യപ്പെട്ടതു്. പ്രത്യുത ക്രൂശാണ്. താൻ അരുളിച്ചെയ്യുന്നു: സ്വയം പരിത്യജിച്ച്, തന്റെ ക്രൂശെടുത്ത് പിന്നാലെ ചെല്ലാത്തവന് തന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല. വീണ്ടും താൻ പ്രബോധിപ്പിക്കുകയാണു്: "പീഡനം സഹിക്കുന്നതു് ഭാഗ്യമാണു്. നിങ്ങളുടെ ഹൃദയം കലങ്ങരുതു്. പരിഭ്രമിക്കയുമരുതു്". "ഞാൻ നിങ്ങളെ ലോകത്തിൽ നിന്നും തെരഞ്ഞെടുത്തു. അതിനാൽ ലോകം നിങ്ങളെ പകയ്ക്കും. ദാസൻ യജമാനനെക്കാൾ വലിയവനല്ല. അവർ എന്നെ ഉപദ്രവിച്ചുവെങ്കിൽ നിങ്ങളെയും ഉപദ്രവിക്കും. നിങ്ങളെ കൊല്ലുന്നവർ എല്ലാവരും, തങ്ങൾ ദൈവത്തിനു വഴിപാടു അർപ്പിക്കുന്നു എന്നു വിചാരിക്കുന്ന നാഴിക വരുന്നു". മാർ പൗലൂസ്, മാർത്തോമ്മാ തുടങ്ങിയ അപ്പസ്തോലന്മാർ മൃത്യുവിനെപ്പോലും തൃണവൽഗണിച്ച് മ്ശിഹായ്ക്കുവേണ്ടി കഷ്ടത സ്വയം വരിച്ചു. ഇരുണ്ട ജനതയുടെ മദ്ധ്യത്തിലേക്ക് മാർ തോമ്മായും അന്ധകാരഖണ്ഡത്തിലേക്ക് മാർ മർക്കോസും കപ്പൽച്ചേതം സഹിച്ച് മാർ പൗലൂസ് റോമായിലേക്കും, അത്യാഖ്യാ റോമാ മുതലായ ശ്രേഷ്ഠനഗരങ്ങളിലേയ്ക്ക് വി. പത്രോസും തങ്ങളുടെ കായക്ലേശങ്ങളെയും ഭൗതികനേട്ടങ്ങളെയും അവഗണിച്ച് ക്രൂശിക്കപ്പെടുവാനും പീഡിപ്പിക്കപ്പെടുവാനും അറിഞ്ഞുകൊണ്ടുതന്നെ പുറപ്പെട്ടതു് മ്ശിഹായ്ക്കുവേണ്ടി കഷ്ടപ്പെടുന്നതു് ഭാഗ്യമെന്നുള്ള പ്രത്യാശയാലല്ലെങ്കിൽ പിന്നെന്തിന്? തന്റെ കഷ്ടാനുഭവത്തെക്കുറിച്ച് വി. പൗലൂസ് അപ്പസ്തോലൻ നല്കുന്ന ഭാഷ്യം പ്രത്യേകം ശ്രദ്ധേയമാണു്. "ഇപ്പോൾ ഞാൻ നിങ്ങൾക്കു വേണ്ടിയുള്ള കഷ്ടാനുഭവങ്ങളിൽ സന്തോഷിച്ച് മ്ശിഹായുടെ കഷ്ടപ്പാടുക

ളിൽ കുറവായതു് എന്റെ ജഡത്തിൽ സഭയായ അവന്റെ ശരീരത്തിനു വേണ്ടി പൂരിപ്പിക്കുന്നു്". മ്ശിഹായുടെ നാമത്തിൽ സഭയ്ക്കുവേണ്ടി താൻ അനുഭവിക്കുന്ന കഠിന ശോധനയായ കഷ്ടതയിൽ പോലും അടിപതറാത്ത വിശ്വാസവും അനിതരസാധാരണമായ സന്തോഷവും താൻ അനുഭവിക്കുകയാണു്. ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കണം എന്നു പ്രബോധിപ്പിച്ച അപ്പസ്തോലൻ അതു വാക്കിൽ മാത്രമല്ല സ്വശരീരത്തിലും പ്രവൃത്തിയിലും തെളിയിച്ചു.

## കഷ്ടതയും ക്രിസ്ത്യാനിയും

കഷ്ടത ശാപമല്ല. അതു മ്ശിഹായേപ്രതി എങ്കിൽ മഹിമയുള്ള നൽവരവുമാണു്. ക്രൂശിനിതമായ കിരീടം അപ്രാപ്യം; അഥവാ പോരാട്ടം കൂടാതുള്ള വിജയം അസാദ്ധ്യം. മിശിഹായുടെ പങ്കപ്പാടുകൾ വസ്തുനിഷ്ഠമായ ഒരു ലക്ഷ്യത്തെ കേന്ദ്രീകരിച്ചായിരുന്നു. ആകയാൽ "വിലയേറിയ തന്റെ പങ്കപ്പാടുകളാൽ ലോകത്തെ രക്ഷിച്ച പരിശുദ്ധനായ ഏകപുത്രനും നമ്മോടുകൂടെ" എന്നതിനെ 'ആമ്മീൻ' ചൊല്ലി നാം സമ്മതിക്കുന്നു. ക്രിസ്ത്യാനി ക്രിസ്തുവിനെ അനുകരിക്കുന്നവനാണു്, അവന്റെ ഭാവമുള്ളവനാണു്. മ്ശിഹായുടെ ഭാവമെന്തായിരുന്നു? ആ ഭാവത്തിന്റെ ചിത്രീകരണം ഫിലിപ്യാ ലേഖനത്തിൽ നാം വായിക്കുന്നു. "അവൻ ദൈവരൂപത്തിലിരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെപ്പിടിക്കണമെന്നു വിചാരിക്കാതെ ദാസരൂപമെടുത്തു് മനുഷ്യസദൃശ്യത്തിലായി.................ക്രൂശിലെ മരണത്തോളം തന്നെ അനുസരണമുള്ളവനായിത്തീന്നു". തനിക്കു വേണ്ടി സജ്ജമാക്കിയ മാമോദീസായും കാസായും സ്വീകരിപ്പാനുള്ള സന്നദ്ധതയുടെ അടിസ്ഥാനത്തിലാണു് സെബദിമക്കളുടെ അതിവാഞ്ഛയെ താൻ ഗുണദോഷിക്കുന്നതു്. കഷ്ടത അതിഭാഗ്യമെന്നു ഗിരിപ്രഭാഷണത്തിൽ മ്ശിഹാ വ്യക്തമാക്കി. പക്ഷേ, അതു് അവയവങ്ങളിൽ കുടികൊണ്ടിരിക്കുന്ന ഭോഗേച്ഛുകളിൽ നിന്നുളവാകുന്ന കഷ്ടതയല്ല എന്നു പ്രത്യേകം ഓക്കേണ്ടതുണ്ടു്. തിരുവചനത്തിന്റെ പേജുകൾ മറിക്കുമ്പോൾ നാം ഇങ്ങനെ കാണുന്നു: കഷ്ടത എന്ന കഠിന ശോധന. (2 കോരിന്തു. 8, 2 വിശ്വസിപ്പാൻ മാത്രമല്ല കഷ്ടത സഹിപ്പാനും വരം നല്കിയിരിക്കുന്നു. (ഫിലിപ്യ. 1, 29) കഷ്ടത സഹിക്കുന്നതു് ക്രിസ്തുവിന്റെ പങ്കപ്പാടുകളോടുള്ള കൂട്ടായ്മയായി ഭവിക്കുന്നു. (ഫിലിപ്യ. 3, 11) ഭക്തിയോടെ ജീവിപ്പാൻ മനസ്സുള്ള ഏവൎക്കും പീഡയുണ്ടാകും. (1 തിമോത്തി. 3, 12) കഷ്ടം സഹിക്കുക. (2 തിമോ. 4, 5) കഷ്ടതയാൽ അനുസരണം പഠിച്ചു. (എബ്രാ. 5, 8) പൂർവ്വപിതാക്കൾ വിശ്വാസത്താൽ കഷ്ടത തെരഞ്ഞെടുത്തു. (എബ്രാ 11, 24) പ്രവാചകന്മാർ കഷ്ടാനുഭവത്തിനു ദൃഷ്ടാന്തം. (യാക്കോ 5, 11) ദൈവത്തെക്കുറിച്ചുള്ള മനോബോധവും നിമിത്തം കഷ്ടപ്പെടുന്നതു നന്നു് (1 പത്രാ. 2, 19-20) ക്രിസ്തുവിനു വേണ്ടിയുള്ള കഷ്ടപ്പാടുകൾ പരമാനന്ദമായ സ്വർഗ്ഗീയ മണിയറയിൽ ആനന്ദനിർവൃതി അടയുവാൻ അങ്ങനെ വാടാത്ത കിരീടവും (1 കോരി. 9, 25) നീതിയിൻ കിരീടവും (2 തിമോ. 4, 8) തേജസ്സി

**For favours received**



**Inserted by**
Mathai V. G. Valliavila, Puthoor.

ൻെറ കിരീടവും (1 പത്രോ 5, 4) ചൂടുന്നതിനുള്ള മഹത്തോപാധിയാണ്.

വി കർബാനാനുഭവത്താൽ നമ്മുടെ ശരീരത്തോട് മ്ശിഹായുടെ ശരീരം ഏകീഭവിക്കുന്നതുപോലെ ക്രിസ്ത്യാനിയായി കഷ്ടത സഹിക്കുന്നതുമൂലം തൻെറ കഷ്ടാനുഭവത്തോടും തദ്വാരാ തന്നോടും നാം ഏകീഭവിക്കുന്നു. അഴലകന്ന സാഹചര്യത്തിൽ തന്നോടേകീഭവിക്കാൻ നാം സന്നദ്ധരായേക്കാം. എന്നാൽ തനിക്കുവേണ്ടി ലഘുവായ കഷ്ടതയും ഖേദവും സഹിപ്പാൻ നാം മനസ്സാകുമോ? ക്രിസ്തീയജീവിതം വലിയൊരു വെല്ലുവിളിയാണ്. കഷ്ടത സഹിക്കുവാനുള്ള നൽവരത്തിൽ നാം വിശ്വസ്തരായി വർത്തിക്കുമോ? ഉത്തമനായ ക്രിസ്ത്യാനിയുടെ ശത്രു—എതിരാളി—ലോകവും ലോകശക്തികളും മാത്രമല്ല മധുരഭാഷണംചെയ്ത് ദൈവാലയത്തിലേക്കു നമ്മോടൊന്നിച്ചു പോകുന്നവർ പോലും വഞ്ചകലോകാധിപതിയായ സാത്താൻെറ പാദസേവകരായി നമ്മെ പിടിപ്പിച്ചു എന്നു വരാം. ലോകത്തിൻെറ എതിർപ്പ് നാം പ്രതീക്ഷിച്ചതായിരിക്കും. എന്നാൽ സഹകാരിയായ, ഒരപ്പത്തിൻെറയും ഒരേ ക്രൂദാശയുടെയും അംശികളായ സഭാംഗങ്ങളുടെ— സഹോദരന്മാരുടെ — ഒററിക്കൊടുക്കൽ, കുതികാൽ വെട്ടലുകൾ നമുക്കപ്രതീക്ഷിതമായിരിക്കാം. സ്തംഭിച്ചു നിൽക്കേണ്ടാ. പാപമൊഴികെ സകലതിലും നമുക്കു തുല്യം പരീക്ഷിക്കപ്പെട്ടവനായ—സ്വന്ത ശിഷ്യനാൽ ചുംബനവ്യാജേന ഒററിക്കൊടുക്കപ്പെട്ടവനായ—മ്ശിഹാ നമുക്കു മുന്നിലുണ്ട്. അദ്ദേഹമാണ് ഒരു ഉത്തമക്രൈസ്തവൻെറ, വഴിയും സത്യവും ജീവനും ലക്ഷ്യവും വാതിലും. മ്ശിഹായുടെ ഭാവമാണ് നമ്മിൽനിന്നും പ്രതീക്ഷിക്കുന്നത്. ആ ഭാവം കഷ്ടപ്പെടുവാനും തനിക്കുവേണ്ടി നഷ്ടം സഹിക്കുവാനും നമ്മെ ഉത്ബുദ്ധരാക്കും. കഷ്ടതയിൽ കൂട്ടായ്മ കാണിക്കുന്നതു നന്ന് എന്നു നാം വായിക്കുന്നു. (ഫിലി. 4, 14) കഷ്ടപ്പെടുന്നവൻെറ തോളിൽ കൂടുതൽ ഭാരം വച്ചു കൊടുക്കുവാൻ നാമാരും മുതിരരുത്. എങ്കിൽ മാത്രമേ കഷ്ടതയിൽ കൂട്ടായ്മ കാണിക്കുവാൻ നമുക്കു സാധ്യമാകയുള്ളൂ. "എൻെറ നിമിത്തം മനുഷ്യർ നിങ്ങളെ നിന്ദിക്കുകയും പീഡിപ്പിക്കയും നിങ്ങൾക്കെതിരായി സകല ദുഷ്കാര്യങ്ങളെയും വ്യാജമായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ അപ്പോൾ നിങ്ങളുടെ പ്രതിഫലം സ്വർഗ്ഗത്തിൽ വർദ്ധിച്ചിരിക്കകൊണ്ട് സന്തോഷിച്ചാനന്ദിപ്പിൻ" എന്ന ഗിരിഭാഷണപ്രബോധനം ദൈവഭക്തൻെറ സമാശ്വാസമല്ലയോ?

---


**For favours received**



**Inserted by**
Mrs. Chinnamma Varghese,
Kuttoor, N. Malabar.

**For favours received**



**Inserted by**
Mathai V. G.
Valliavila, Puthoor.

# രാജാവായ ക്രിസ്തുനാഥൻ

**(ജോസഫ് ഇരുമേട)**

ആകാശത്തിലേക്ക് മുഷ്ടിചുരുട്ടി എറിഞ്ഞുകൊണ്ട് ഞങ്ങൾ വീണ്ടും വീണ്ടും വിളിച്ചു പറഞ്ഞു "ക്രിസ്തുരാജൻ ജയിക്കട്ടെ! ക്രിസ്തുരാജ്യം കൈവരട്ടെ" രണ്ടായിരം വർഷങ്ങൾക്ക് മുൻപ് പീലാത്തോസിന്റെ അരമനവളപ്പിൽ നിന്നുകൊണ്ട് "സീസർ അല്ലാതെ വേറെ രാജാവ് ഞങ്ങൾക്കില്ല" എന്ന് വിളിച്ചുപറഞ്ഞ യൂദന്മാർക്ക് ഒരു തിരിച്ചടിയെന്നോണം, ആ രാജത്വത്തിരുനാളിന്റെ ഘോഷയാത്ര ഞങ്ങളുടെ ഇടവകപ്പള്ളിയിൽനിന്നും തിരിച്ച് ഗ്രാമവീഥികളിൽക്കൂടി നീങ്ങിക്കൊണ്ടിരുന്നു. ഇരുപതാം നൂററാണ്ടിന്റെ മക്കൾ ക്രൂശിതനായ ക്രിസ്തുവിന്റെ രാജത്വം പ്രഖ്യാപിക്കുന്നതു കണ്ട് സ്വർഗ്ഗവാസികൾ പുളകമണിഞ്ഞുകാണും. എന്തൊരു ആവേശമായിരുന്ന ആ രാജത്വ തിരുനാൾ ദിവസം. പക്ഷെ അന്ന് ഞങ്ങളിൽ പലരും അറിഞ്ഞിരുന്നില്ല, യഥാർത്ഥത്തിൽ എന്താണ് ക്രിസ്തുവിന്റെ രാജത്വമെന്ന്, എവിടെയാണ് ക്രിസ്തുവിന്റെ രാജ്യമെന്ന്, നമുക്ക് ക്രിസ്തുവിന്റെ രാജ്യത്തിലുള്ള സ്ഥാനം എന്ത് എന്ന്.

"കർത്താവു പറയുന്നു; കണ്ടാലും ദിവസങ്ങൾ സമാഗതമാകുന്നു. ദാവീദിന് നീതിമാനായ ഒരു പുത്രനെ ഞാൻ നല്കും. ആ രാജാവ് ബുദ്ധിപൂർവ്വം ഭരിക്കുകയും ചെയ്യും. ഭൂമിയിൽ വിധിയും നീതിയും അദ്ദേഹം പരിപാലിക്കും. ആ ദിവസങ്ങളിൽ യൂദാ സംരക്ഷിക്കപ്പെടും. ഇസ്രായേൽ വിശ്വാസപൂർവ്വം വസിക്കും. നീതിമാനായ കർത്താവ് എന്നായിരിക്കും അവർ അദ്ദേഹത്തെ സംബോധനചെയ്യുന്നത്." (ജറമിയാസ് 23: 5-6) സർവ്വലോക സംരക്ഷകനായ ക്രിസ്തുവിന്റെ ആഗമനത്തെ അനുസ്യൂതം വിളംബരം ചെയ്യുന്ന ഈ പ്രവചനം നിരർത്ഥകമാകുമോ? ഒരിക്കലും ഇല്ല. തിരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേൽക്കാരെ ഭരിച്ചിരുന്ന, ദാവീദ്, സോളമൻ തുടങ്ങിയ മഹാരാജാക്കന്മാരുടെ പ്രതാപസൂര്യൻ ഇങ്ങിനി ഉദയം ചെയ്യാത്തവണ്ണം അസ്തമിച്ചു. ഇസ്രായേലിന് രാജകീയ ചെങ്കോൽ നഷ്ടപ്പെട്ടു. വിദേശിയരുടെ ക്രൂരമർദ്ദനങ്ങൾക്ക് വിധേയരായ ഈ ജനതതി, തങ്ങളുടെ അടിമച്ചങ്ങല പൊട്ടിച്ചെറിയുവാൻ ഒരു രാജരാജേശ്വരന്റെ ആഗമനം പ്രതീക്ഷിച്ചു. കാരണം സ്വന്ത പുത്രനെ അയച്ച്, തന്റെ ജനതതിയെ രക്ഷിക്കുമെന്ന് ദൈവം വാഗ്ദാനം ചെയ്തിട്ടുണ്ടല്ലോ.

ഇതാ! അതും നിറവേറി. ദാവീദിന്റെ ഗോത്രത്തിൽ ദൈവപുത്രൻ മനുഷ്യനായി പിറന്നു. നാലായിരം വർഷങ്ങളുടെ പ്രതീക്ഷ! നിരന്തരമായ നെടുവീർപ്പുകളുടേയും പ്രാർത്ഥനകളുടേയും ഫലം. "യൂദന്മാർക്ക് ജനിച്ച "രാജാവ്"" എവിടെ? ഞങ്ങൾ കിഴക്ക് അവന്റെ നക്ഷത്രം കണ്ടതിനാൽ അവനെ ആരാധിക്കുവാൻ വന്നിരിക്കുന്നു" എന്നു പറഞ്ഞുകൊണ്ട് കിഴക്കുനിന്നും രാജാക്കന്മാർ ഓർശ്ലേത്തേക്ക വന്നു. പക്ഷെ യൂദന്മാർ തങ്ങളുടെ രാജാവിനെ തിരിച്ചറിഞ്ഞില്ല. വിജാതീയരെ അടിച്ചമർത്തി, ദിഗന്തങ്ങൾ അടക്കി ഭരിക്കുന്ന പ്രതാപവാനായ ഒരു രാജാവിനെയായിരുന്നു അവർ പ്രതീക്ഷിച്ചത്. പുൽത്തൊട്ടിയിൽ ദരിദ്രനായി പിറന്ന്, ഹൃദയശാന്തതയും എളിമയുമുള്ളവർക്ക് ഭാഗ്യം എന്ന് പ്രസംഗിച്ച ക്രിസ്തുവിന്റെ രാജോചിത ചൈതന്യം ദർശിക്കുന്നതിൽ ഇസ്രായേൽജനം പരാജയമടഞ്ഞു. വരപ്രസാദത്താൽ മനോഹരനും, ദാവീദിനെക്കാൾ സുഭഗനും, ശ്ലേമോനെക്കാൾ ബുദ്ധിമാനും ഏററവും കീർത്തിമാന്മാരായ രാജകീയ പിതാമഹന്മാരെക്കാൾ പ്രതാപവാനും ആയിരുന്ന ക്രിസ്തു മാനുഷികനേത്രങ്ങളുടെ വീക്ഷണം എത്രയോ ദുർബലം!

രാജകീയ ഗോത്രത്തിൽ ജനിച്ചുവെന്നു വരുകിലും ക്രിസ്തുവിന്റെ രാജ്യം തികച്ചും ആദ്ധ്യാത്മികമായിരുന്നു. പീലാത്തോസിന്റെ

ഭവനത്തിൽവച്ച്, യഹൂദപ്രമാണികൾ ക്രിസ്തുവിനെതിരായി കുററം ആരോപിച്ചു; "ഇവൻ മിശിഹാ രാജാവാകുന്നുവെന്ന് സ്വയം പറയുന്നു" (ലൂക്കാ: 23. 2) സീസറിനെതിരായുള്ള രാജദ്രോഹക്കുററമായിരുന്നു അതു്. ഇതു കേട്ടപ്പോൾ പീലാത്തോസ്സ് ഒന്നമ്പരന്നു പോകാതിരുന്നില്ല. തന്റെ മുൻപിൽ നില്ക്കുന്ന ഈ കുററവാളി ഒരു രാജാവാണോ? അയാൾ ക്രിസ്തുവിനെ വിളിച്ച് അകത്തേക്ക് കൊണ്ടുപോയി രഹസ്യമായി ചോദിക്കുന്നു "നീ യൂദന്മാരുടെ 'രാജാവ്'" ആകുന്നുവോ?" നേരെയുള്ള ഒരു ഉത്തരമാണ് പീലാത്തോസ് പ്രതീക്ഷിച്ചതു്. പക്ഷേ ക്രിസ്തു തന്റെ ഉത്തരംകൊണ്ടു് വ്യക്തമാക്കി, ഭൗതികരാജത്വവും, ആദ്ധ്യാത്മികരാജത്വവും തമ്മിൽ ഒരു വ്യവച്ഛേദനം (d stinction) ആവശ്യമാണെന്ന്. ഭൗതികരാജാവിനെയാണ് പീലാത്തോസ് ഉദ്ദേശിച്ചതെങ്കിൽ ക്രിസ്തു അതു് നിഷേധിച്ചു. ആദ്ധ്യാത്മികരാജാവിനെയാണെങ്കിൽ ക്രിസ്തു അതു് സമ്മതിച്ചു. തന്റെ രാജ്യം സൈന്യബലത്താൽ പിടിച്ചെടുക്കപ്പെടുന്ന, ഭൗതികരാജ്യത്തിന് തുല്യമല്ലെന്നും, മറിച്ച്, സത്യത്തിലും നീതിയിലും സ്ഥാപിതമായ ആദ്ധ്യാത്മിക രാജ്യമാണെന്നും ക്രിസ്തു വെളിപ്പെടുത്തി. യൂദന്മാരുടെ തെററിദ്ധാരണ ദൂരീകരിച്ചുകൊണ്ടു് പ്രവചനങ്ങളുടെ അത്ഥം വിശദമാക്കിക്കൊണ്ടു്, ക്രിസ്തു പ്രഖ്യാപിച്ചു, താൻ മനുഷ്യഹൃദയങ്ങളിലാണ് രാജാവായി ഭരണം നടത്തുന്നതു് എന്ന്. മനുഷ്യവഗ്ഗം സ്നേഹരാജനായ ക്രിസ്തുവിന് അർപ്പിക്കേണ്ട തിരുമുൽക്കാഴ്ച ഹൃദയമാണ്, പണമോ സമ്പത്തോ അല്ല. അവിടുന്ന് അരുളിചെയ്തു "എന്റെ രാജ്യം ഈ ലോകത്തിൽനിന്നും അല്ല. എന്റെ രാജ്യം ഈ ലോകത്തിൽനിന്നുള്ളതായിരുന്നെങ്കിൽ, താൻ യൂദന്മാക്ക് ഏല്പിക്കപ്പെടാതിരിക്കാൻ എന്റെ ശുശ്രൂഷകർ പോരാടുമായിരുന്നു. എന്നാൽ എന്റെ രാജ്യം ഇ വി ടെ നിന്നും അല്ല. (യോഹ: 19; 36) തന്റെ ജനനം, അജ്ഞാനത്തിന്റേതായ രഹസ്യജീവിതം, ജനങ്ങളാൽ വെറുക്കപ്പെട്ടവനായി, നീചമായ കുരിശുമരണം- ഇവയെല്ലാം ഒരേ ഒരു കാര്യം ലോകത്തെ വിളിച്ചറിയിച്ചു. ക്രിസ്തുവിന്റെ രാജ്യം ഭൗതികമല്ലെന്ന്.

ക്രിസ്തുവിന്റെ ആദ്ധ്യാത്മികരാജ്യം ഈ ലോകത്തിന്റേതല്ലെങ്കിലും, അതു് ഈ ലോകത്തിൽവച്ച് ആരംഭിക്കുന്നു. മാമ്മോദീസായാകുന്ന കവാടം കടക്കുന്ന ഏവനും ക്രിസ്തുവിന്റെ രാജ്യത്തിലേക്ക് പ്രവേശിക്കുന്നു. "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു ഒരു മനുഷ്യൻ ജലത്താലും, പരിശുദ്ധാത്മാവിനാലും ജനിക്കുന്നില്ലായെങ്കിൽ ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ അവന് സാധിക്കുകയില്ല". ക്രിസ്തുവിന്റെ മനുഷ്യജീവിതത്തിലെ ഏററവും വലിയ വിജയം പാപക്കുഴിയിൽ ആണ്ടിരുന്ന മനുഷ്യവഗ്ഗത്തെ ഉദ്ധരിക്കുകയും അവരെ സ്വഗ്ഗരാജ്യത്തിന് അവകാശികളാക്കുകയും ചെയ്യുകയെന്നതായിരുന്നുവല്ലോ. ഇതു് ഒരു വിജയമാണ്, ഒരു ധീരപ്രവൃത്തിയാണ്, കാരണം ക്രിസ്തുവിന്റെ രാജ്യം ഈ മണ്ണിൽ രൂഢമൂലമാണെങ്കിലും; അതു് ഈ ലോകത്തിന്റേതല്ല. അന്ധകാരശക്തികളോടു് അതു് നിരന്തരം പോരാടുമെങ്കിലും അവസാനം അതിന് വിജയം സുനിശ്ചയമാണ്. പരിപൂണ്ണമായതും സമഗ്രമായതുമായ ഒരു രാജ്യമല്ല ക്രിസ്തു ഈ ലോകത്തിൽ സ്ഥാപിച്ചതു്. നൂററാണ്ടുകളിലൂടെ, ശത്രുക്കൾക്ക് എതിരായി യുദ്ധം ചെയ്തു് മനുഷ്യഹൃദയങ്ങളിൽ അതു് വളരണം. ക്രിസ്തുവിന്റെ രാജ്യം അതിന്റെ പരിപൂർണ്ണതയിൽ സ്വർഗ്ഗലോകത്തിൽ നാം ദർശിക്കും. ആ രാജ്യത്തിൽ മാടമ്പിസ്ഥാനം കരസ്ഥമാക്കണമെങ്കിൽ ഈ ലോകത്തിൽ നാം ക്രിസ്തുവിന്റെ യഥാത്ഥ പിൻഗാമികളായിരിക്കണം. ക്രിസ്തുനാഥന്റെ രാജ്യത്തെക്കുറിച്ച് പ്രസംഗിക്കുന്നവർ ലോകത്തിന്റെ അവഹേളനത്തിന് പാത്രീഭവിച്ചേക്കാം. എന്നാൽ ഭൗതികദുരിതങ്ങൾ ഒന്നും ഭാവിജീവിതത്തിലെ മഹിമയോടു് തുലനം ചെയ്യാവുന്നതല്ല. "Quas primas" എന്ന ചാക്രിക ലേഖനത്തിൽ പറയുന്നു "പരിഹാരപ്രവൃത്തികളിൽക്കൂടി നാം പ്രവേശിക്കേണ്ട ഒരു 'രാജ്യത്തെ'യാണ് വി. സുവിശേഷം നമുക്ക് കാണിച്ചുതരുന്നു. ക്രി

സ്തുവിൻെറ രാജ്യം. വിശ്വാസവും മാമോദീസായും കൂടാതെ അതിൽ പ്രവേശിക്കുക അസാദ്ധ്യം തന്നെ. സാത്താനും അന്ധകാരശക്തികൾക്കും എതിരായുള്ള ഈ രാജ്യം, ലൗകിക വസ്തുക്കളിൽനിന്ന് വിരക്തി ആവശ്യപ്പെടുന്നു. ഈ രാജ്യത്തിലെ ജനങ്ങൾ സമാധാനകാംക്ഷികളും അതിലും ഉപരി തന്നത്താൻ പരിത്യജിച്ച് കുരിശു വഹിക്കുവാൻ സന്നദ്ധരും ആയിരിക്കണം" ഈ ലോകത്തിൽ ജീവിക്കുന്ന ഏതൊരുവൻെറയും ജീവിതവിജയം, ഈ രാജ്യത്തിലെ ഒരംഗമാകുകയെന്നതാണ്.

"ഞാൻ സത്യമായി നിങ്ങളോടു പറയുന്നു, നിങ്ങൾ വീണ്ടും പൈതങ്ങളെപ്പോലെയാകുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല..................തന്നത്താൻ താഴ്ത്തുന്നവൻ സ്വർഗ്ഗരാജ്യത്തിൽ വലിയവനായിരിക്കും." ഇതാണ് ക്രിസ്തുവിൻെറ രാജ്യത്തിലെ ശ്രേഷ്ഠത. അവിടെ സ്വയം താഴ്ത്തുന്നവൻ ഉയർത്തപ്പെടുന്നു. തന്നത്താൻ ഉയർത്തുന്നവൻ താഴ്ത്തപ്പെടുന്നു. ക്രിസ്തുതന്നെ അരുളിചെയ്യുന്നു "ഞാൻ ലോകത്തിലേക്കുവന്നതു് സേവിക്കുവാനാണ്, സേവിക്കപ്പെടുവാനല്ല" അവിടെ ബഹുമാനവും കീർത്തിയും സ്വ: ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിയ ക്രിസ്തുവിനെ അനുഗമിക്കുന്നവർക്കായി നീക്കിവയ്ക്കപ്പെട്ടിരിക്കുകയാണ്.

ക്രിസ്തു സർവ്വലോകരാജാവാണ് (Univerisal-King.) സർവ്വസൃഷ്ടിജാലങ്ങളും, നഭോമണ്ഡലവും, അവിടെയുള്ള സകല ഗോളസമൂഹങ്ങളും ഈ രാജാവിൻെറ ആജ്ഞക്ക് വിധേയമാണ് പ്രപഞ്ചവും അതിലുള്ള സകല വസ്തുക്കളും ക്രിസ്തുവിൻെറ രാജത്വം പ്രഖ്യാപിച്ചുകൊണ്ടു്, തൻെറ കല്പനകൾ അനുസരിച്ചുകൊണ്ടു് ലോകാരംഭം മുതൽ ലോകാവസാനം വരെ നിലനില്ക്കും. എന്നാൽ മനുഷ്യരിൽ ഒരു ഗണം ദൈവത്തിൻെറ രാജത്വം അംഗീകരിക്കുവാൻ, ക്രിസ്തുവിൻെറ രാജ്യത്തിലെ അംഗങ്ങളാകുവാൻ തയ്യാറാകുന്നില്ല. ലോകസൃഷ്ടിക്കു മുൻപ് ലൂസിഫറും കൂട്ടരും പ്രഖ്യാപിച്ചു "Non serviam"- മനുഷ്യനായി അവതരിക്കുന്ന പുത്രൻതമ്പുരാനെ സേവിക്കുവാൻ സാദ്ധ്യമല്ല എന്ന്. അതേ വിപ്ലവമനോഭാവം, സൃഷ്ടി, സ്രഷ്ടാവിനോടുള്ള മറുതലിക്കൽ, വീണ്ടും പീലാത്തോസിൻെറ ന്യായാസനത്തിങ്കൽ യൂദന്മാരാൽ ആവർത്തിക്കപ്പെട്ടു. ഇതാ! ഇന്ന്-നമ്മുടെ നൂററാണ്ടിൽ, കമ്മ്യൂണിസ്റ്റ് വ്യാഘ്രം ക്രിസ്തുവിനെതിരായി അലറുകയാണ് "കമ്മ്യൂണിസ്റ്റ് കൂട്ടമെയന്ന ദേവനല്ലാതെ വേറെ രാജാവു് ഞങ്ങൾക്ക് ഇല്ല എന്ന്" ക്രിസ്തുവിനെതിരായി യുദ്ധം ചെയ്യുവാൻ അന്ധകാരശക്തികൾ ഇതാ! തയ്യാറെടുക്കുന്നു. ക്രിസ്തുവിൻെറ രാജാധികാരത്തെയും അവിടുത്തെ അസ്തിത്വത്തെപ്പോലും അപ്പാടെ നിഷേധിച്ചുകൊണ്ടു്, കമ്മ്യൂണിസം നാൾക്കുനാൾ വളർന്നുവരികയാണ്. ക്രിസ്തുവിൻെറ കൊടിക്കീഴിൽ ജനലക്ഷങ്ങൾ അണിനിരക്കണം. ക്രിസ്തുവാണ് നമ്മുടെ നേതാവു്. അഖിലാണ്ഡത്തെ ഉള്ളംകയ്യിൽ വഹിക്കുന്ന രാജാധിരാജനാണ് നമ്മെ നയിക്കുന്നതു്. അന്ധകാരശക്തികൾക്ക് എതിരായി, ക്രിസ്തുരാജൻ പ്രഖ്യാപിച്ച യുദ്ധത്തിൽ നമുക്കോരോരുത്തർക്കും ഒരോ വീരസേനാനിയാകാം; ജീവൻ കൊടുത്തും, ക്രിസ്തുവിനു വേണ്ടിയും, ക്രിസ്തുവിനോടുകൂടെയും നമുക്ക് പോരാടാം. ആററംബോംബോ, ഹൈഡ്രജൻബോംബോ അല്ല നമ്മുടെ ആയുധങ്ങൾ. കാരണം നമ്മുടെ രാജാവും രാജ്യവും തികച്ചും ആദ്ധ്യാത്മികമാണ്. സത്യമാകുന്ന കവചം ധരിച്ചുകൊണ്ടു്, സ്നേഹമാകുന്ന അമ്പുമേന്തി, മനുഷ്യഹൃദയങ്ങളെ ക്രിസ്തുരാജനുവേണ്ടി നമുക്കു പിടിച്ചടക്കാം. വിജയം സുനിശ്ചയമാണ്.


**ക്രൈസ്തവകാഹളം**
**പരസ്യനിരക്ക്**

| | | |
|---|---|---|
| 1 പേജിന് | രൂപാ | 40 |
| ½ " | " | 20 |
| ¼ " | " | 10 |
| ഉപകാരസ്മരണാർത്ഥം പാടം പ്രസിദ്ധപ്പെടുത്തുന്നതിന് | " | 5 |

മാനേജർ.

# സെയിൻറ് ക്രിസ്റ്റോഫർ

(മിസ്സസ് അന്നാമ്മ മാമ്മൻ, ചെങ്ങന്നൂർ)

ക്രിസ്റ്റോഫർ എന്ന ദിവ്യനാമം ഒരു മനുഷ്യന്നു നൽകിയതു് ക്രിസ്തു തന്നെ ആയിരുന്നത്രേ. പാശ്ചാത്യരാജ്യങ്ങളിൽ പുരാതനകാലത്തു മുതൽ പ്രചരിച്ചിരുന്ന ഒരു ഐതിഹ്യമാണിതു്. ബ്രൌണിംഗ് മുതലായ വിശ്രുതകവികൾ ആ മഹൽ ചരിതം പ്രകീർത്തിച്ചിട്ടുമുണ്ടു്.

സെവറസ്സ് കൈസർ റോമ്മാ ചക്രവത്തിയായി വിജയിക്കുന്ന കാലം. അമ്മേനിയായിലെ ഒരു കുഗ്രാമത്തിൽ ക്രാററിലസ്സ് എന്ന അനാഥബാലൻ ഉണ്ടായി. കേവലം ദരിദ്രയായ ഒരു വൃദ്ധയുടെ സഹതാപസൗമനസ്യം കൊണ്ടു അവൻ വളന്നു. അനുദിനം ശക്തിപ്പെട്ടു. കൗമാരത്തിൽ തന്നെ അസാമാന്യ ശൗര്യവീരപരാക്രമങ്ങൾ കാണിച്ചുവന്നു. ചെറുപ്പത്തിലെ തെമ്മാടിപ്പിള്ളേരുടെ നേതാവായി. ഒരു വൃദ്ധപണ്ഡിതൻ സൗജന്യമായി വിദ്യാഭ്യാസം ചെയ്യിച്ചു. പുരാതന ഗ്രീക്കുരജതാക്കളുടെ കഥകൾ അവനെ അത്യന്തം ആകർഷിച്ചു. അവരെ അനുകരിച്ചു് ഒരു മഹാപരാക്രമിയാകണമെന്നു് ആവേശം പൂണ്ടു.

തദനന്തരം കുറേക്കാലം ഒരു ഇരുമ്പു പണിക്കാരൻെറ സിൽബന്ധിയായി ജോലി ചെയ്തു. പാഞ്ഞടുത്ത ഒരു കാളയെ അയാൾ നിഷ്പ്രയാസം മറിച്ചിട്ടു കൊല്ലുകയും അതിനെക്കണ്ടു ഭയന്നോടിയ പണിക്കാരൻെറ സേവനം പരിത്യജിക്കുകയും ചെയ്തു

അചിരേണ ഒരു റോമൻ ശതാധിപൻെറ ക്ഷണം സ്വീകരിച്ചു് സൈന്യത്തിൽ ചേർന്നു. സൈനികരുമായി പ്രയാണം ചെയ്തു് അനേക രാജ്യങ്ങളിൽ സഞ്ചരിക്കുകയും യുദ്ധങ്ങൾ നടത്തുകയും ചെയ്തു. ഇക്കാലമെങ്ങും ആ യുവധീരന് ആരാധ്യനായ ഒരു നേതാവിനെ കാണാൻ സാധിച്ചില്ല. അയാളുടെ ദൃഷ്ടിയിൽ റോമൻ പ്രഭുക്കന്മാർ മാത്രമല്ല കൈസർ പോലും ദുർബ്ബലനും ഭീരുവുമായി കാണപ്പെട്ടു.

അയാൾ തിരിയെ കിഴക്കോട്ടു യാത്ര ചെയ്തു. തികച്ചും വീരസാഹസിക പര്യടനം. ജന്മദേശത്തു എത്തി. അവിടത്തെ അന്തരീക്ഷം ശ്വാസം മുട്ടിക്കുന്നതായി തോന്നി. വീണ്ടും പൂർവ്വദിക്മുഖമായി യാത്രചെയ്തു. മേദിയാ, പാർസ്യാ, ബാബിലോണിയാ മുതലായവ കടന്നു് ഇന്ത്യാ വരെ എത്തണമെന്നു ആഗ്രഹിച്ചു. മാർഗ്ഗമദ്ധ്യേ ഒരു അപരിചിത കാട്ടുരാജ്യത്തെത്തി. ആ ഗിരിമന്നൻ നമ്മുടെ മനുഷ്യമഹിദ്ധ്രത്തെ സേനാനായകനാക്കി. അദ്ദേഹത്തിനുവേണ്ടി അനേകം യുദ്ധങ്ങൾ നയിക്കുകയും ദൗത്യങ്ങൾ നടത്തുകയും ചെയ്തു ഒരു നിർഭാഗ്യസംഭവം അവിടെയും വിഘാതമായി. രാജസമക്ഷം ഹിംസിക്കപ്പെട്ട ഒരു മന്ത്രവാദി വൃദ്ധ പിശാചിൻെറ നാമത്തിൽ ശപിക്കുന്നതു കേട്ടു് രാജാവു ഞെട്ടി വിറയ്ക്കുന്നതായി കണ്ടു.

ക്രാററലസ്സ് തൻെറ സേനാനായകപദവി പരിത്യജിച്ചില്ലെങ്കിലും രാജാവിനു പകരം പിശാചിനെ ആരാധിച്ചു തുടങ്ങി. അപ്പോൾ മുതൽ അയാളുടെ ജീവിതം പൈശാചികമായി. രാജ്യം രക്തവും കണ്ണുനീരുംകൊണ്ടു പങ്കിലമായി. ശാരീരികദണ്ഡനങ്ങൾകൊണ്ടു തൃപ്തിപ്പെടാതെ അനേക നിർദ്ദോഷികളുടെ ജീവിതവിശുദ്ധിതന്നെ അയാൾ മലീമസമാക്കി. അനേകായിരങ്ങളുടെ പ്രാർത്ഥനകൾ അത്യുന്നതങ്ങളിലേക്കു് ഉയന്നു.

ഗിരിപ്രവരൻെറ ആസ്ഥാനത്തിൽ നിന്നു ബഹുദൂരെയല്ലാതെ മലയിടുക്കിൽക്കൂടെ ഒരു കാട്ടാറു പ്രവഹിച്ചിരുന്നു അതിൻെറ ഒരു കരയിൽ ഒരു വൃദ്ധതാപസൻ നിവസിച്ചിരുന്നു. രാത്രികാലങ്ങളിൽ ആ ആറു് ഇറങ്ങിക്കയറുന്നതിനു വരുന്ന സാധുക്കളെ വെളിച്ചം കാട്ടി അദ്ദേഹം സഹായിച്ചു വന്നതായി അറിഞ്ഞു. ആ പുണ്യപ്രവൃത്തി തടയുന്നതിനും ആശ്രമം നശിപ്പിക്കുന്നതിനും അയാൾ ഉദ്യുക്തനായി. ആററിലിറങ്ങിക്കയറുന്നതിനു ഒരുമ്പെട്ടു. തൻെറ സേവകൻ ആശ്രമസങ്കേതത്തിൽ ചെന്നുചേന്നാലുണ്ടാകാവുന്ന ഭവിഷ്യത്തു പിശാചിനു ബോദ്ധ്യമുണ്ടായതിനാൽ പിന്നോക്കം പിടിച്ചു. പിശാചും മനുഷ്യനുമായി ഒരു ഭയങ്കര പോരാട്ടം. മ

നുഷ്യന്റെ അന്തശക്തി നിശ്ശേഷം നശിക്കുന്നതിനു മുൻപ് വൃദ്ധതാപസൻ ഒരു വലിയ മരക്കുരിശുമായി ആശ്രമകവാടത്തിൽ പ്രത്യക്ഷപ്പെട്ടു. ആ അടയാളത്താൽ പിശാചിനെ ഓടിച്ച് മനുഷ്യനെ വീണ്ടെടുത്തു. പിശാചിന്റെ ബന്ധനത്തിൽ നിന്നു താൻ രക്ഷപ്പെട്ടതായി അയാൾക്കു ബോദ്ധ്യപ്പെട്ടു. അനുതപിച്ചു പാപജീവിതം പരിത്യജിച്ചു. അപ്പോൾ മുതൽ ആശ്രമത്തിൽ താമസമാക്കി ഒരു പുതിയ ജോലിയും കിട്ടി. മനുഷ്യദ്രോഹമല്ല, സേവനം. ആ ആറു കടക്കുന്നതിനു വരുന്ന സാധുക്കളെ എടുത്ത് അക്കരെയിക്കരെ കടത്തുക.

മനുഷ്യഭഞ്ജകൻ എന്നു ഭീകരനായിരുന്ന അതികായനിതാ എളിമയുടെ പരുക്കൻ കുപ്പായവും ധരിച്ച് ഏതു യാചകനെയും ചുമക്കുന്നു രാപ്പകൽ ഭേദമെന്യേ കൊടും വെയിലെന്നോ, കോടക്കാറെറന്നോ, കോച്ചുന്ന തണുപ്പെന്നോ പറയാതെ. കുണ്ടും കുഴിയും നിറഞ്ഞ കാട്ടാറ് തണ്ടും തടിയും കുത്തിയൊലിക്കുന്ന വർഷകാലത്ത് അർദ്ധരാത്രിയിൽ പോലും. ചില സമയം നിഷ്കൃഷ്ടരുടെ നിന്ദാപമാനങ്ങളും സഹിച്ചുകൊണ്ട് ആ കുരിശിന്റെ സേവകൻ മുന്നേറി. സേവനം തുടർന്നു.

വർഷങ്ങൾ അനേകം കഴിഞ്ഞു. വാർദ്ധക്യം, പോഷണരാഹിത്യം, തപചര്യകൾ, പ്രകൃതിശക്തികളുടെ പ്രാതികൂല്യം, സർവ്വോപരി അത്യദ്ധ്വാനം: സാധു ക്രാററലസു വിവശനായി.

കാററും പിശറും കൊണ്ടുപിടിച്ച ഒരു വർഷകാലരാത്രിയിൽ ഇതാ അക്കരെനിന്നു ഒരു ഹൃദയാകർഷക ആഹ്വാനം. തളർന്നുറങ്ങിക്കിടന്ന സേവകനെ താപസൻ വിളിച്ചുണർത്തി വിട്ടു. അയാൾ വടിയും ഊന്നിപ്പിടിച്ച് ഒരുവിധം എതിർക്കരെ എത്തി. അവിടെക്കണ്ടതോ? ഒരു ഓമൽക്കുമാരനെ! ക്രാററലസ് ഉണ്ണിയെ സാമോദം സ്വാഗതം ചെയ്തു തോളിലേററി ഇക്കരെയ്ക്കു തിരിച്ചു. നദിയിലിറങ്ങി തപ്പിയും തടഞ്ഞും നടന്നു. കല്ലിൽ തട്ടി ഉരുണ്ടടിച്ചു വീണു. വളരെ ക്ലേശിച്ചു എഴുന്നേററപ്പോഴോ? അത്യത്ഭുതം! ആ പിഞ്ചു ബാലനു പ്രതിനിമിഷം ഭാരം വർദ്ധിക്കുന്നു. വൻകോട്ടകൾ ഇടിച്ചുപൊളിച്ചും വൻമരങ്ങൾ കടപുഴക്കിയെറിഞ്ഞും പുളച്ചഹങ്കരിച്ചിരുന്ന ആ അതികായനു് ഒരു ചുവടുപോലും മുൻപോട്ടു വെയ്ക്കാൻ വഹിയാ. ചുമലിലെ ഭാരം പർവ്വതസമാനമായി പെരുകുന്നു. അയാളുടെ പഴയ അഹങ്കാരസ്മരണകളെല്ലാം നശിച്ചു ചിന്താശക്തി ഉണർന്നു.

“കർത്താവേ! മഹാപാപിയായ എന്നോടു കരുണയുണ്ടാകണമേ” എന്നു നിലവിളിച്ചുകൊണ്ട് അയാൾ വീണ്ടും നിലംപതിച്ചു.

ബാലൻ ചാടിയിറങ്ങി അയാളുടെ കൈയ്ക്കു പിടിച്ചു. വിനാവിളംബം അയാൾ കരയ്ക്കു എത്തിയിരിക്കുന്നു. ആ ദിവ്യബാലൻ സുസ്മേരവദനനായി സമീപം നിൽക്കുന്നു. അയാൾക്ക് ആ ഉണ്ണി ഈശോയാണെന്നു മനസ്സിലായി. അയാൾ വീണു അവിടുത്തെ ആരാധിച്ചു.

“ഞാൻ ഈശോ ആകുന്നു. നീ എന്നെ വഹിച്ചതിനാൽ സർവ്വലോകത്തെയും കൂടെ വഹിച്ചിരിക്കുന്നു. ഞാൻ നിന്റെയും സർവ്വമനുഷ്യരുടെയും കൂടെ പാപമാണു കുരിശിൽ വഹിച്ചതു്. അതിന്റെ കേവലം നിഴൽ മാത്രമാണു നിനക്കു ഞാൻ അനുഭവപ്പെടുത്തിയതു്” എന്നു അരുളിച്ചെയ്തു. “കർത്താവേ! വളരെ മുൻപേ ഞാൻ നശിച്ചുപോകാതെയിരുന്നതു എങ്ങനെ” എന്നു അയാൾ കരഞ്ഞുകൊണ്ടു ആരാഞ്ഞു.

“നീ ഹിംസിച്ചിട്ടുള്ള അനേകായിരങ്ങളുടെ പ്രാർത്ഥനയാണു നിന്നെ രക്ഷിച്ചതു്” എന്നു അവിടുന്നു പ്രതിവചിച്ചു.

“നാഥാ, എന്നെ അവിടുത്തെ ഭൃത്യനാക്കണമേ” എന്നയാൾ മുട്ടിൽനിന്നു കേണപേക്ഷിച്ചു.

“ഉവ്വ്. നീ എന്റെ ഭൃത്യനായിരിക്കും. നീ ക്രിസ്തുവിനെ വഹിച്ചതിനാൽ നിന്റെ പുതിയ പേരു് ‘ക്രിസ്റ്റോഫർ’ എന്നായിരിക്കും” എന്നും അവിടുന്നു കല്പിച്ചു.

പിറേറദിവസം പ്രഭാതത്തിൽ ആ വൃദ്ധതാപസൻ അന്വേഷിച്ചു വന്നപ്പോഴും ക്രിസ്റ്റോഫർ മുഴങ്കാലിൽ മുകുളപാണിയായി ആനതശീർഷനായി നിൽക്കുകയായിരുന്നു. ഒരു അഭൌമികതേജസ് ആ ധന്യനെ പരിവേഷം ചെയ്തുമിരുന്നു

# ധ്യാനചിന്തകൾ

## III

### (വി. സി. ഗീവറുഗീസ് കൊറെപ്പിസ്കോപ്പാ)

### ശക്തിപരിശീലനം

ധ്യാനം വിജയമാകുന്നതിന് ആന്തരീയമായി ശക്തി പരിശീലിക്കണം. ഒരു പുതിയ സംരംഭത്തിലേക്ക് കാൽ എടുത്തു വയ്ക്കുകയാണ് ധ്യാനം. നമ്മിൽ ഉറങ്ങിക്കിടക്കുന്ന ശക്തികളെ ഉണർത്തി നമ്മെ ഇപ്പോഴത്തെക്കാൾ കൂടുതൽ ശ്രേഷ്ഠരും മഹാത്മാക്കളുമാക്കിത്തീർക്കുവാൻ ഈ പരിശീലനം മൂലം സാധിക്കും. അതുമൂലം നാം ഒരു കാന്തശക്തിയായിത്തീരുന്നതാകുന്നു. ധ്യാനം ഒരു കലയത്രെ. ശാസ്ത്രവും കലയും തമ്മിലുള്ള വ്യത്യാസം പറയാം. ശാസ്ത്രം എന്നതു് ഏതെങ്കിലും ഒരു പ്രകൃതിമർമ്മത്തെപ്പററി കൂലങ്കഷമായി പഠിച്ചു് പരിജ്ഞാനം വർദ്ധിപ്പിക്കുന്നതാകുന്നു. കല എന്നതു് ശാസ്ത്രീയ തത്വങ്ങളെ പ്രായോഗിക പരിശീലനത്തിൽ വരുത്തുന്നതത്രെ. വിജയം വരുന്നതു്. തത്വങ്ങൾ പഠിക്കുന്നതുകൊണ്ടു മാത്രമല്ല, അവയെ പ്രയോഗത്തിലാക്കുവാൻ തക്കവണ്ണം ധ്യാനിച്ചു് വശപ്പെടുത്തുന്നതുകൊണ്ടാകുന്നു.

ഒരു മനോഹരമായ കെട്ടിടം നോക്കുക. നിപുണനായ ഒരു എൻജിനിയറിൻെറ ബുദ്ധിയിലാണു് അതു് ആദ്യം രൂപമെടുത്തതു്. ഹൃദയാവർജ്ജകമായ സംഗീതം ഒരു സംഗീതജ്ഞൻെറ ഹൃദയത്തിലാണു് മുളയെടുത്തതു്. നിങ്ങളുടെ ബുദ്ധിയും ഹൃദയവും ധ്യാനം മൂലം ശ്രേഷ്ഠമാക്കാമെങ്കിൽ മഹത്തായ ഫലങ്ങൾ ജീവിതത്തിൽ ഉളവാക്കാം.

മഹത്തായ ചിത്തവും ഹൃദയവും വില തീരാത്ത നിധിയാണു്. അതു് ഒരു രത്നതാഴ്‌വരയാണു്. അതിൽനിന്നും ഉത്ഭവിക്കുന്ന നന്മകൾ എത്രയെന്നു് നിർണ്ണയിക്കുവാൻ സാദ്ധ്യമല്ല. പുരുഷന്മാർക്കു് അതു് ഒരു പൗരുഷശക്തിയായി അനുഭവപ്പെടും. സ്ത്രീകൾക്കു് അതു് ഒരു ആകർഷണശക്തിയായിത്തീരും. സകല തുറയിലും വിജയഗോപുരത്തിൻെറ വാതിൽ തുറന്നുതരുന്ന താക്കോൽ അതാകുന്നു. നിങ്ങൾക്കു് ആ താക്കോൽ വേണമോ? ശരിയായ ധ്യാനം പരിശീലിക്കണം.

മന്ദത തോൽവിക്കുള്ള ഒന്നാമത്തെ കാരണമാകുന്നു. അലസന്മാർ ഒന്നും തന്നെ സാധിക്കുവാൻ പോകുന്നില്ല. ഉത്സാഹം തന്നെയാണു് വിജയത്തിലേക്കുള്ള രാജപാത. നിങ്ങളുടെ സ്വഭാവികാരം ചൂടുള്ളതായിത്തീരട്ടെ. വികാരത്തിൻെറ തള്ളലാകുന്നു പുരോഗമനത്തിനുള്ള ശക്തി. നിങ്ങളിൽ ചിലർ ഇതുവരെ ഉറങ്ങിയിരിക്കുകയായിരുന്നു. ഉണരുക! നിങ്ങളുടെ ഉള്ളിൽ ചില വിശേഷ കഴിവുകൾ കിടപ്പുണ്ടു്. അവയെ ഉണർത്തുക. നിങ്ങൾ ഒരു രത്നമായിത്തീരുവാനുള്ള വ്യക്തിയാണു്. അതിനുള്ള കഴിവിനെ പലരും നിദ്രയിൽ വിട്ടിരിക്കുകയാകുന്നു. വികാരത്തെ ഉണർത്തുക. നിദ്രാവസ്ഥയിൽനിന്നുണർത്തുന്ന അലാറം വികാരങ്ങളാണു്. വികാരം ഒരഗ്നിയായി ജ്വലിക്കട്ടെ. അപ്പോൾ കാണാം നിസ്സാരനാണെന്നു് വിചാരിച്ചിരുന്ന നിങ്ങൾ ഒരു മഹാനായി ശോഭിക്കുന്നതു്. ഇവിടെ ഒരു മർമ്മം അടങ്ങിയിരിക്കുന്നു.

ശരിയായി ധ്യാനിക്കുക- സദ്‌വികാരങ്ങൾ ഉണരും. നിങ്ങൾ കൂടുതൽ ശക്തി പ്രാപിച്ചവരായിക്കാണും. ക്രമേണ നിങ്ങളുടെ ശക്തികൾ വർദ്ധിച്ചു പെരുകും. നിരന്തരപരിശ്രമം വേണം. ഇടക്കിട്ടുകളയരുതു്.

ഒരു നല്ല അവസാനത്തിനു് നല്ല ആരംഭം വേണം. സന്തോഷപ്രദവും വിജയകരവുമായ ഒരു ജീവിതം വേണമെന്നല്ലേ നിങ്ങൾ ആഗ്രഹിക്കുന്നതു്? അതിനുള്ള മാർഗ്ഗമാണു് ശരിയായ ധ്യാനം. ഒരു വൃക്ഷം വളരുന്നതു് എത്രയോ നാളുകൾകൊണ്ടാകുന്നു. അതുപോലെ ക്രമമായ പരിശീലനം കൊണ്ടത്രെ ശക്തി വർദ്ധിക്കുന്നതു്. ഒരു ദിവസംകൊണ്ടു വളർച്ച കാണുകയില്ല. വൃക്ഷം വളരുന്നതുപോലെ സാവധാനമായിരിക്കും നിങ്ങൾ വളരുന്നതു്. ധൃതി കൂട്ടരുതു് അക്ഷമരാകരുതു്. നിരാശപ്പെടരുതു്. വിജയം നിശ്ചയമാണു്. സന്യാസികൾക്കു് മാത്രമുള്ളതല്ല ധ്യാനം. ഏവർക്കും അതു പ്രയോജനപ്രദമാകുന്നു. നിങ്ങളുടെ കഴിവുകൾ വർദ്ധിക്കും. ഏതു് ജോലിയിലും സാമർത്ഥ്യം പ്രകടമാകും. (തുടരും)

# കവിത

Balan. V.K.

## "എങ്ങു നീ"

(ഒ. അയ്യനേത്ത്)

എങ്ങു നീ, യെങ്ങു നീ, ദിവ്യസൗന്ദര്യമേ;
മങ്ങലിയലാത്ത നിത്യസൗന്ദര്യമേ;
മംഗലമുഗ്ദ്ധ മധുരിതമായിട്ടും
നിൻമുഖം കാണാനതിയായ് കൊതിപ്പു ഞാൻ.

മാദകമോഹനം നിൻെറ മൃദുഹാസ-
മാധുരി നിത്യം നുകന്നു നുകന്നെൻെറ
മായിക ജീവിതം ധന്യമാക്കീടുവാൻ
മാനസാനന്ദമേ, നോക്കുന്നു നിന്നെ ഞാൻ.

എത്തും ചിലനേരമെന്നരികത്തു നീ
മെത്തും മധുരിമ പെയ്തു പെയ്തങ്ങനെ,
എത്തിപ്പിടക്കുവാനെൻകരം നീട്ടവേ,
സത്വരം മായുന്ന സ്വപ്നംകണക്കെനീ!
എത്രനാളായി ഞാനിവ്വിധം കൈ നീട്ടി-
യെപ്പൊഴുതും മുഴ ബ്ഭ്രാന്തനെപ്പോലവേ.
വേച്ചുനടക്കുന്നിജ്ജീവിത വീഥിയിൽ
വാച്ചൊരസംതൃപ്തിതൻെറനിഴൽപ്പാടിൽ

കാന്തി കലരുന്ന കാല്യകാലത്തിൻെറ
പൂന്തുടുപ്പോലുന്ന പൂർവ്വദിക്കിങ്കലും.
അന്തിരാഗം പറന്നേറിടും വാനത്തിൽ
പൊന്തിടും ചെങ്കനൽ മേഘക്കൊടിയി
കാണുന്ന നിൻമൃദുപ്പൂങ്കഴൽപ്പാടുകൾ [ലും
കാണുവതെന്നിനി നിന്നെ മുഴുവനായ്!
പച്ചവിരിപ്പണിപ്പുഞ്ചത്തടങ്ങൾ നിൻെറ-
പിച്ചനടപ്പിൻെറ നന്മണി മുററങ്ങൾ;
പൂത്ത പുതമലർവാടികളാനന്ദ-
പൂരിതമാകും നിൻ പുഞ്ചിരിച്ചാർത്തുകൾ!
മാമലക്കൂട്ടത്തിൽ നിൻെറ ഗാംഭീര്യവും
മന്ദ്രസമുദ്രത്തിൽ നിൻെറ മഹിമാവും,
മാനത്തഹോ നിന്നമേയതയും, വേദ-
ജ്ഞാനത്തിൽ നിൻ സത്യസുന്ദരഭാവവും,
കാണുന്നു ഞാനെല്ലാം നിൻ കഴൽപ്പാടുകൾ
കാണുവതെന്നിനി നിന്നെ മുഴുവനായ്!

എങ്ങു നീ യെങ്ങു നീ ദിവ്യസൗന്ദര്യമേ
മങ്ങലിയലാത്ത നിത്യസൗന്ദര്യമേ.
മംഗലമുഗ്ദ്ധമധുരിതമായിട്ടും
നിൻമുഖം കാണാനതിയായ് കൊതിപ്പു ഞാൻ.

## സ്വാതന്ത്ര്യദിനം

(ചാരുംമൂട്)

(കേക)

മാതാവേ, സ്വപുത്രനാൽ സശ്ശരീരയായ് സ്വർഗ്ഗം
പൂകിയഭൂസ്വർല്ലോകറാണിയേ, നമസ്കാരം!
സ്വർഗ്ഗാരോഹണത്തിരുനാളും, ഭാരതമാതിൻ
മുക്തിദായകനാളുമൊന്നായി വന്നതോർത്താൽ,

അമ്മ, ഭാരതമാതാവായിതാ വിരാജിക്ക-
ന്നമ്മയ്ക്കു സമാദരം ഭാരതം സമർപ്പിപ്പൂ.
കന്യകാമരിയമേ,-ഭാരതമാതേ!-എന്നു
ധന്യമാംനാമം ഞങ്ങൾ സാദരം വിളിക്കട്ടെ!

ഭാരതീയരാം ഞങ്ങളമ്മയെക്കുറിച്ചുള്ള
കൂറിലെന്നാളും മുന്നിലേറിയേനിന്നിട്ടുള്ളു.
ഞങ്ങളോടമ്മയ്ക്കുള്ള വാത്സല്യാതിരേകത്താ-
ലിങ്ങനിദ്ദിനമൊന്നായ് വന്നതായിരിക്കണം.

മാതാവേ, പരിശുദ്ധ
കന്യകാമരിയമേ,
പ്രാർത്ഥിക്ക! ഞങ്ങൾക്കായി-
ട്ടെന്നെന്നും നമസ്കാരം.




# അഗതിമന്ദിരം

(കുഞ്ഞമ്മ സൈമൺ B. Sc.)

ആ പെരു പട്ടണം ആധുനിക പരിഷ്കാരത്തെ വിളിച്ചറിയിക്കുന്നുണ്ടു്. അതിനു സമീപത്തുകൂടി പട്ടണത്തിന്റെ വിവിധ ഭാഗങ്ങളെ തലോടിക്കൊണ്ടു് ആ പുഴ ഒഴുകുന്നു. അതിന്റെ കരയ്ക്കു് സ്ഥിതിചെയ്യുന്ന വലിയ വീടിനെ ലക്ഷ്യമാക്കി ഒരു യാചകി നീങ്ങുകയാണ്. തോളോടുതോളു ചേർത്തു് തന്റെ അരുമ സന്താനത്തെ അടക്കിപ്പിടിച്ചിരിക്കുന്നു.

തുറന്നുകിടന്ന ഗെയിററിൽകൂടി അവൾ ഉള്ളിലേക്കു പ്രവേശിച്ചു. പട്ടിണിപ്പാറാവിൽ കിടന്ന അവൾ ആരുടേയും അനുവാദത്തിനു വേണ്ടി നിന്നില്ല. "അമ്മാ! വിശപ്പിനു വല്ലതും തരണേ" എന്നുച്ചത്തിൽ വിളിച്ചു. യാതൊരു മറുപടിയും ലഭിച്ചില്ല "അമ്മാ വല്ലതും കഴിച്ചിട്ടു ദിവസം നാലഞ്ചായി". ആ കുഞ്ഞിന്റെ ദീനരോദനം ആ മാളികമുററത്തു പ്രതിധ്വനിച്ചു. ആരുടേയും ഹൃദയത്തെ അലിയിപ്പിക്കുന്ന ഒരു കാഴ്ചയായിരുന്നു. നഗ്നത മറയ്ക്കാൻ തുണിയില്ല, വയറു നിറക്കാൻ ആഹാരമില്ല, തല ചായിക്കുവാൻ ഇടമില്ല, ഈ ദരിദ്രക്കോലങ്ങളേയും സ്രഷ്ടാവിന്റെ കൈകൾ മെനഞ്ഞതല്ലേ.

ഗൃഹനായകനെ കണ്ടപ്പോൾതന്നെ അവൾ ഭയന്നുപോയി. "പോ, അവിടെനിന്നു്. തിന്നു മദിച്ചു നടക്കുന്ന പേക്കോലങ്ങൾ. യാചകകേന്ദ്രത്തിൽ സ്ഥലം ഇല്ലാഞ്ഞാണോ തെണ്ടാൻ ഇറങ്ങിയിരിക്കുന്നതു്. ഇവകൾക്കു് ഒന്നും കൊടുത്തുപോകരുതു്". അയാൾ ആക്രോശിച്ചു. "ഈ ചെറിയവരിൽ ഒരുവനു ചെയ്യുന്നതു നിങ്ങൾ എനിക്കു് ചെയ്യുന്നതാകുന്നു" എന്നുള്ള ക്രിസ്തുനാഥന്റെ അമൃത നിഷ്യന്ദികളായ ആ വാക്യശകലങ്ങൾ ഒരു നിമിഷം അയാൾ ശ്രവിച്ചിരുന്നെങ്കിൽ!!

നിരാശയോടെ അവൾ അവിടെനിന്നു് നടന്നകന്നു "ദൈവമേ ഇതു കുബേരന്മാരുടെ നാടോ? ഞങ്ങളേയും നീ തന്നെ സൃഷ്ടിച്ചതല്ലേ" അന്നവൾ അറിയാതെതന്നെ പറഞ്ഞുപോയി. ദാരിദ്ര്യത്തിന്റെ കൂർത്ത പല്ലുകൾ അവളെ കാർന്നു തിന്നുകയാണു്. അവൾക്കു് കരയണമെന്നു തോന്നി. പക്ഷേ, ആ കണ്ണുകൾ നീർവററി ചൈതന്യരഹിതങ്ങളായിരുന്നു ക്രൈസ്തവകുടുംബങ്ങളിൽ– കത്തോലിക്കാഭവനങ്ങളിൽ ഇന്നും നടന്നുകൊണ്ടിരിക്കുന്ന ഒരു നിത്യസംഭവമല്ലേ ഇതു്? ഇവരെ നിന്ദിക്കുമ്പോഴെല്ലാം അഗതികളുടേയും, അനാഥരുടേയും പിതാവായ ദൈവത്തെയല്ലേ നമ്മൾ തിരസ്കരിക്കുന്നതു്.

സംഭവബഹുലമായ ഒരു ചരിത്രം അവളുടെ പിന്നിലുണ്ടു്. താനും തന്റെ ഭർത്താവും കൂടി സുഖമായി ജീവിച്ചകാര്യം അവളുടെ സ്മൃതിപഥത്തിലെപ്പോഴും കടന്നുവരും. പക്ഷേ ആ ദിവസങ്ങളുടെ എണ്ണം ചുരുങ്ങിപ്പോയി. കുടി അയാളുടെ തീരാബാധയായിത്തീർന്നു. ഉത്തമ കത്തോലിക്കനായിരുന്ന അയാൾ സാത്താന്റെ ഉത്തമ സേവകനായി മാറി. കിടപ്പാടവും നശിപ്പിച്ചിട്ടയാൾ നാടുവിട്ടു. അശരണയായ അവൾ തന്റെ ഓമന സന്താനത്തിനു വേണ്ടി ജീവിക്കയാണു്. ഭിക്ഷയെടുത്തും പട്ടിണികിടന്നും അവൾ ഇന്നു പീടികത്തിണ്ണകളെ ആധാരമാക്കി ജീവിക്കുന്നു. അങ്ങനെ അവളും ഒരു യാചകിയായി. പട്ടണത്തിലെ യാചകരുടെ എണ്ണം ഒന്നുകൂടി വർദ്ധിച്ചു. ഇന്നവൾ മാളികകളുടേയും കൂരകളുടേയും മുൻപിൽ മുട്ടുകയാണു്, വിശപ്പടക്കുന്നതിനുവേണ്ടി. കഷ്ടതനിറഞ്ഞ ഈ ജീവിതം അവസാനിച്ചിരുന്നെങ്കിൽ എന്നവൾ ആശിച്ചു.

നിരാധാരയായ ആ മനുഷ്യക്കോലം നടന്നകന്നു പട്ടണംവിട്ടു പോകുവാൻ അവൾ ഇഷ്ടപ്പെ

ട്ടു. സമയം സന്ധ്യയായി പട്ടണത്തിന്റെ പ്രാന്തപ്രദേശത്തേക്കു നീങ്ങുന്ന അവളുടെ വേഗത കൂടി ചിന്തകൾ അവളുടെ മനസ്സിൽ തീക്കനൽ വിതറുകയാണു്. തലയ്ക്കൊരു ഭാരം തോന്നി. കണ്ണുകളിൽ ഇരുട്ടു വ്യാപിച്ചു പ്രജ്ഞയററു് അവൾ നിലംപതിച്ചു സുബോധം വന്നപ്പോൾ ഒരു പുതിയ ലോകം അവൾ ദർശിച്ചു. "അഗതികളുടെ സഹോദരികൾ" നടത്തുന്ന ഒരു അനാഥമന്ദിരത്തിലാണു താൻ എന്നവൾക്കു് ക്രമേണ മനസ്സിലായി. ഇത്രയും നാൾ താൻ തെണ്ടിത്തിരിഞ്ഞ ആ പരിഷ്കാര പ്രവണതയാർന്ന പട്ടണവും ഈ ചെറിയ അഗതിമന്ദിരവും തമ്മിൽ എന്തൊരന്തരം! രാവും പകലും പോലുള്ള വ്യത്യാസം ഒരു നിമിഷംകൂടി മുമ്പു് ഇവിടെ എത്തിയിരുന്നെങ്കിൽ! സ്നേഹമസൃണമായ പരിചരണം, സ്നേഹസമ്പന്നകളായ സഹോദരികൾ. പരിഷ്കാരം കൂട്ടംതോറും വിവേകം നശിക്കുന്നതായി അവൾക്കു തോന്നി. ഈ സഹോദരികൾ എന്നെന്നും ജീവിച്ചിരുന്നെങ്കിൽ! എന്നവൾ ചിന്തിച്ചു.

എങ്കിലും ഏകാന്ത സമയങ്ങളിൽ, കഴിഞ്ഞുപോയ ജീവിതത്തിന്റെ ഓർമ്മകൾ ചില ഭാവങ്ങളെ അവളുടെ മനസ്സിലും സൃഷ്ടിക്കാറുണ്ടു്. ദിവസങ്ങൾ ചിലതു കടന്നുപോയി. ഒരു ദിവസം ഏലിയാമ്മയെ കാണാൻ—അതായിരുന്നു അവളുടെ പേരു്—ഒരു പ്രൗഢവയസ്കവന്നു. ഒരു അഭ്യർത്ഥനയും കൂടെയുണ്ടു്. അവളുടെ കുട്ടിയെ എടുത്തു വളത്തുന്നതിനുള്ള അനുവാദം വേണം. അവൾ ഇതുവരെയും ജീവിച്ചതു് ആ പിഞ്ചുപൈതലിനു വേണ്ടിയാണു്. അവൾ യാന്ത്രികമായിട്ടെന്നപോലെ ഒന്നു മൂളി 'ഉം'. അത്രയും കേട്ടതാമസം കുഞ്ഞിനെ ആ സ്ത്രീ കൈക്കലാക്കി. നല്ല ഉടുപ്പും മാലകളും അണിയിച്ചുകൊണ്ടുപോകാൻ ധൃതി കൂടി. അങ്ങിനെ പുതിയ സംരക്ഷകയുടെ കയ്യിലേയ്ക്കു് തന്റെ ഓമനസന്താനത്തെ ഏല്പിച്ചു. രണ്ടുമൂന്നു് ചൂടുള്ള കണ്ണുനീർ തുള്ളികളും അവനു് സമർപ്പിക്കപ്പെട്ടു.

ഒരു സഭയുടെ മേൽനോട്ടത്തിൽ നടത്തുന്ന ആ അഗതി മന്ദിരത്തിലെ ആത്മീയാന്തരീക്ഷം അവൾക്കു് ആനന്ദം നൽകി. വർഷങ്ങൾ പലതു കഴിഞ്ഞു. ഭക്തയായ അവളോടു് എല്ലാവക്കും സ്നേഹമാണു്. വിശ്രമസമയങ്ങളിൽ ദൈവികകാര്യങ്ങളെക്കുറിച്ചു് സഹയാചകരോടു് ഉപദേശിക്കും. ഈ ലോകത്തിൽ നന്മയ്ക്കു് സ്ഥാനമില്ലന്നു് അവൾ ഒരുകാലത്തു് വിശ്വസിച്ചിരുന്നു. പക്ഷെ ഇന്നു് അതെല്ലാം മാററി എഴുതപ്പെട്ടുകഴിഞ്ഞു ഒരു ഞായറാഴ്ച രാവിലെ അവൾ പള്ളിയിലേയ്ക്കു് പോകുകയായിരുന്നു. കുറേ ദൂരം ചെന്നപ്പോൾ ഒരു യാചകന്റെ ശുഷ്ക്കിച്ച കൈകൾ അവളുടെ നേരെ നീട്ടപ്പെട്ടു നേച്ചയിടാനുള്ള നാണയം അയാൾക്കു കൊടുക്കാൻ നിശ്ചയിച്ചു. പക്ഷേ! അതിനുമുമ്പുതന്നെ ആ കണ്ണുകൾ തമ്മിൽ കൂട്ടിമുട്ടി. അതേ! അവളുടെ കുടിയനായ ഭത്താവായിരുന്നു. അവൾ അയാളെ അഗതിമന്ദിരത്തിലേക്കു ക്ഷണിച്ചു. അപരാധബോധത്തോടെ നില്ക്കാനല്ലാതെ ഉത്തരം നല്കാൻ അയാൾ ശക്തനല്ലായിരുന്നു. "നിമ്മലയായ നിന്നെ വഴിയാധാരമാക്കിയ ഈ പാപി ഇനിയും ജീവിക്കയില്ല". അയാൾ ഉറക്കെ മറുപടികൊടുത്തു അയാളുടെ കണ്ഠമിടറി. അയാളുടെ ശോഷിച്ച കാലുകൾ ചലിച്ചുതുടങ്ങി. ക്രമേണ അതൊരോട്ടമായി പരിണമിച്ചു. കണ്ണിൽനിന്നു മറയുന്നതുവരെ അവൾ നോക്കിനിന്നു അയാൾക്കുവേണ്ടി അവൾ ആത്മാത്ഥതയോടെ പ്രാത്ഥിച്ചു.

അക്കബിംബമാകുന്ന പാത്രവുമെടുത്തു് അടുത്ത പ്രഭാതവു ഭിക്ഷയ്ക്കുവന്നു. അന്നു് അഗതിമന്ദിരത്തിന്റെ പടിക്കൽകൂടി ഒരു ശവവണ്ടി നീങ്ങുന്നതു് അവൾ കണ്ടു. അതിൽ സമീപത്തുള്ള പുഴയിൽ ചാടിമരിച്ച ഒരു ഭിക്ഷക്കാരന്റെ ശവമായിരുന്നു. അവളുടെ കാതുകളിലും ആ വാത്ത എത്തി. എങ്കിലും അവൾ കരഞ്ഞില്ല. ഇന്നവൾക്കു് എല്ലാം സഹിക്കാനുള്ള കരുത്തുണ്ടു്. അയാളുടെ ആത്മാവിനുവേണ്ടി അവൾ പ്രാർത്ഥിച്ചു. അവൾ ഇന്നു് തികഞ്ഞ ഒരു പ്രേഷിതപ്രവത്തകയാണു്. തിന്മയ്ക്കു് അവളിൽ സ്ഥാനമില്ല ഇങ്ങനെ നശിക്കാനുള്ളതാണോ മനുഷ്യ ജീവിതം.?

# ദിവ്യബലി

## അതിൻെറ പ്രതിരൂപം, പ്രവചനം, വാഗ്ദാനം

[ജോസ് തച്ചിൽ, പൂനാ)

മനുഷ്യവംശത്തിൻെറ ആരംഭം മുതൽ തന്നെ ഏതെങ്കിലും തരത്തിലുള്ളൊരു ബലിയർപ്പണത്തിൽ മനുഷ്യൻ സമയസൗകര്യമനുസരിച്ച് വ്യാപൃതനായിരുന്നതു് ചരിത്രവസ്തുതതന്നെയാണ്. തനിക്കതീതമായ ഏതോ ഒരു ശക്തിയുടെ നേക്കുള്ള ആദരവുകൊണ്ടോ ഭയം കൊണ്ടോ ആയിരുന്ന മനുഷ്യൻ ആദ്യമാദ്യം ബലി അർപ്പിച്ചിരുന്നതു്. എന്നാൽ സമയത്തിൻെറ ഗതിയിൽ പല വൻ പരിവർത്തനങ്ങളും വരികയുണ്ടായി. മനുഷ്യനതീതനായ പരമ സത്തയുടെ പ്രകൃതി കൂടുതൽ വ്യക്തമായതോടെ ബലിയർപ്പണത്തിൻെറ സ്വഭാവവും മാററത്തിനു വിധേയമായി.

ക്രിസ്തു രണ്ടായിരത്തോളം കൊല്ലങ്ങൾക്കു മുമ്പർപ്പിച്ചതും അതിനു ശേഷം ലോകത്തിൻെറ എല്ലാ കോണുകളിലും ദിവസത്തിൻെറ എല്ലാ നിമിഷങ്ങളിലും അർപ്പിക്കപ്പെടുന്നതുമായ ദിവ്യബലി മാത്രമാണ് പൂർണ്ണ ബലി. ഈ ബലിയ്ക്കു് പഴയ നിയമത്തിലും പുതിയ നിയമത്തിലുമുള്ള ചില മുൻകുട്ടിയുള്ള സൂചനകളാണ് ഈ ലേഖനത്തിൻെറ പ്രമേയം.

### മെൽക്കീസെദെക്കിൻെറ ബലി.

ഉൽപ്പത്തിയുടെ പുസ്തകത്തിൽ നാം വായിക്കുന്നുണ്ടു് "സാലിം രാജാവായ മെൽക്കീസെദേക്ക്, അത്യുന്നതനായ ദൈവത്തിൻെറ ശുശ്രൂഷിയായിരുന്നതുകൊണ്ടു്, അപ്പവും വീഞ്ഞും കൊണ്ടുവന്നു് ഇപ്രകാരം പറഞ്ഞുകൊണ്ടു് അവനെ അനുഗ്രഹിച്ചു. ആകാശത്തേയും ഭൂമിയേയും സൃഷ്ടിച്ച അത്യുന്നതനായ ദൈവത്താൽ അബ്രാം അനുഗ്രഹീതനാകട്ടെ. തൻെറ സഹായത്താൽ നിൻെറ ശത്രുക്കളെ നീ കീഴ്പ്പെടുത്തി എന്ന ഉന്നതനായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ ഇതിനു പുറമെ, എല്ലാററിലും നിന്നു് പത്തിലൊന്നു് അവനു നൽകി" (14: 18—20) യുദ്ധത്തിൽ നിന്നും മടങ്ങി വരുന്ന അബ്രഹാമിനെ രാജാവും പുരോഹിതനുമായ മെൽക്കിസെദെക്ക് അനുഗ്രഹിക്കുകയും അദ്ദേഹത്തിൽ നിന്നു സകലത്തിൻെറയും ദശാംശം സ്വീകരിക്കുകയും ചെയ്യുന്നു. അതോടൊപ്പം അപ്പവും വീഞ്ഞും ബലിയായി അദ്ദേഹം ദൈവത്തിനർപ്പിക്കുകയും ചെയ്യുന്നു. ഈ ബലി പുതിയ നിയമത്തിൽ വരാനിരുന്ന വിശുദ്ധ ബലിയുടെ മുൻകൂട്ടിയുള്ള ഒരു സൂചന അല്ലെങ്കിൽ പ്രതിരൂപം കൂടിയായിരുന്നു താനും. കാരണം, മെൽക്കീസെദേക്ക് വെറുമൊരു പുരോഹിതൻ മാത്രമായിരുന്നില്ലാ, ക്രിസ്തുവിൻെറ പ്രതിഛായകൂടിയായിരുന്നു. അന്തിമഭോജനത്തിൽ ക്രിസ്തു പിന്നീട്ട് ചെയ്ത പോലെ മെൽക്കീസെദേക്കും അപ്പവും വീഞ്ഞും ബലിക്കുപയോഗിച്ചു. ഹെബ്രായക്കാർക്കുള്ള ലേഖനത്തിൽ മെൽക്കിസെദേക്കു നിത്യപുരോഹിതനായ ക്രിസ്തുവിൻെറ പ്രതിരൂപം (Type) ആണെന്നു് വി. പൗലോസു് സമത്ഥിക്കുന്നുണ്ടു്.

മെൽക്കീസെദേക്ക് അബ്രാഹത്തിൻെറ സാന്നിദ്ധ്യത്തിൽ ചെയ്ത കർമ്മത്തിനു ബലിയുടെ സ്വഭാവമില്ലെന്നു് ചിലർ വാദിക്കുന്നുണ്ടു്. എന്നാൽ സന്ദർഭവും മെൽക്കീസെദേക്കിൻെറ പ്രവൃത്തിയുടെ പ്രകൃതിയും ചരിത്രപശ്ചാത്തലവും നിഷ്കൃഷ്ടമായിട്ടു പരിശോധിച്ചാൽ ഈ ആശയഗതിക്കു് യാതൊരു സ്ഥാനവുമില്ലെന്നു് നമുക്കു കാണാം.

### മലാക്കിയായുടെ പ്രവചനം

അശുദ്ധമായ ബലിയർപ്പിച്ച പുരോഹിതരെ മലാക്കിയാദീർഘദർശി നിശിതമായി വിമർശിക്കുന്നതാണ് സന്ദർഭം. ഇവ്വിധമുള്ള ബലി ദൈവത്തിനു സ്വീകാര്യമല്ലെന്നും അതിൻെറ സ്ഥാനത്തു് സമയത്തിൻെറ പൂർണ്ണതയിൽ നവവും സ്വീകാര്യവുമായ ബലി എല്ലാ സ്ഥലങ്ങളിലും അർപ്പിക്കപ്പെടുമെന്നു അദ്ദേഹം പ്രവചിക്കുന്നു. "...സൂര്യൻെറ ഉദയം മുതൽ അസ്തമനം വരെ വിജാതിയരുടെ ഇടയിൽ എൻെറ നാമം വലുതാകുന്നു. എല്ലാ സ്ഥലങ്ങളിലും ബലിയുണ്ടു്, സംശുദ്ധമായ ഒരു ബലി എൻെറ നാമത്തിനു് നല്കപ്പെടുകയും ചെയ്യുന്നുണ്ടു്. എന്തുകൊണ്ടെന്നാൽ എൻെറ നാമം പുറജാതിക്കാരുടെയി

ടയിൽ വലിയതാകുന്നു എന്ന് സൈന്യങ്ങളുടെ കർത്താവ് പറയുന്നു'' (1: 10-11) രക്ഷകൻെറ ആഗമനത്തിനു ശേഷമുള്ള സമയത്തെപ്പററിയാണ് പ്രവാചകൻ ഇവിടെ പ്രതിപാദിക്കുന്നെന്നതിൽ പക്ഷാന്തരമില്ല. കാരണം, ലോകം മുഴുവനിലുമുള്ള പുറജാതികൾ ദൈവത്തിൻെറ മാഹാത്മ്യം ഏററു പറയുന്നുവെന്ന് മലാക്കിയ പറയുന്നുണ്ട്. ഏശയ്യാ, മിക്കായാ, ആമോസ് എന്നീ പ്രവാചകന്മാരും ഇതേപ്പററി എഴുതിയിട്ടുള്ളതു് മുൻപറഞ്ഞതിന് ഉപോൽബലകമാണ്.

രക്ഷകൻെറ ആഗമനത്തിനു ശേഷമുള്ള കാലയളവിൽ ജീവിക്കുന്ന നമുക്ക് അനായാസേന മനസ്സിലാകും എങ്ങനെയാണ് മലാക്കിയ ദീർഘദർശിയുടെ പ്രവചനം നിറവേറിയിരിക്കുന്നതെന്ന്. സൂര്യോദയം മുതൽ സൂര്യാസ്തമനം വരെ വേറെ ഏതുബലിയാണ് ലോകത്തിൽ അർപ്പിക്കപ്പെടുന്നതു്? അതും വിജാതീയരുടെയിടയിൽ? ക്രിസ്തു സ്ഥാപിച്ചതും അപ്പസ്തോലന്മാരും അവരുടെ പിൻഗാമികളും തുടർന്നു കൊണ്ടുപോകുന്നതുമായ വിശുദ്ധ ബലിയെപ്പോലെ സംശുദ്ധമായും ദൈവത്തിനു് പ്രീതിദായകവുമായ വേറെ ബലിയുണ്ടോ?

## ജീവൻെറ അപ്പത്തെപ്പററി ക്രിസ്തുവിൻെറ വാഗ്ദാനം

വി. യോഹന്നാൻെറ സുവിശേഷത്തിലെ 6-ാം അദ്ധ്യായത്തിൽ ക്രിസ്തു അപ്പം വർദ്ധിപ്പിച്ച് അയ്യായിരം പേരെ തീററിപ്പോററിയ സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. ഉടനെതന്നെ, ക്രിസ്തു കടലിൽ വെള്ളത്തിനുമീതെ നടന്ന് ശിഷ്യന്മാരെ സമീപിച്ച രംഗവും അപ്പം വർദ്ധിപ്പിച്ചതു് വിശുദ്ധ കർബാനയെ സൂചിപ്പിക്കാനും വെള്ളത്തിനുമീതെ നടന്നതു് തൻെറ ദൈവികശക്തിയെപ്പററി ശിഷ്യരെ ബോധവാന്മാരാക്കാനുമായിരുന്നു എന്നാണ് വിശുദ്ധ ഗ്രന്ഥപണ്ഡിതരുടെ പ്രബലമായ അഭിപ്രായം.

ഈ സംഭവങ്ങൾക്കുശേഷമാണ് ക്രിസ്തു ശിഷ്യന്മാർക്ക് ''ജീവനുള്ള അപ്പം'' വാഗ്ദാനം ചെയ്യുന്നതു്. അവിടുത്തെ വാക്കുകളിൽ ''ഞാൻ തന്നെയാണു ആ ജീവനുള്ള അപ്പം'' (യോഹ. 6: 35) ജീവനുള്ള ഈ അപ്പത്തിൻെറ രക്ഷാകരശക്തിയാണ് ക്രിസ്തുവിൻെറ പ്രഭാഷണത്തിൽ ഉടനീളം ഓളം വെട്ടുന്നതു് പണ്ട് ഇസ്രായേൽ ജനത്തിനു് ദൈവം മരുഭൂമിയിൽ വച്ച് മന്ന വർഷിക്കുകയുണ്ടായി. അവർ ആ അപ്പം ഭക്ഷിച്ചു വേണ്ടുവോളം, എന്നുവരികിലും മരണത്തിൽ നിന്നും രക്ഷിക്കാനുള്ള ശക്തി മന്നായ്ക്കുണ്ടായിരുന്നില്ല. എന്നാൽ ''ഞാൻ തന്നെയാണ് ജീവനുള്ള അപ്പം......ആരെങ്കിലും ഈ അപ്പം ഭക്ഷിക്കുമോ അവൻ എന്നേക്കും ജീവിക്കും. (യോഹ. 6) പിതാവിനാൽ അയക്കപ്പെട്ടതും സ്വർഗ്ഗത്തിൽ നിന്നിറങ്ങിയതുമാണ് ഈ അപ്പം (6. 33) ക്രിസ്തുവിൻെറ ദാനമാണതു് 6. 27) അതുപോലെതന്നെ പിതാവിൻേറയും (6. 32) പിതാവായ ദൈവവും ക്രിസ്തുവും തമ്മിലും, ക്രിസ്തുവും അവിടുത്തെ ശരീരം ഭക്ഷിക്കുന്ന ക്രിസ്ത്യാനികൾ തമ്മിലും ഉള്ള ദൃഢമായ ബന്ധമാണ് ഇതിൽനിന്നെല്ലാം ഉളവാകുന്നതു്; അവിടത്തെ മാംസം ഭക്ഷിക്കുന്നവരുടെ അമർത്ത്യതയും.

ക്രിസ്തു തുടർന്നു പറയുകയുണ്ടായി, തൻെറ രക്തവും അവിടുത്തെ അനുയായികൾ പാനം ചെയ്യണമെന്ന്. അവിടുത്തെ ചുററും നിന്ന് ശ്രവിച്ചിരുന്ന ശിഷ്യന്മാരിൽ പലർക്കും യഹൂദന്മാർക്കും ഇതു് തികച്ചും ദുർഗ്രഹമായിരുന്നു.

ഇപ്രകാരം അപ്പത്തിൻേറയും വീഞ്ഞിൻേറയും സാദൃശ്യങ്ങളിൽ തൻെറ ശരീരത്തേയും, അല്ലെങ്കിൽ തന്നെത്തന്നെ, ക്രിസ്തു തൻെറ അനുയായികൾക്ക് ഭക്ഷണമായി നല്കുമെന്ന വാഗ്ദാനമാണ് ഇവിടെ നല്കുന്നതു്. ബലിപരമായ വശം ഒററ നോട്ടത്തിൽ കണ്ടില്ലെങ്കിലും, മാംസവും രക്തവും ഭക്ഷണപാനീയങ്ങളായി നല്കുന്നതിലതു് അന്തർലീനമാണ്. കൂടാതെ പഴയനിയമത്തിൻെറ പശ്ചാത്തലത്തിൽ വേണം ഈ വാചകങ്ങൾ നാം മനസ്സിലാക്കേണ്ടതു്. ക്രിസ്തു തൻെറ വാഗ്ദാനം നിറവേററുന്നതു് അന്തിമഭോജനത്തിൽ വച്ചാണ്.

## അബദ്ധ ധാരണ

ഇത്ര വ്യക്തമായ രീതിയിൽ ക്രിസ്തു വിശുദ്ധ കർബാനയുടെ രഹസ്യം അനുയായികളുടെ മുമ്പിൽ അവതരിപ്പിച്ചെങ്കിലും, സമയത്തിൻെറ ഗതിയിൽ ചില തെററായ ആശയഗതികളും ഉടലെടുക്കുകയുണ്ടായി. അന്തിമഭോജനാവസരത്തിൽ ക്രിസ്തു നല്കിയ അപ്പത്തിലും വീഞ്ഞിലും അവിടുത്തെ സാന്നിദ്ധ്യമുണ്ടായിരുന്നില്ലെന്ന് ചിലർ വാദിച്ചു.

# ഒന്നിനു—രണ്ടു്

(ദേവാനന്ദു് S. V. D.)

**ആ** ഫൊറാനാപ്പള്ളിയിലെ വലിയ തിരുനാൾ മഹാമഹത്തിനു് ശേഷം അച്ചന്മാരെല്ലാം മേശക്കിരിക്കുകയാണു്. സദ്യ വളരെ കേമമായിരിക്കണമെന്നാണു് കൈക്കാരൻ അവറാൻ ചേട്ടൻെറ ആഗ്രഹം. സകല വിഭവങ്ങളും മേശപ്പുറത്തു നിരത്തിയ ശേഷം അയാൾ മേശയ്ക്കരികിൽത്തന്നെ നിന്നു. വൈദികരെല്ലാം ഊണു തുടങ്ങി.

"അന്നു സെമിനാരിയിൽനിന്നും ചാടിപ്പോകാതിരുന്നെങ്കിലേ അവറാച്ചാ! ഇന്നു ഞങ്ങളുടെ ഒപ്പമിരുന്നു ഉണ്ണാൻ വയ്യാഞ്ഞോ" ഭക്ഷണത്തിനിടയിൽ പൌലോസച്ചൻ അല്പം ഫലിതം തട്ടിവിട്ടു. അതിൽ അല്പം പുച്ഛരസവും കലർന്നിരുന്നു അവറാൻചേട്ടനതു നല്ലതുപോലെ കൊണ്ടു. എങ്കിലും ഒരക്ഷരം പോലും അയാൾ മറുപടി പറഞ്ഞില്ല. കൂട്ടച്ചിരിയോടുകൂടി അച്ചന്മാരുടെ വർത്തമാനം മററൊരു വിഷയത്തിലേക്കു മാറി.

കൊല്ലങ്ങൾ പലതു കഴിഞ്ഞുപോയി. അവറാൻ ചേട്ടൻെറ മൂത്തമകൻ പഠിച്ചു വൈദികനായി. രണ്ടാമത്തെ മകനും സെമിനാരിയിൽ ചേർന്നു. അവറാൻ ചേട്ടൻ ദൈവത്തിനു നന്ദി പറഞ്ഞു.

അന്നു അവറാൻ ചേട്ടൻെറ രണ്ടാമത്തെ മകൻ പുത്തൻ കുർബാന ചൊല്ലുന്ന ദിവസമായിരുന്നു. ഒരിക്കൽ സഹപാഠിയായിരുന്ന പൌലോസച്ചനെ അവറാൻ ചേട്ടൻ പ്രത്യേകം ക്ഷണിച്ചിട്ടുണ്ടായിരുന്നു. നവപൂജാർപ്പണവും കൈമുത്തലുമൊക്കെ കഴിഞ്ഞപ്പോഴേയ്ക്കും മണി പന്ത്രണ്ടായി. ഉച്ചയ്ക്കുള്ള സദ്യ അവറാൻ ചേട്ടൻെറ വീട്ടിൽ വച്ചായിരുന്നു.

പത്തുമുപ്പതു വൈദികരും കന്യാസ്ത്രീകളും വിളിക്കപ്പെട്ട വളരെ ആളുകളും സദ്യയ്ക്കു സന്നിഹിതരായിരുന്നു. അച്ചന്മാരെല്ലാം നവവൈദികൻെറ രണ്ടു വശത്തുമിരുന്നു. അവറാൻ ചേട്ടൻ ഇതെല്ലാം കണ്ടു സന്തോഷിക്കയായിരുന്നു. പൂർവ്വകാലത്തെപ്പററിയുള്ള ഓർമ്മകൾ ഓരോന്നായി അയാളുടെ ഉള്ളിൽ തുള്ളിക്കളിക്കാൻ തുടങ്ങി. ഊണു മുറയ്ക്കു നടന്നുകൊണ്ടിരുന്നപ്പോൾ അവറാൻ ചേട്ടൻ എന്തോ പറയുവാൻ പന്തലിലേയ്ക്കിറങ്ങി. "അന്നു ഞാൻ സെമിനാരിയിൽ നിന്നും ചാടിപ്പോന്നില്ലായിരുന്നുവെങ്കിൽ" അവറാൻ ചേട്ടൻ പൌലോസച്ചനോടു പതുക്കെ പറയുകയാണു് "നിങ്ങളുടെ കൂടെ ഇരിക്കുവാൻ ഞാൻ ഒരാൾ മാത്രമേ കാണുകയുണ്ടായിരുന്നുള്ളു". സദസ്സു് അത്ഭുതത്തോടുകൂടി മൗനമായിരുന്നു. അവറാച്ചൻ തുടർന്നു: "പ്രിയ ബ. അച്ചാ, ഇപ്പോൾ 'ഒന്നിനു പകരം രണ്ടു്' വൈദികനെ നിങ്ങളുടെ ഒപ്പം മേശയ്ക്കിരുത്തുവാൻ എനിക്കു സാധിച്ചിരിക്കുന്നു".

അവറാച്ചൻ വീണ്ടും സദ്യയുടെ മേൽനോട്ടം തുടർന്നുകൊണ്ടിരുന്നു. എല്ലാവർക്കും കാര്യം മനസ്സിലായെങ്കിലും ആരും ഒന്നും പറഞ്ഞില്ല. സദ്യ മുറപോലെ നടന്നുകൊണ്ടിരുന്നു. അച്ചന്മാരെല്ലാം ഈ യാഥാർത്ഥ്യത്തെപ്പററി ഊണിനിടയിൽ ചിന്തിക്കയായിരുന്നു, ഇതൊരു അജ്ഞാത സത്യമല്ലേയെന്നു്.

---

വൈദികർ അർപ്പിക്കുന്ന ബലിയുടെ ബലിപരമായ വശവും അവർ നിരാകരിക്കുകയുണ്ടായി.

## സൂനഹദോസു്

ഈ ആശയഗതിക്കെതിരായി 1562-ൽ ടെൻറു് സൂനഹദോസു് പഠിപ്പിക്കുകയുണ്ടായി, അവസാനത്തെ അത്താഴത്തിൽ ക്രിസ്തു അപ്പത്തിൻെറയും വീഞ്ഞിൻേറയും സാദൃശ്യങ്ങളിൽ യഥാർത്ഥമായ ബലി അർപ്പിക്കുകയും അതുവഴിതന്നെ നിത്യപുരോഹിതനായി പ്രഘോഷിക്കുകയും ചെയ്തെന്നു്. മെൽക്കിസെദേക്കു് മുൻകൂട്ടി സൂചിപ്പിച്ചതു്, മലാക്കിയാ ദീർഘദർശി പ്രവചിച്ചതുമായ ബലി ക്രിസ്തു അപ്രകാരം സമർപ്പിച്ചെന്നും കൗൺസിൽ പഠിപ്പിക്കുകയുണ്ടായി. വി. യോഹന്നാൻെറ സുവിശേഷത്തിലെ 6-ാം അദ്ധ്യായവും സൂനഹദോസിൻെറ പഠനത്തിനു വിധേയമായി.

ഇപ്രകാരം ദിവ്യബലിയുടെ പഴയനിയമത്തിലും പുതിയ നിയമത്തിലുമുള്ള സൂചനകൾ ക്രമേണ കൂടുതൽ വ്യക്തമായി വരുന്നതായിട്ടാണു് നാം കാണുന്നതു്.

# സ്നേഹത്തിൻെറ വൈചിത്ര്യം

(വി. ഇ. മത്തായിക്കുട്ടി, വടശ്ശേരിക്കര)

നിന്നെപ്പോലെതന്നെ നിൻെറ അയല്ക്കാരനെ സ്നേഹിക്കുക'' (Mt. 22: 39) ഓരോരുത്തർക്കും അന്യരോടുള്ള കടപ്പാടിനെയാണ് ഈ കല്പന കുറിക്കുന്നത്. ചെറുതെങ്കിലും, വിപുലമായ ആശയങ്ങൾ ഉൾക്കൊള്ളുന്ന പ്രസ്തുത വാക്യത്തെ നമുക്കൊന്നു പരിശോധിക്കാം. തന്നത്താൻ വെറുക്കുന്നവരായി ആരുമില്ല, അങ്ങനെ ചെയ്യണമെന്ന് ദൈവമാവശ്യപ്പെടുന്നില്ലെന്നു മാത്രമല്ല, ദൈവമഹത്വത്തിനും നമ്മുടെ പരിപൂർണ്ണതയ്ക്കുമായി തന്നത്താൻ സ്നേഹിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു.

മററുള്ളവരെ ഏതു വിധം സ്നേഹിക്കണമെന്നതിനുള്ള മാനദണ്ഡമാണ് 'തന്നത്താനുള്ള സ്നേഹം'. പ്രായോഗിക ജീവിതത്തിൽ എല്ലാവർക്കും തുല്യത നൽകുവാൻ സാദ്ധ്യമോ? എല്ലാവരെയും സ്നേഹിക്കുവാൻ നമുക്കു കടമയുണ്ട്. ക്രിസ്തു സ്വശിഷ്യന്മാർക്ക് കല്പിച്ചരുളിയ അടയാളവും അതാണല്ലോ, ''നിങ്ങളുടെ പരസ്പര സ്നേഹത്തിൽനിന്നും നിങ്ങൾ എൻെറ ശിഷ്യരെന്നു് ലോകം അറിയട്ടെ''. (Jo, 14:35)

നമ്മുടെ ജീവിതത്തിലേക്കൊന്നു കണ്ണോടിച്ചാൽ പ്രസ്തുത തത്വത്തിന് അപവാദം നാം കാണും. എല്ലാവർക്കും തുല്യസ്നേഹം കൊടുക്കുവാൻ സാധിക്കാതെ വാക്കിൽ മാത്രമായി ആ 'തുല്യത' തങ്ങിനില്ക്കുന്നു. അതിനാൽ സ്നേഹത്തിൽ ചില തരംതിരിവ് ആവശ്യമെന്നു വരുന്നു, മററുള്ളവരുടെ ആവശ്യം അനുസരിച്ചായിരിക്കും നമ്മുടെ സ്നേഹത്തിൻെറ അളവു നിർണ്ണയിക്കേണ്ടത്. അഥവാ, നമുക്കു മററുള്ളവരോടുള്ള കടപ്പാടിനനുസൃതമായിരിക്കും. എല്ലാവരും തുല്യ ആവശ്യക്കാരല്ല; എല്ലാവരോടും നമുക്ക് തുല്യ കടപ്പാടുമില്ല.

''നിന്നെപ്പോലെതന്നെ നിൻെറ അയൽക്കാരനെയും സ്നേഹിക്കുക''. ആരാണ് നമ്മുടെ അയല്ക്കാരൻ? ''നേയ്ബർ'' എന്ന ഇംഗ്ലീഷ് പദം (Neighbour) (Nigh) 'നൈ' എന്ന ധാതുവിൽനിന്നുമാണ് വരുന്നത്. 'ഏററവും അടുത്ത' എന്ന അർത്ഥം. നമ്മുടെ സ്നേഹം ആദ്യം അർഹിക്കുന്നത് നമുക്കേററം അടുത്തവരെന്നു സ്പഷ്ടം. നമ്മുടെ മാതാപിതാക്കൾ, നമ്മുടെ സഹോദരങ്ങൾ, ബന്ധുമിത്രാദികൾ എന്നിവരെ സ്നേഹിക്കുവാൻ നാം കടപ്പെട്ടിരിക്കുന്നു നാം ജനിച്ചുവളർന്ന വീട്, നമ്മെ വളർത്തിപ്പോററിയ മാതാപിതാക്കൾ, ചാടിക്കളിച്ച് എല്ലാ വിധത്തിലും നമ്മോടു പങ്കുചേർന്ന നമ്മുടെ സഹോദരങ്ങൾ ഇവരെ, സ്വാഭാവികമായിത്തന്നെ നാം സ്നേഹിക്കും; സ്നേഹിക്കാൻ നാം കടപ്പെട്ടവരുമാണ്. ലോകത്തിലുള്ള ഏവരേയും ഏകോദര സഹോദരായി കണ്ടാലും, നമ്മുടെ രക്തത്തിൻെറയും മാംസത്തിൻെറയും ബന്ധമുള്ളവരെ നാം കൂടുതലായി സ്നേഹിക്കുമെന്നുള്ളതു തീർച്ച. സ്വാഭാവിക നിയമം അതാണു നമ്മോടു അനുശാസിക്കുന്നത്, ഭാര്യാഭർത്താക്കന്മാർ ''ഒരു ജഡമായിത്തീരുവാൻ'' തക്കപോലെ സ്നേഹിക്കുന്നു. ഇത്തരമൊരു സ്നേഹം ഇതര വ്യക്തികൾ തമ്മിൽ ഉണ്ടാകുകയില്ല. ഒരു അമ്മ തൻെറ അരുമക്കുഞ്ഞിനെ അവളുടെ സർവ്വസ്വവുമായി കാണുന്നു. കാരണം, ആ കുഞ്ഞു് ആ അമ്മയിൽനിന്നും ഭിന്നമല്ല. ഒരുപക്ഷേ, തന്നെത്താൻ എന്നതിലധികമായി അവൾ ആ കുഞ്ഞിനെ സ്നേഹിക്കുന്നു. ഇവിടെ തുല്യതയ്ക്കു സ്ഥാനമില്ല ഇത്തരത്തിലുള്ള മാതൃസ്നേഹം സ്വാർത്ഥതയായി ചിത്രീകരിക്കാവുന്നതല്ലല്ലോ മാതാപിതാക്കളുടെയും സഹോദരങ്ങളുടെയും പ്രത്യേക ലാളനയിൽ വളർന്ന കുട്ടി, പ്രായമാകുമ്പോൾ അവരോടു പ്രത്യേക വിധത്തിൽ കടപ്പെട്ടിരിക്കുന്നു. ആ കടപ്പാടിനനുസൃതമായി സ്നേഹവും കൂടുതൽ കൂറവ് സ്വീകരിക്കുന്നു.

രണ്ടാമതായി നമ്മുടെ സ്നേഹം അർഹിക്കുന്നത്, ഏററവും കൂടുതൽ ആവശ്യമുള്ളവർ, ജീവാപായങ്ങളിൽപ്പെട്ടിട്ടുള്ളവരാണ്. ക്രിസ്തുനാഥൻ കാട്ടിത്തന്ന നല്ല സമരിയാക്കാരൻെറ ഉപമയിൽ ഈ ആവശ്യക്കാരനേയാണു നാം കാണുന്നത്. അർദ്ധപ്രാണനായി, മൃതപ്രായനായി കിടക്കുന്ന വഴിയാത്രക്കാരൻ പരസഹായത്തിനായി കേഴുകയാണ്. അവർ പുറജാതിക്കാരനാകട്ടെ, യഹൂദനാകട്ടെ ആരു

തന്നെയായാലും സ്നേഹത്തിൻെറ മുമ്പിൽ, ആവശ്യത്തിനുമുമ്പിൽ തുല്യരാണ്. ആ വഴി കടന്നുപോയവൻ ഏതുമതത്തിൽപെട്ടവനായാലും ഏതുരാജ്യക്കാരനായാലും, ഏതുജാതിക്കാരനായാലും തുല്യമായി കടപ്പെട്ടിരിക്കുന്നു. ഇന്ന് ഏതെല്ലാം വിധത്തിൽ മനുഷ്യർ അപകടങ്ങളിൽചെന്നു വീഴുന്നില്ല! ഓടിവന്ന ഒരുബസ്സ് അഗാധമായ കുണ്ടിലേക്ക് മറിഞ്ഞ്, മരണത്തിൻെറ വക്കിൽ എത്തിയിരിക്കുന്ന യാത്രക്കാരെ നമ്മുടെ മുമ്പിൽ കണ്ടാൽ, മരത്തിൻെറ മണ്ടയിൽനിന്നും വീണ് അംഗഭംഗപ്പെട്ട ഒരുവനെ നാം കണ്ടാൽ ജാതിമതഭേദമെന്യേ, സ്ത്രീപുരുഷതരംതിരിവെന്യേ, പാർട്ടി പരിഗണനയെന്യേ സഹായിക്കുവാൻ നാം കടപ്പെട്ടിരിക്കുന്നു. ശത്രുവും മിത്രവും ആവശ്യത്തിൻെറ മുമ്പിൽ, മരണത്തിൻെറ നിഴലിൽ തുല്യരാണ്. കാരുണ്യം കണ്ണടയ്ക്കുവാൻ അവിടെ നാമനുവദിക്കരുത്.

നമ്മുടെ ശത്രുക്കളായവരാണ് സ്നേഹത്തിൻെറ ചങ്ങലയിൽ മൂന്നാമത്തെ സ്ഥാനം അർഹിക്കുന്നത്. "കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല്" എന്ന പഴയ നിയമത്തിലെ തത്വത്തിൻെറ സ്ഥാനത്ത് ക്രിസ്തുനാഥൻ സ്നേഹത്തിൻെറ നിയമം പ്രതിഷ്ഠിച്ചു. ആ സ്നേഹത്തിൽനിന്ന് ഒരുവനും ഒഴിഞ്ഞുമാറുവാൻ സാദ്ധ്യമല്ല. സ്നേഹത്തിൻെറ നിയമം അതിസ്വാഭാവികമാണ്. അതു പരിധിയെ അതിലംഘിക്കുന്നു. സ്വാഭാവികമായവയ്ക്ക് അവിടെ സ്ഥാനമില്ല. ക്രിസ്തു നിയമം മാററിയെഴുതി. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു:– "നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ" (Mt. 5: 44) നാം ആരുടേയും ശത്രുക്കളാവാൻ പാടില്ല. ആരെങ്കിലും നമ്മുടെ ശത്രുക്കളായാൽ, അതായത്, ഏതൊരുവനെങ്കിലും നമ്മെ ഉപദ്രവിക്കണമെന്നാഗ്രഹിച്ചാൽ അവനെ സ്നേഹിക്കുവാനാണ് ക്രിസ്തു പറയുന്നത്. തിരിച്ചുപദ്രവിക്കരുതെന്നു മാത്രമല്ല, നന്മകൂടി ചെയ്യുവാനാണ് കല്പന. വളരെ പ്രയാസമുള്ള ഒന്നുതന്നെ. "വലത്തെ കവിളത്തടിച്ചാൽ ഇടത്തേതുകൂടി കാണിച്ചുകൊടുക്കുക" എന്നൊരു നിയമസംഹിത. ഈ സ്പുട്നിക് യുഗത്തിൽ ഇത്തരം നിയമങ്ങൾക്കെന്തൊരു പ്രസക്തി! ഒരു തനി പഴഞ്ചൻ നിയമം!! പക്ഷേ, സ്നേഹത്തിനു പുരോഗമനവും അധഃപതനവുമില്ല. അതു സ്ഥലകാലങ്ങളെ അതിജീവിക്കുന്നതാണ്. കാലത്തിനൊത്ത് നന്മകൾ മാറണമെന്നാരും ശഠിക്കുകയില്ല. പഴയകാലത്തു തിന്മയെന്നു കരുതിയിരുന്ന ചിലതെല്ലാം ആധുനിക കാലത്ത് നന്മയായി കരുതപ്പെട്ടുന്നെന്നു കേട്ടിട്ടുണ്ട്. അതിൻെറ വാസ്തവികത എത്രമാത്രമെന്നറിവില്ല. ഏതായാലും ഒന്നു തീർച്ച; തിന്മ എന്നാളും തിന്മയും നന്മ എന്നാളും നന്മയുമായിരിക്കും. സ്വാർത്ഥതയിൽനിന്നുമുടലെടുത്ത് മാനുഷികമനസ്സിഷ്ടമൂശയിൽ രൂപം പ്രാപിക്കുമ്പോൾ ചില വകഭേദങ്ങൾ നമുക്കനുഭവപ്പെട്ടും. എങ്കിലും യാഥാർത്ഥ്യം മാറുകയില്ലല്ലോ. നൂറു പ്രാവശ്യം ഒരു കള്ളം ആവർത്തിക്കുന്നതുകൊണ്ട് അതു സത്യമാകുമെങ്കിൽ, നന്മ ഒരു കാലത്ത് തിന്മയായെന്നും വരാം! മനുഷ്യൻെറ നീതിബോധവും സാമ്രാജ്യ നിയമങ്ങളും കാലം മാറുന്നതോടുകൂടി മാററപ്പെടുന്നുവെങ്കിൽ നന്മതിന്മകളും മാറിക്കൊണ്ടിരിക്കുന്നെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. എന്നാൽ, മാററമില്ലാത്ത ഒന്നിൽ അധിഷ്ഠിതമായിരിക്കുന്ന നിയമം ഒരുനാളും മാറുകയില്ല. ആചാരമര്യാദകൾ ചിലപ്പോൾ മാറുന്നു; അതിൽ അധിഷ്ഠിതമായ നിയമങ്ങളും മാറുന്നു. അതു നന്മതിന്മയുടെ സ്ഥിരതയ്ക്ക് ഹാനിവരുത്തുന്നില്ല.

"ദൂരത്തെ ബന്ധുവിനെക്കാൾ അയലത്തെ ശത്രുവാണ് നല്ലതു" എന്നൊരു ചൊല്ലുണ്ടല്ലോ. ആപത്തുനേരിട്ടുമ്പോൾ ശത്രുത്വം പോയ്മറയുന്നു. അലൗകിക സ്നേഹത്തിൻെറ മുമ്പിൽ ലൗകിക ശത്രുത്വം തലകുനിക്കുന്നു; ഉത്തമമായതിന് അധമമായത് വഴിമാറിക്കൊടുക്കുന്നു. സ്നേഹനിർഭരമായ നമ്മുടെ പ്രവൃത്തികൾ കണ്ട് ശത്രുക്കൾ ലജ്ജിക്കും. വിരോധത്തിൻെറ പേരിൽ ലോകത്തിലിന്ന് എന്തെന്തു ദുരന്ത നാടകങ്ങൾ നടക്കുന്നില്ല! മനുഷ്യനെ മൃഗസമാനം കശാപ്പുചെയ്യുവാൻ ശത്രുത്വം മടിക്കുന്നില്ല. "ശത്രുവിനെ സ്നേഹിക്കുക" എന്ന നിയമം ജീവിതത്തിൽ അനുവർത്തികമായിരുന്നെങ്കിൽ!!

നമ്മുടെ പരിഗണനയിൽ ഏററവും നിസ്സാരന്മാരായവരാണ് നാലാമത്തേക്കൂട്ടർ. "ഈ ചെറിയവരിൽ ഒരുവന് നിങ്ങൾ ചെയ്തപ്പോഴെല്ലാം എനിക്കാണു നിങ്ങൾ ചെയ്തത്" (മത്തായി25-40) എന്നാണല്ലോ ക്രിസ്തു അരുളിയത്. നിത്യവൃത്തിക്കു വകയില്ലാതെ കഷ്ടപ്പെടുന്ന ജനലക്ഷങ്ങൾ, അകന്നവനുമടുത്തവനുമെല്ലാം നമ്മുടെ സ്നേഹമണ്ഡലത്തിൽ തുല്യസ്ഥാനം പിടിക്കുന്നു. ജീവിതത്തിനു

മാർഗ്ഗമില്ലാതെ, കിടപ്പാടമില്ലാതെ, ഉടുതുണിയില്ലാതെ, ഒരുനേരത്തെ ആഹാരത്തിനു വകയില്ലാതെ നമ്മുടെ ചുററും കാണുന്നവരാണ് ഈ ചെറിയവർ. അവർക്ക് സഹായഹസ്തം നീട്ടിക്കൊടുക്കുവാൻ, സ്നേഹത്തിൻെറ ഉറവക്കണ്ണി തെളിയിക്കുവാൻ എല്ലാവരും ഒന്നുപോലെ കടപ്പെട്ടിരിക്കുന്നു. സ്വാതന്ത്ര്യ ഗ്രസിച്ച ലോകത്തിൽ ഇന്നു സ്നേഹത്തിനു സ്ഥാനമില്ലെന്നുവരുമോ? ഇല്ലാത്തവൻെറ ആവശ്യങ്ങൾ തിരക്കിയറിഞ്ഞുകൊടുക്കുവാൻ ഉള്ളവൻ കടപ്പെട്ടിരിക്കുന്നു. അതാണ് സ്നേഹം ഒരുവനോടാവശ്യപ്പെടുന്നതു്. 'സ്വന്തം കാര്യം സിന്താബാദാ'യി നടക്കുന്നവൻ അപരൻെറ ആവശ്യങ്ങളിൽ പങ്കുചേരുന്നില്ലെന്നു മാത്രമല്ല, ആപത്തിൽ സന്തോഷിക്കുകൂടി ചെയ്യുന്നു.

സമുദായത്തിലും രാഷ്ട്രത്തിലും പ്രാധാന്യം ലഭിക്കാതെ ത്യാജ്യകോടിയിൽ കിടക്കുന്ന നമ്മുടെ സഹോദരങ്ങളെ, സ്നേഹത്തിൻെറ മാർദ്ദവമുള്ള പൂമാലകളുമായി നാം സമീപിക്കണം. അവർ നമ്മുടെ സഹോദരരെങ്കിൽ ഇത്തരം താല്പര്യലിനും ഭിന്നമായൊരു സമീപനത്തിനും എന്തു സ്ഥാനം? ദൈവത്തിൻെറ മുമ്പിൽ പണ്ഡിതനും പാമരനും, ധനവാനും ദരിദ്രനും, പട്ടികവർഗ്ഗവും ഉന്നതവർഗ്ഗവുമെല്ലാം തുല്യരാണ്. അവിടെ മുഖംനോട്ടമില്ല. മാനുഷിക ബലഹീനതകളിൽനിന്നും ഉടലെടുത്തതാണ് ഇത്തരത്തിലുള്ള വ്യത്യാസങ്ങൾ ദൈവം നമ്മുടെയെല്ലാം പിതാവെങ്കിൽ, നാം തമ്മിൽ തമ്മിൽ സഹോദരങ്ങളല്ലേ? അതിനാൽ ഏതൊരുവൻ നമ്മുടെ വീക്ഷണത്തിൽ നിസ്സാരനായിക്കാണപ്പെടുന്നുവോ, അവനാണ് 'സാര'ന്മാരെക്കാൾ കൂടുതലായി സ്നേഹം അർഹിക്കുന്നതു്.

ശാരീരികാവശ്യങ്ങളെ വെച്ചുകൊണ്ടാണ് ഇത്രയും പറഞ്ഞതു്. ആത്മാവും ശരീരവുമുള്ള മനുഷ്യനു് ശാരീരികാവശ്യങ്ങൾമാത്രമല്ല, ആത്മീയാവശ്യങ്ങൾക്കൂടിയുണ്ടു്. ശരീരത്തിൻേറതിനേക്കാൾ അധികമായി ആത്മീയ വളർച്ചയ്ക്കാണ് നാം പ്രാധാന്യംകൊടുക്കേണ്ടതു്. നമ്മുടെ ബന്ധുമിത്രാദികളുടെ ആത്മീയമായ വളർച്ചയ്ക്കു് നാം ഭംഗംവരുത്തിയാൽ, അവരുടെ നാശത്തിനു നാം കാരണമായാൽ, അതാണ് ഏററവും വലിയ തിന്മ. സ്വന്തം ആത്മരക്ഷയിലെന്നപോലെ അവരുടെ ആത്മരക്ഷയിലും നാം തല്പരരാകണം. സന്മാതൃകാപരമായ ജീവിതംകൊണ്ടും സദുപദേശം കൊണ്ടും അവരെ നാം നയിക്കണം. സ്നേഹത്തിനു വിരുദ്ധമായ യാതൊന്നും അവരോടു നാം ചെയ്യരുതു്.

മരണാസന്നനായ ഒരുവൻെറ ആത്മരക്ഷയിൽ നാം എത്രമാത്രം ശ്രദ്ധാലുക്കളായിരിക്കണം! നമ്മാൽ കഴിവുള്ളതിൻെറ പരമാവധി മുഖംനോക്കാതെ അവിടെ നം ചെയ്യണം. നിത്യരക്ഷയോ, നിത്യനാശമോ ഏതാണൊരുവനു് ലഭിക്കുന്നതെന്നു് നാമറിയുന്നില്ല. നിത്യരക്ഷപ്രാപിപ്പാനാണല്ലോ ദൈവം നമ്മെ സൃഷ്ടിച്ചതു്. മരണം ഏതു നിമിഷത്തിലും പിടിപെടും എന്നനിലയിലുള്ള ഒരുവൻെറ ആത്മരക്ഷയിൽ അലസത നാം കാട്ടുന്നുവെങ്കിൽ നിത്യവിധിയാളൻെറ മുമ്പിൽ എങ്ങനെ നാം പ്രത്യക്ഷപ്പെടും? നമ്മുടെ ശത്രുക്കളുടെ ആത്മരക്ഷയിലും ചിലതെല്ലാം ചെയ്യുവ നുണ്ടു്. നാം ഒരുത്തരുടേയും നാശം ആഗ്രഹിക്കരുതു്. നശിപ്പിക്കാനല്ല, രക്ഷിക്കാനാണല്ലോ ക്രിസ്തു വന്നതു്. ശത്രുത ഈ ലോകത്തിൻേറതാണ്. നാം ഈ ലോകത്തിൻേറതല്ല. അതിനാൽ ശത്രു എന്നൊന്നു് നമുക്കില്ലെന്നു വരുന്നു. ക്രിസ്തുവിനു് ശത്രുക്കളായി ആരുമില്ലായിരുന്നു. തൻെറ അന്ത്യവിനാഴികയിലും അവിടുന്നു പ്രാർത്ഥിച്ചു: ''പിതാവേ! ഇവർ ചെയ്യുന്നതെന്തെന്നറിയായ്കയാൽ ഇവരോടു ക്ഷമിക്കണമെ''. അതിനാൽ ഒരു ക്രിസ്ത്യാനിക്കും ശത്രുക്കളായി ആരുമില്ല.

നമ്മുടെ സ്നേഹമണ്ഡലത്തിൽ നാലാമതായി സ്ഥലംപിടിച്ചതു് ചെറിയവരായ ഓരോരുത്തരുമാണല്ലോ. അവരുടെ ആത്മരക്ഷ നാം ആഗ്രഹിക്കുകയും അതിനായി വർത്തിക്കുകയും ചെയ്യണം. കുരിശിൽ കിടന്നുകൊണ്ടു് യേശു ദാഹിച്ചതതിനായിട്ടാണ്. വിശപ്പും, ദാഹവും, രോഗവും, നഗ്നതയുമെല്ലാമെല്ലാം അവരുടെ ആത്മാവിലും നാം കാണും. ക്രിസ്തുവിനെ അറിയാതെ, മുക്തിമാർഗ്ഗം കാണാതെ, അജ്ഞതയിലാണ്ടുകിടക്കുന്ന അനേകലക്ഷങ്ങളാണവർ. ''ഞങ്ങൾക്കാരും കാട്ടിത്തന്നില്ല'' എന്നു് വിധിദിവസത്തിൽ നമുക്കെതിരായി ആരും സ്വരമുയർത്താതിരിക്കുവാൻ നമ്മുടെ പ്രവൃത്തികളെ ശരിയാംവണ്ണം നയിക്കാം.

സ്നേഹത്തിൽ തുല്യതയ്ക്കു പകരം തരംതിരിവാണ് നാം കണ്ടതു്—പ്രായോഗിക ജീവിതത്തിൽ. സ്നേഹത്തിൻെറ സമത്വം എവിടെയാണ് നാം ദർശിക്കുക. സ്നേഹത്തിനു് രണ്ടു വശങ്ങളുണ്ടു്. ഭാവാത്മകമായ വശത്തു്

# ദിവ്യകാരുണ്യകോൺഗ്രസ്സും

## ക്രിസ്തീയ ഐക്യവും

**by. G. Koonthanam.**

വിശുദ്ധ ഗ്രന്ഥവും സഭാപാരമ്പര്യവും ഒന്നുപോലെ പഠിപ്പിക്കുന്ന ഒരു മനോഹര സത്യമാണു് വി. കുർബാന ഐക്യത്തിന്റെ കൂദാശയാണെന്നുള്ളതു്. മഹത്തായ ഈ കൂദാശയുടെ സ്ഥാപനാനന്തരം ക്രിസ്തുനാഥൻ ഐക്യത്തിനായി പ്രാർത്ഥിക്കുന്നതു് നാം കാണുന്നു. കക്ഷിവഴക്കുകളും ഭിന്നതകളും നടമാടിയിരുന്ന സഭകൾക്കു് വി. പൗലോസു് വി. കുർബാനയുടെ ഐക്യസന്ദേശമയയ്ക്കുന്നു—ഒരേ ദിവ്യ അപ്പത്തിൽ നിന്നു ഭക്ഷിക്കുന്നവർ ക്രിസ്തുവിന്റെ അംഗങ്ങളാണു്, അവരുടെ ഇടയിൽ കിടമത്സരം പാടില്ല. പിൻക്കാലത്തു് വേദപാരംഗതന്മാർ വി. കുർബാനയെ തിരുസഭയുടെ ഹൃദയമായി ചിത്രീകരിക്കുന്നു. വിവിധ ഭാഗങ്ങൾക്കു് ഒരേ ജീവരക്തം നൽകുന്ന സഭയുടെ സജീവ ഹൃദയമാണു് വി. കുർബാന. പ്രാചീന സഭയിൽ നിലവിലിരുന്ന ആശയസുന്ദരങ്ങളായ പല ആചാരങ്ങളും ഈ സത്യത്തെ വിളംബരം ചെയ്യുന്നുണ്ടു്. അവയിൽ ഏററവും പ്രാധാന്യമർഹിക്കുന്നവയായിരുന്നു 'ഫെർമെന്റും' 'സ്റ്റേഷൻ കുർബാനകൾ എന്നിവ. സ്റ്റേഷൻസു് നമ്മുടെ നൂററാണ്ടുവരെയും നിലവിലിരുന്ന ഒരാചാരമായിരുന്നു. ഇന്നത്തെ സാർവ്വദേശീയ ദിവ്യകാരുണ്യകോൺഗ്രസ്സുകൾ പ്രാചീന നഗരസ്റ്റേഷന്റെ (Statio urbis) സ്ഥാനത്തു് പുതിയതായി ആവിർഭവിച്ചിരിക്കുന്ന വിശ്വസ്റ്റേഷനായി (Statio orbis) വ്യാഖ്യാനിക്കപ്പെടുന്നു

എന്നാൽ വി. കുർബാന പുനരൈക്യത്തിന്റെ കൂദാശകൂടെയുമാണു്. വി. ഗ്രന്ഥത്തിൽ ക്രിസ്തുനാഥൻ പറയുന്നു: നീ ബലിപീഠത്തിൽ വഴിപാടു് അർപ്പിക്കുമ്പോൾ സഹോദരനു് നിന്നെപ്പററി എന്തെങ്കിലും പരാധിയുണ്ടെന്നു് ഓർമ്മിക്കുന്ന പക്ഷം വഴിപാടു് അവിടെ പീഠസമക്ഷം—വച്ചിട്ടു് ആദ്യം സഹോദരന്റെ പക്കൽ ചെന്നു് രമ്യപ്പെടുക. അനന്തരം വഴിപാടു് അർപ്പിക്കുക' (മത്തായി 5; 23—24) പഴയനിയമത്തിലെ ബലികൾക്കും കാഴ്ചകൾക്കും അനുരഞ്ജനം ആവശ്യമായിരുന്നെങ്കിൽ പുതിയ ഉടമ്പടിയിലെ പരമബലി അർപ്പിക്കപ്പെടുമ്പോൾ ഈ അനുരഞ്ജനം എത്രയോ കൂടുതലായി ആവശ്യമായിരിക്കുന്നു. പ്രാചീന സഭയിൽ ദിവ്യാനുഭോജനം പുനരൈക്യത്തിന്റെ അടയാളവും മുദ്രയുമായിരുന്നു. ഒരു അകത്തോലിക്കൻ കത്തോലിക്കാപള്ളിയിൽ വി. കുർബാന സ്വീകരിച്ചാൽ അതു് കത്തോലിക്കാ സഭയോടു് അയാൾക്കുള്ള പരിപൂർണ്ണ വിധേയത്വത്തിന്റെ അടയാളമായി കരുതിയിരുന്നു. ഞായറാഴ്ചതോറും വിശ്വാസികൾ വി. കുർബാന സ്വീകരിക്കുന്നതെവിടെയോ അവിടെയാണു് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ഭോജനം എന്നു് നാലാം നൂററാണ്ടിലെ ഒരു രേഖ സാക്ഷിക്കുന്നു. ഉയിർപ്പു തിരുനാളാഘോഷം സംബന്ധിച്ച ചരിത്രപ്രസിദ്ധമായ തർക്കം നടന്നുകൊണ്ടിരിക്കവെ അനിസേററസു് പാപ്പാ, എതിർ കക്ഷിയായിരുന്ന വി. പോളിക്കാർപ്പിനെ തന്റെ മുമ്പിൽ വച്ചു് (തന്റെ സമക്ഷം) പരസ്പരൈക്യബന്ധത്തിനു് സാക്ഷ്യമായി, ദിവ്യബലി അർപ്പിക്കുവാൻ നിയോഗിച്ചതായി പറയപ്പെടുന്നു. 'നിങ്ങൾ ചിതറിക്കപ്പെടാതിരിക്കുവാൻ നിങ്ങളെ ഐക്യത്തിൽ നിർത്തുന്നതിനെ (വി. കുർബാന) ഭക്ഷിക്കുവിൻ' എന്നു് വി. ആഗസ്തീനോസു് ഉൽബോധിപ്പിക്കുന്നു. മഹറോൻ

---

അതു് തുല്യമല്ല. എന്നാൽ അതിന്റെ നിഷേധാത്മകമായ വശം തുല്യമാണു്. അതായതു് സ്നേഹത്തിനു ഭംഗംവരുന്ന യാതൊന്നും യാതൊരുവനോടും ചെയ്യുവാൻ പാടില്ല. ഒരു അമ്മ തന്റെ അരുമക്കുഞ്ഞിനെ സ്നേഹിക്കുകയും (ഭാവാത്മകമായ വശം) അപരന്റെ കുഞ്ഞിനെ വെറുക്കുകയും (നിഷേധാത്മകമായ വശം) ചെയ്യുവാൻ പാടില്ല നമുക്കു ശത്രുക്കളായി ആരും ഇല്ല; നാമാരുടെയും ശത്രുക്കളുമല്ല. ഈ പൊതുനിയമത്തോടു് പ്രത്യേകമായ നിയമം ചേരുമ്പോൾ സ്നേഹം പൂർണ്ണമായി.

—o—

ശിക്ഷയുടെ കാഠിന്യം വി. കുർബാന നിഷേധിക്കപ്പെടുന്നു എന്നതിലായിരുന്നു പ്രധാനമായും അടങ്ങിയിരുന്നതു്. Excommunication എന്ന വാക്കിന്റെ അർത്ഥം സമൂഹത്തിൽ നിന്നു് ബഹിഷ്കരിക്കുക എന്നതാണു്. ദൈവത്തിന്റെ ജനം സമൂഹ്യമായെണ്ണുന്നതും അവരുടെ സാഹോദര്യം ഏററു പായുന്നതും ദിവ്യമേശയ്ക്കു് ചുററുമാണല്ലോ. ആകയാൽ Excommunication എന്ന വാക്കിനു് ദിവ്യഭോജനം നിഷേധിക്കപ്പെടുക എന്ന സംജ്ഞയും സാർത്ഥകമാണു്. സഭയുടെ സമൂഹത്തിലേക്കു് പുനഃപ്രവേശിപ്പിക്കപ്പെടുന്നതും ദിവ്യമേശയിങ്കൽ വച്ചായിരുന്നു.

തിരുസഭാഗാത്രത്തിലെ അഗാധമുറിവുകളാണു് ശീശ്മകൾ. സഭയിൽ ഛിദ്രങ്ങൾ ഉത്ഭവിച്ചതിനുള്ള ചരിത്രപരമായ കാരണം സഹോദരൻ സഹോദരനെ സ്നേഹിക്കാതിരുന്നതാണു്. ഐക്യത്തിന്റെ കൂദാശയ്ക്കെതിരായി ക്രൈസ്തവർ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോൾ ഛിദ്രങ്ങളും പിളർപ്പുകളും ഉണ്ടാകുന്നു. ദിവ്യകാരുണ്യനാഥനെതിരായി ക്രൈസ്തവർ സഹോദരങ്ങളോടു ചെയ്ത അപരാധങ്ങളുടെ ഫലമാണു് ഇന്നു് ലോകത്തിൽ കാണുന്ന വിവിധ ക്രൈസ്തവസഭകൾ. ആൾത്താരക്കു് എതിർ ആൾത്താര സ്ഥാപിക്കുക മാരക പാതകമാകുന്നു. കാരണം അതു് ബലിപീഠത്തിന്റെ ഉദ്ദേശത്തെ തകിടം മറിക്കുന്നു. ക്രിസ്തുവിന്റെ രക്തത്തിൽ ഒപ്പുവച്ച ദൈവത്തിന്റെ പുതിയ ഉടമ്പടിയെ ക്രിസ്തീയ ജനം നവീകരിക്കുന്നതിനാണു് ആൾത്താര സ്ഥാപിക്കപ്പെടേണ്ടതു്. ആ പുതിയ ഉടമ്പടി വഴി ക്രിസ്തു തനിക്കായി ഒരു ജനത്തെ നേടിയെടുത്തു. എന്നാൽ ഇന്നു് ആ ജനം പല ക്യാമ്പുകളിൽ വിവിധ ആൾത്താരകളിൽ ആ ഉടമ്പടി പുതുക്കുന്നു! എത്ര കടുത്ത വിരോധാഭാസം!

ക്രിസ്തീയ സഭകളുടെ ഒരു കാഴ്ച ബംഗ്ലാവു തന്നെയാണു് കേരളം. എല്ലാ അകത്തോലിക്കാസഭകളിലും വി. കുർബാന അദ്വിതീയ സ്ഥാനം അലങ്കരിക്കുന്നു. എല്ലാ സഭകളും ഒരേ ദിവ്യബലി തന്നെ അർപ്പിക്കുന്നു. പരിശുദ്ധാത്മാവിന്റെ പ്രത്യേക പ്രവർത്തനത്താൽ ഇന്നു് എല്ലാം സഭകളിലും ഐക്യത്തിനായുള്ള ആഗ്രഹം വർദ്ധമാനമായിക്കൊണ്ടിരിക്കുന്നു. ഐക്യത്തിന്റെ കൂദാശയ്ക്കെതിരായി തെററു ചെയ്തുകൊണ്ടു് സഭകൾ മാതൃഗൃഹം വിട്ടുപേക്ഷിച്ചെങ്കിൽ പുനരൈക്യത്തിന്റേതുകൂടെയായിരിക്കുന്ന അതേ കൂദാശയുടെ ബലിപീഠത്തിങ്കൽ വച്ചു മാത്രമെ അനുരഞ്ജനം സാധ്യമാകൂ. കാരണം, സഭയുടെ ഐക്യം മനുഷ്യനല്ല സാധിക്കുന്നതു് പ്രത്യുത സഭയുടെ ശിരസ്സായ ക്രിസ്തുവാണു് സാധിക്കേണ്ടതു്. ആ ക്രിസ്തു ഐക്യത്തിന്റെ ജീവരക്തം ചംക്രമിക്കുന്ന സഭാഗാത്രത്തിലെ ദിവ്യഹൃദയമാണു് വി. കുർബാന. ആസന്നമായ സാർവ്വത്രിക ദിവ്യകാരുണ്യകോൺഗ്രസ്സ് കേരളത്തിനു നല്കുന്ന സന്ദേശം പുനരൈക്യത്തിനുള്ള ദിവ്യാഹ്വാനമാണു്. ബോംബെയിൽ ക്രിസ്തുവിന്റെ യാഗപീഠത്തിങ്കൽ ബലിയർപ്പിക്കുവാൻ വിശ്വസഭയോടൊത്തു് കേരളീയരും മുട്ടുകുത്തും. അപ്പോൾ തകർന്ന ഹൃദയത്തോടെ നമ്മുടെ ക്രൈസ്തവ സഹോദരങ്ങളെ നമുക്കനുസ്മരിക്കാം. കോൺഗ്രസ്സുവേളയിൽ ദിവ്യകാരുണ്യനാഥൻ നല്കുന്ന 'പ്രസാദം' ഇരുകൈകളും നീട്ടി നമുക്കു് വാങ്ങാം. ആ പ്രസാദവുമായി നമ്മുടെ അകത്തോലിക്കാസഹോദരങ്ങളെ നമുക്കു് സമീപിക്കാം. പൂർണ്ണഹൃദയത്തോടെ പരസ്പരം ക്ഷമിച്ചുകൊണ്ടു് ആ 'പ്രസാദം' നമുക്കു് അവരോടൊത്തു് അനുഭവിക്കാം. ആ പ്രസാദം പുനരൈക്യത്തിനുള്ള പ്രസാദമാണു്, മറെറാന്നുമല്ല. ക്രിസ്തീയസഭയിലെ ഭിന്നതകളെപ്പററി ഉൽക്കടമായ ഒരു മനോവ്യഥ നമുക്കനുഭവപ്പെട്ടാൽ ആ വിടവുകൾ നികത്തുവാൻ എന്തും സഹിച്ചും അദ്ധ്വാനിക്കുവാനുള്ള ഒരാവേശം നമുക്കു് ലഭിച്ചാൽ, അതു് ദിവ്യനാഥൻ നമുക്കു് നല്കുന്ന കോൺഗ്രസ്സ് സ്മാരകമായിരിക്കും.

# കവിത

## "ആറടി മണ്ണു"

(തുള്ളൽ രീതി)

ശങ്കരത്തിൽ ജോൺമത്തായി വൈദ്യൻ

കല്ലറകെട്ടിയ പട്ടടയൊന്നതി-
കല്യതയോടിന്നവിടെ ലസിപ്പൂ
അല്ലൽ ഭവിച്ചതു തെല്ലും കാട്ടമോ
വല്ലഭമുള്ളോനന്യ സമക്ഷം
ഉത്തമമായൊരു ചിത്രപ്പണികൾ
ചേർത്തൊരു കല്ലറയെത്രവിശിഷ്ടം
രക്ഷകനാണിവനെന്നതിനുള്ളൊരു
ലക്ഷ്യംപോലൊരു ക്രൂശുമുയർത്തി-
ട്ടിക്ഷിതിവാസി ജനങ്ങളെയെല്ലാം
പക്ഷമൊടരികിൽ ചേർത്തീടുന്നു.
അർഭകനന്നു വസിച്ചതുപോലൊരു
ഗർഭാശയമീക്കല്ലറയോർത്താൽ
ചിന്തയതൊക്കെയടക്കിവസിപ്പാ-
നന്ത്യമതിങ്കൽ കാണ്മൊരുഗേഹം.
ഭിക്ഷുവുമവനിഹ പ്രഭുവും തുല്യം
പക്ഷമതാരൊട്ടുമുള്ളൊരു മാന്യൻ
ഇക്ഷിതിവിട്ടു ഗമിപ്പോൻദേഹ-
മക്ഷണമങ്ങു വരിക്കും ധീരൻ
പാർത്ഥലമൊക്കെ ലഭിച്ചതുപോരാ-
ണാർത്തിമുഴുത്തു വലഞ്ഞുഗമിക്കും
പാർത്ഥവമീശനു മിതിനുടെയുള്ളിൽ
ആർത്തിയടങ്ങി വസിച്ചതുപാർത്താൽ
കീർത്തനരൂപൻ മൂർത്തിയിതെ-
ന്നോർത്തുവണങ്ങി നമിച്ചിടുമാരും

ഏററം വലയുന്നാപരനുവേണ്ടി
കാററും മഴയും നിത്യവുമങ്ങിനെ-
യുററൻ വേനലുമൊക്കെ സഹിപ്പാ-
നുററൊരു കൃത്യമതെത്ര വിചിത്രം
അന്യനുവേണ്ടിക്കഷ്ടതയേല്പോൻ
ധന്യൻതാനതു നിർണ്ണയമത്രേ.
പുറവും അകവും തമ്മിൽഭേദം
കുറവിതുമാത്രം നിന്നൊന്നിനച്ചാൽ
ധനവും ഭൂമിയുമഖിലം നേടാൻ
മനമതിലാധിമുഴുത്തു ഗമിച്ചു-
ടനനവധിയായ് സകലം നേടിയ
മനുജനുലാഭം ശവക്കുഴിയല്ലോ
സന്നതമരികിൽവസിക്കും ഭാര്യ
സന്തതി ജാലം ധനവും സുഖവും
ഹന്ത! വെടിഞ്ഞാലൊടുവിൽ തുണയിനി-
യെന്തു നമുക്കു ശവക്കുഴിമാത്രം
ലോകമശേഷവുമിങ്ങുലഭിപ്പാ-
നാകുലമോടു പുളച്ചുഗമിക്കും
മാനുഷവീരാ: നീയതുകാൺക
ആറടിമണ്ണു നിനക്കും ലഭ്യം
കൃത്യമൊരാറടിമണ്ണിതുമാത്രം
മർത്ത്യനുഭാഗംചെയ്യൊരു ദേവാ!
സ്തുത്യൻ നീയെന്നതു കണ്ടടിയാൻ
നിത്യവുമങ്ങേ സ്തുതിചെയ്യുന്നു.

# റോമിൽ കണ്ട ചില സുഹൃത്തുക്കൾ

## (തുടർച്ച)

(C. P. Mathew, M. A.)

[കഴിഞ്ഞ ലക്കത്തിൽ ഫാദർ വൈഗലിനെപ്പററി മാത്രമാണ് അനുസ്മരിച്ചതു്. ഈ പ്രാവശ്യമാകട്ടെ പലരെപ്പററി ചുരുക്കം ചുരുക്കമായി പറയാം.]

ഞങ്ങൾ താമസിച്ച ഹോട്ടലിലെ (Castello d' Angels) വായനമുറിയിൽ ഒരിക്കൽ ഞാൻ പത്രങ്ങൾ നോക്കിക്കൊണ്ടിരിക്കയായിരുന്നു. അപ്പോൾ ഒരു പുരോഹിതൻ അവിടെ വന്നു കയറി. ഞങ്ങൾ അന്യോന്യം ഒന്നു നോക്കി അഭിവാദനം ചെയ്തു. അതിന്റെ ശേഷം ഞാൻ പത്രവായന തുടർന്നു. അദ്ദേഹം മാറി ഒരു കസേരയിൽ ആരെയോ പ്രതീക്ഷിച്ചുകൊണ്ട് ഇരിപ്പുറപ്പിച്ചു. പിന്നെ ഞാൻ അദ്ദേഹത്തെ ശ്രദ്ധിച്ചതേയില്ല. ഇതു ഞാൻ റോമിൽ ചെന്നതിനോടടുത്തായിരുന്നു. എന്നാൽ പിന്നീട് യൂണിററി സെക്രട്ടറിയേററിലെ ആളുകളും ഞങ്ങളുമായുള്ള പ്രതിവാരസംഭാഷണയോഗങ്ങളിലും മററും ഇദ്ദേഹം സാധാരണയായി വരികയും, അന്യയൂറോപ്യൻ ഭാഷകളിൽ (പ്രത്യേകിച്ചു ജർമ്മൻ) പറയുന്ന പ്രസംഗങ്ങൾ ഇംഗ്ലീഷിലേക്കു വിവർത്തനംചെയ്തു തരികയും ചിലപ്പോൾ തന്റെ സഭയുടെ നിലപാടിനെ വിശദീകരിച്ചു് സംസാരിക്കയും ചെയ്തുപോരുന്നതായി കണ്ടു. അപ്പോഴാണു ഇദ്ദേഹം ആരാണെന്നു ഞാൻ തിരക്കിയറിഞ്ഞതു്. ഫാദർ ഗ്രിഗറി ബോം (Gregory Boum) എന്നാദേഹമായിരുന്നു അതു്, ജർമ്മനിയിൽനിന്നു ശാസ്ത്രപഠനത്തിനായി അനേകവർഷങ്ങൾക്കു മുമ്പ് അമേരിക്കയിൽ പോയി എന്നും അവിടെ വച്ചു് മുമ്പു നിരീശ്വരചിന്തകനായിരുന്ന ഇദ്ദേഹം ക്രിസ്തുവിശ്വാസിയായിത്തീർന്ന് പിന്നീട് കത്തോലിക്കാസഭയിലെ പൌരോഹിത്യസ്ഥാനത്തു പ്രവേശിച്ചു എന്നുമെല്ലാം ഇദ്ദേഹത്തെപ്പററി ആരോ എന്നോടു പറഞ്ഞു. Ecumenist എന്ന ഒരു ചെറിയ ദ്വൈമാസികയുടെ പ്രധാന പത്രാധിപരാണിദ്ദേഹം. ഇവിടത്തെ ഞങ്ങളുടെ എക്യുമെനിക്കൽ പഠനഗ്രൂപ്പിന്റെ ഉപയോഗത്തിലേക്കായി അതിന്റെ രണ്ടു പ്രതികൾ എന്റെ പേക്കു് അയച്ചുകൊണ്ടിരിക്കുന്നുമുണ്ട്. റോമിൽനിന്നു പോരുന്നതിനു മുമ്പായി പലടത്തുവച്ചു അദ്ദേഹത്തെ കണ്ടെന്നുവരികിലും ഒരിക്കലും സ്വൈരസംഭാഷണത്തിനു അവസരം കിട്ടിയില്ല.

കൌൺസിൽയോഗങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോൾ ബിഷോപ്പന്മാരിലും നിരീക്ഷകരിലും പലരും ഇറങ്ങി ബാസിലിക്കായിൽ തന്നെ അങ്ങുമിങ്ങുമെല്ലാം നടക്കയും സംഭാഷണങ്ങളിലേർപ്പെടുകയും പതിവായിരുന്നു. രണ്ടു മുറികളിലായി കാപ്പിയും പലഹാരങ്ങളും എല്ലാവർക്കും കൊടുത്തുപോന്നിരുന്നു. മിക്കപ്പോഴും ഈ മുറികൾ ബിഷോപ്പന്മാരെക്കൊണ്ട് നിബിഡമായിരുന്നു. ഒരിക്കൽ കാപ്പികുടികഴിഞ്ഞു ഞാൻ മുറിയിൽനിന്നു ഇറങ്ങിയപ്പോഴും ഫാദർ ഹാൻസ്കൂംഗിനെ (Hans Kuing) കണ്ടുമുട്ടി. പത്തുമുപ്പത്തഞ്ചു വയസ്സു മാത്രമേയുള്ളുവെങ്കിലും ഇതിനകം വളരെ പ്രസിദ്ധനായിത്തീർന്ന ഒരു വേദശാസ്ത്രജ്ഞനാണിദ്ദേഹം. പ്രസംഗകനും ഗ്രന്ഥകാരനുമാണ്. വളരെ പുരോഗമനപരമായ ആശയങ്ങൾ പുലർത്തുന്നാദേഹവുമാണ്. പ്രസിദ്ധ പ്രോട്ടസ്റ്റൻറു വേദശാസ്ത്രജ്ഞനായ (Karl Barth) കാൾബാർത്തുമായി ഇദ്ദേഹം ഒരിക്കൽ നടത്തിയ സംഭാഷണമദ്ധ്യേ അദ്ദേഹം ചോദിച്ചു 'താങ്കൾ ഒരുകാലത്ത് പാപ്പായാകുന്ന പക്ഷം അന്നു ഈ അഭിപ്രായങ്ങൾതന്നെ പരസ്യമായി പ്രസ്താവിക്കുമോ" എന്നു "അതിനൊരു തടസ്സവും ഞാൻ കാണുന്നില്ല". എന്നു മറുപടിയും കൊടുത്തു. എക്യുമെനിസത്തെപ്പററി വിജ്ഞാനപ്രദങ്ങളായ പല ചെറുപുസ്തകങ്ങൾ ഇദ്ദേഹം രചിച്ചിട്ടുണ്ട്. യാഥാസ്ഥിതികരണാ

ധിപന്മാരിൽ പലക്കും ഇവ അത്ര രുചികരമാണെന്നു തോന്നുന്നില്ല. റോമിലെ കത്തോലിക്കാ പുസ്തകവില്പന ഷോപ്പുകളിൽ ഇവ വിററുകൂടായെന്നു രഹസ്യമായ വിലക്കു ഉണ്ടെന്നുതന്നെ ഒരിക്കൽ ഒരു പത്രത്തിൽ കണ്ടു. പക്ഷെ അതു് അവാസ്തവമായിരുന്നു എന്നാണു് വിചാരിക്കേണ്ടതു്. അവിടത്തെ ഏററവും വലിയ വില്പനശാലയിൽ അദ്ദേഹത്തിൻെറ പുസ്തകങ്ങൾ വച്ചിരിക്കുന്നതായി ഞാൻ കണ്ടു. ഇദ്ദേഹത്തെ കാണാനിടയായതിൽ എനിക്കു വളരെ സന്തോഷം തോന്നി. പക്ഷെ ഏതാനും നിമിഷങ്ങൾ മാത്രമേ സംഭാഷണത്തിനായി കിട്ടിയുള്ളു. പിന്നീടു അദ്ദേഹത്തിനെ കാണാൻ സാധിച്ചതേയില്ല. ഇദ്ദേഹത്തിൻെറ പുസ്തകങ്ങൾ കേരളത്തിലെ വിവിധ സഭകളിൽ പെട്ടവരും വായിച്ചിരിക്കുന്നതു് നന്നായിരിക്കും, പ്രത്യേകിച്ചും "The Council and Reunion" എന്ന പുസ്തകം.

ബാസിലിക്കായിൽ ഒരു ദിവസം കൌൺസിൽയോഗം തുടങ്ങുന്നതിനു് അല്പം മുമ്പായി നിരീക്ഷകർക്കുള്ള ബ്ലോക്കിൽ ഞങ്ങൾ ഇരിക്കയായിരുന്നു. അപ്പോൾ ഒരു പുരോഹിതൻ കയറിവന്നു് ഞങ്ങളിൽ ഓരോരുത്തർക്കും ഹസ്തദാനം ചെയ്തശേഷം ഇറങ്ങിപ്പോയി. ആരാണെന്നുതന്നെ അപ്പോൾ മനസ്സിലായില്ല. അന്വേഷിച്ചപ്പോൾ Fr. Y. Congar ആണെന്നറിഞ്ഞു. ഇദ്ദേഹത്തിൻെറ കൃതികളും തൻെറ സഭയിലെ പ്രാമാണികന്മാരിൽ ഒരു പങ്കു് സംശയത്തോടും അപ്രീതിയോടും വീക്ഷിച്ചുപോരുന്നതായിട്ടാണറിവു്. അവയിൽ ചിലതിൻെറ പ്രസിദ്ധീകരണം തന്നെ ഒരു കാലത്തു് അധികൃതർ തടഞ്ഞിരുന്നുവെന്നുമാണു് ഓർമ്മ.

യൂണിററി സെക്രട്ടറിയററിലെ ജനറൽ സെക്രട്ടറിയായ ഫാദർ വില്ലിബ്രാണ്ട്സ് (Willebrands) അത്രേ സെക്രട്ടറിയററ് പ്രതിനിധികളും നിരീക്ഷകരായ ഞങ്ങളുംകൂടെച്ചേർന്നുള്ള പ്രതിവാര യോഗങ്ങളിൽ ആദ്ധ്യക്ഷംവഹിച്ചുപോന്നിരുന്നതു്. യോഗങ്ങളിൽ സംസാരിക്കണമെന്നാഗ്രഹിക്കുന്നവർ അദ്ദേഹത്തിൻെറ പക്കൽ പേരെഴുതിക്കൊടുക്കുക പതിവായിരുന്നു. ഓരോരുത്തരുടെയും തവണ വരുമ്പോൾ അദ്ദേഹം പേരു വായിക്കും. ഒരിക്കൽ എൻെറ പേരു് "ബിഷപ്പുമാത്യു" എന്നു വായിച്ചു, എന്നെ പ്രസംഗത്തിനു് ക്ഷണിച്ചു. ഞാൻ കേവലം ഒരത്മായക്കാരനാണെന്നും, പക്ഷേ സഭയിൽ അത്മായക്കാർക്കുള്ള സ്ഥാനത്തെപ്പററി പറയുന്നതിനു് അതുകൊണ്ടു എനിക്കു പ്രത്യേകം അവകാശമുണ്ടല്ലോ എന്നുമുള്ള മുഖവുരയോടെയത്രേ സംസാരിച്ചുതുടങ്ങിയതു്. ലാററൻ ബാസിലിക്കായിൽ ഒരു പ്രത്യേക ശുശ്രൂഷയിൽ സംബന്ധിക്കുന്നതിനായി ഞങ്ങളെ എല്ലാംകൂടെ ഒരിക്കൽ കൊണ്ടുപോയിരുന്നു. മടങ്ങിവരുമ്പോൾ ബസ്സിൽവച്ചു ഞാൻ അദ്ദേഹത്തോടു ചോദിച്ചു, ലാററൻ പാലസു് ഇപ്പോൾ എന്തിനായിട്ടാണുപയോഗിക്കുന്നതെന്നു്. 'പാലസ്' എന്ന വാക്കു് അദ്ദേഹത്തിനു് പിടികിട്ടിയില്ല. രണ്ടുമൂന്നു പ്രാവശ്യം ഞാൻ ആവർത്തിച്ചിട്ടും ഫലം കണ്ടില്ല. അദ്ദേഹത്തിനു് ഇംഗ്ലീഷ്ഭാഷ കുറെ അറിയാമെങ്കിലും എല്ലാ പദങ്ങളുടെയും ഉച്ചാരണം പരിചയിച്ചിട്ടില്ല എന്നു തോന്നി. അപ്പോൾ അടുത്തിരുന്ന ഒരാൾ എൻെറ സഹായത്തിനു് വന്നു "പലാസ്സോ" എന്ന ലത്തീൻ പദം (അതോ, ഇററാലിയനോ?) ഉപയോഗിച്ചു് എൻെറ ചോദ്യം മനസ്സിലാക്കിക്കൊടുത്തു. എനിക്കു് മറുപടിയും കിട്ടി. മറുപടികിട്ടിയില്ലെങ്കിലും എൻെറ ചോദ്യംകൊണ്ടു് പിൻവലിഞ്ഞാൽ മതി എന്നുവരെ ഞാൻ ആഗ്രഹിച്ചതായിരുന്നു! ഫലിതവും കളിപറച്ചിലും ഒന്നും ഇദ്ദേഹത്തിനു് അധികമില്ല. തീരെ ഇല്ലെന്നു പറയാനും പാടില്ല. ഒരിക്കൽ ഒരു യോഗത്തിൽ വച്ചു് ഒരു നിരീക്ഷകൻ ഒരു നക്കൽ ഡിക്രിയിലെ ഏതോ ഒരു ഭാഗം ഭേദപ്പെടുത്താത്തപക്ഷം ഉണ്ടാകാവുന്ന അനാശാസ്യ ഭവിഷ്യത്തിനെപ്പററി പ്രസംഗിച്ചു നിറുത്തിയ ഉടൻ "ഈ അപകടമുന്നറിയിപ്പിനായി പ്രത്യേകം നന്ദി പറഞ്ഞുകൊള്ളുന്നു" എന്നു അദ്ധ്യക്ഷപദത്തിൽനിന്നു അദ്ദേഹം സഗൌരവം പറഞ്ഞതു് ഫലിതമായിട്ടുകൂടെയായിരുന്നോ എന്നു നിശ്ചയമില്ല. ഏതായാലും സദസ്യരിൽ പലരും പൊട്ടിച്ചിരിച്ചു. ഏതാനും മാസങ്ങൾക്കു മുമ്പു് ഇദ്ദേഹം ഒരു ബിഷോപ്പായി പട്ടം കെട്ടപ്പെട്ടു. എനിക്കും ഒരു ക്ഷണക്കത്തു് അയച്ചിരുന്നു. പ്ലയിൻയാ

ത്തുയ്ക്കു് ഒരു ഫ്രീടിക്കററുംകൂടെ അയച്ചിരുന്നെങ്കിൽ പോകുന്ന കാര്യം ആലോചിക്കാമായിരുന്നു! എൻെറ ശുഭാശംസകൾ നേരുന്നതായി ഒരു കത്തു് അയച്ചു ഞാൻ തൃപ്തിയടഞ്ഞു. അതിന് ഒരു മറുപടിയും അദ്ദേഹം അയച്ചുതന്നു.

സെക്രട്ടറിയററിൻെറ അദ്ധ്യക്ഷനായ കർദ്ദിനാൾ ബെയാ (Bea) യെ പല സമ്മേളനയോഗങ്ങളിൽവച്ചു ആൾക്കൂട്ടത്തിൽ കണ്ടിട്ടേയുള്ളു. ഇദ്ദേഹം കൌൺസിലിൽ പ്രസംഗിക്കാനായി എഴുന്നേല്ക്കുമ്പോൾ മിക്കവരും പ്രത്യേകിച്ചു നിരീക്ഷകബ്ലോക്കിലുള്ള ഞങ്ങൾ, സവിശേഷമായ ആദരവോടെ ശ്രദ്ധിക്കാറുണ്ടായിരുന്നു. ഞങ്ങളുടെ പ്രതിവാരയോഗങ്ങളിൽ ഒരിക്കൽപോലും വരുന്നതിന് അദ്ദേഹത്തിനു സാധിച്ചില്ല.

(അടുത്ത ലക്കത്തിൽ സമാപനം)

---

# ലീജിയൻെറ പ്രേഷിതചൈതന്യം

(ആനിക്കുട്ടി സൈമൺ, റാന്നി)

പ്രേഷിതപ്രവർത്തനം ഒരു കത്തോലിക്കൻെറ മൗലീകവും, അനിവാര്യവുമായ ഒരു കർത്തവ്യമാണു്. പഴയ നൂററാണ്ടുകളിൽ ലീജിയനെപോലുള്ള ഭക്തസംഘടനകൾ വിരളമായിരുന്നെങ്കിലും ആദിമക്രിസ്ത്യാനികൾ തങ്ങളുടെ പ്രേഷിതചുമതലയെ യഥാവിധി പോഷിപ്പിച്ചിരുന്നു. "നിങ്ങൾ ലോകമെങ്ങും പോയി സകല ജാതികളോടും എൻെറ സുവിശേഷം അറിയിക്കുക" എന്നുള്ള ക്രിസ്തുനാഥൻെറ അനശ്വരങ്ങളായ വാക്യശകലങ്ങൾ അവരുടെ കർണ്ണപുടങ്ങളിൽ അനുനിമിഷം ആഞ്ഞടിച്ചുകൊണ്ടിരുന്നുവെന്നു ചരിത്രത്തിൻെറ ഏടുകൾ പരിശോധിച്ചാൽ മനസ്സിലാവും.

എന്നാൽ പ്രേഷിത പ്രവർത്തനങ്ങൾക്കും, ആത്മവിശുദ്ധീകരണത്തിനും സഹായകമായി നില്ക്കുന്ന ആധുനികകാലത്തെ ഒരു മഹാസംഘടനയാണു് ലീജിയൻ. മരിയസൈന്യത്തിൻെറ പ്രവർത്തനപദ്ധതികളും പരി. കന്യകയോടുള്ള ഐക്യവും സകലരെയും ആകർഷിച്ചിട്ടുണ്ടു്. വിശുദ്ധവും സുന്ദരവുമെന്നു് പരി: പിതാവു് പ്രകീർത്തിക്കുന്ന ലീജിയൻ ഓഫ് മേരി ലോകത്തെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള നമ്മുടെ അമ്മയുടെ അക്ഷീണ പ്രയത്നങ്ങളിൽ സജീവമായി പങ്കെടുക്കുന്ന ഒരു സൈന്യസമൂഹമാണു്. ആധുനിക ലോകത്തെ ക്രിസ്തുവിനുവേണ്ടി കീഴടക്കുന്നതിനു ഇതു് തികച്ചും പര്യാപ്തമാണു്. ക്രിസ്തുവിനാൽ സ്ഥാപിതവും, പരിശുദ്ധവുമായ കത്തോലിക്കാസഭയുടെ അമൂല്യമായ ആദർശങ്ങൾ എപ്രകാരമാണു് ഇന്നത്തെ ലോകത്തിനു് വെളിപ്പെടുത്തേണ്ടതെന്നതാണു് നമ്മെ അലട്ടുന്ന ഒരു പ്രശ്നം. കത്തോലിക്കാ പ്രസിദ്ധീകരണങ്ങളും, മാസികകളും, റേഡിയോ പ്രസംഗങ്ങളും കാലോചിതങ്ങളെങ്കിലും, അവയ്ക്കൊന്നും ലോകത്തെ കീഴടക്കുന്നതിനു് സാധിക്കുകയില്ല. മതതത്വങ്ങളും, ആദർശങ്ങളും ദരിദ്രലക്ഷങ്ങളെ ആകർഷിക്കയില്ല. എന്നാൽ മനുഷ്യരെ സ്നേഹിക്കുന്നതിനും അവർക്കു് നന്മ ചെയ്യുന്നതിനും ഏവരെയും പ്രേരിപ്പിക്കുന്ന ഒരു സംഘടനയ്ക്കു് അനേക ലക്ഷങ്ങളെ ക്രിസ്തുനാഥനിലേക്കു ആകർഷിക്കുവാൻ സാധിക്കും. ഈ സ്തുത്യർഹമായ ജോലി ലീജിയൻ അംഗങ്ങൾ അനുസ്യൂതം നിർവ്വഹിക്കുന്നുണ്ടു്.

മററു സംഘടനകളെ അപേക്ഷിച്ചു് ലീജിയനു് ചില പ്രത്യേക വൈശിഷ്ട്യങ്ങളുണ്ടു്. അംഗങ്ങളുടെ വിശുദ്ധീകരണമാണു് പരമോദ്ദേശമെങ്കിലും പൊതുജനസേവനമാണു് അതിൻെറ പ്രധാന ജോലി. സ്വയം വിശുദ്ധീകരിക്കുകയും മററുള്ളവരെ വിശുദ്ധിയിലേക്കു് ആകർഷിക്കയും ചെയ്യുക എന്നതു് ലീജിയൻെറ ഒരു അടിസ്ഥാനതത്വമാണു്. സ്വയം വിശുദ്ധീകരിക്കുകയും അന്യരെ അതിനു് പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതു തന്നെ ഏററവും വലിയ ഒരു പ്രേഷിത പ്രവർത്തനമല്ലേ? ജാതിമതഭേദമെന്യേ സകലർക്കും സഹായസഹകരണങ്ങൾ എത്തിച്ചുകൊടുക്കുന്നതിൽ ലീജിയനംഗങ്ങൾ ബദ്ധശ്രദ്ധരാണു്. കഷ്ടപ്പെടുന്നവരെ സഹായിച്ചും, മനഃക്ലേശമനുഭവിക്കുന്നവർക്കു് ഉപദേശം നല്കിയും മുൻപോട്ടു് പോകുന്നു. ആപത്തുകളിലും പ്രയാസങ്ങളിലും, മററുള്ളവർക്കു് ഉപദേശം നല്കുകയും സഹായങ്ങൾ നല്കുകയും ചെയ്യുന്നതു് എ

ത്രു മഹത്തായ ഒരു പ്രവൎത്തനമാണു്. ഈ സഹായങ്ങൾ നല്കുന്നതിനോടൊപ്പം അവരിലേക്കു് കത്തോലിക്കാ വിശ്വാസചൈതന്യം പ്രസരിപ്പിക്കുന്നതിനും കത്തോലിക്കാ സംഘടനങ്ങളുടെ മാതൃകാപരമായ പ്രവൎത്തനങ്ങളെ മനസ്സിലാക്കുന്നതിനും സഹായകമാണു്.

ലീജിയനംഗങ്ങൾ ഭവനസന്ദർശനങ്ങൾ നടത്തുകയും, കത്തോലിക്കാ മാസികകൾ വിതരണം ചെയ്യുകയും ചെയ്യുന്നുണ്ടു്. ഇങ്ങനെയുള്ള സന്ദർശനങ്ങളും മാസികകളുടെ വിതരണവും മൂലം കത്തോലിക്കാസഭയെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ നീക്കുന്നതിനും അവരെ സത്യത്തിലേക്കു് ആനയിക്കുന്നതിനും കത്തോലിക്കാ വിശ്വാസം പ്രചരിപ്പിക്കുന്നതിനും സാധിക്കുന്നു.

ഇതിനെല്ലാം ഉപരിയായി ലീജിയനംഗങ്ങൾ മാതാവുമായി ഐക്യപ്പെടുകയും അവളോടുള്ള ഭക്തിയിൽ അനുദിനം മുഴുകിച്ചേരുകയും ചെയ്യുന്നു. ലീജിയനംഗങ്ങളുടെ പ്രത്യേകപ്രാൎത്ഥനയാണു് ജപമാല. ലീജിയനംഗങ്ങളുടെ പ്രവൎത്തനങ്ങൾക്കെല്ലാം അടിസ്ഥാനവും, സഹായകവുമായി നില്ക്കുന്നതു് ഈ പ്രാൎത്ഥനയാണു്. ഒരു കാലത്തു് ടർക്സ് ജാതിക്കാർ യൂറോപ്പിലെ വൻശക്തികളായിരുന്നു. 1571 ഒക്‌റ്റോബർ 7-ാം തീയതി ലോകത്തിൽ നടന്നിട്ടുള്ളതിൽ വച്ചേറ്റവും ഭയങ്കരമായ ഒരു കടൽ യുദ്ധം അഡ്രിയാററിക്കു് സമുദ്രത്തിൽ പൊട്ടിപ്പുറപ്പെട്ടു. ടർക്സ് ഒരു വശത്തും ക്രിസ്ത്യാനികൾ മറുവശത്തും.

പീയൂസ് അഞ്ചാമന്റെ ആഗ്രഹപ്രകാരം റോമിലുള്ള മരിയസഖ്യാംഗങ്ങൾ ജപമാല പ്രാൎത്ഥന നടത്തി. ജപമാലയുടെ ശക്തിവിശേഷം മൂലം ക്രിസ്ത്യാനികൾ ആ അത്യാപത്തിൽ നിന്നു് രക്ഷപെട്ടു. ഇങ്ങനെ അനേക അത്ഭുതങ്ങൾ ജപമാലയുടെ സഹായത്താൽ നടത്തുന്നുണ്ടു്. ഇത്ര ശക്തിമത്തായ ഒരു ആയുധം ധരിച്ചിട്ടുള്ള സൈനികർക്കു് ഈ യുഗത്തിൽ അനേകം കാര്യങ്ങൾ പ്രവൎത്തിക്കാൻ സാധിക്കും. പട്ടക്കാർക്കും, മെത്രാന്മാർക്കും കടന്നു ചെല്ലാൻ പററാത്ത എല്ലാ ജീവിതതുറകളിലും ലീജിയനംഗങ്ങൾക്കു് പ്രവേശിക്കാനും, പ്രവർത്തിക്കാനും സാധിക്കും. കത്തോലിക്കർ ആതുരസേവനത്തിനും സമസൃഷ്ടസ്നേഹത്തിനും വേണ്ടി നില കൊള്ളുന്നു എന്നു് മറ്റുള്ളവർ മനസ്സിലാക്കണം. അതിനു് ഇത്ര കാര്യക്ഷമമായി നടത്തുന്ന വേറെ സംഘടനകൾ ഇല്ലെന്നു തന്നെ പറയാം.

ഈ സംഘടനവഴിയായി ഓരോരുത്തരും പ്രേഷിതരാകണം. മററുള്ളവരെ പ്രേഷിതപ്രവൎത്തനത്തിനു് സഹായിക്കുകയും വേണം. പ്രേഷിതപ്രവൎത്തനം മെത്രാന്മാർക്കും പട്ടക്കാൎക്കുമായി വേർതിരിച്ചിട്ടുള്ള ഒന്നല്ലായെന്നു് നാം മനസ്സിലാക്കുകയും, മററുള്ളവരെ മനസ്സിലാക്കുകയും ചെയ്യേണ്ടതുണ്ടു്. ഈ ആധുനിക യുഗത്തിൽ ലീജിയനെപ്പോലെയുള്ള സംഘടനകൾ യഥോചിതം പ്രവൎത്തിക്കേണ്ടതത്യാവശ്യമാണു്. അജ്ഞാനാന്ധകാരത്തിൽ കിടന്നു ശ്വാസം മുട്ടുന്ന അനേക ലക്ഷങ്ങളെ ക്രിസ്തുവിങ്കലേക്കു് ആകൎഷിക്കുന്നതിനും കത്തോലിക്കാവിശ്വാസം ലോകമെങ്ങും പ്രചരിപ്പിക്കുന്നതിനും ഈ സംഘടന വഴി സാധിക്കട്ടെ.

---

**For favours received**



**Inserted by**

K. T. GEORGE,
Thotalil Veedu,
Mylapra P. O.
Pathanamthitta.

# വിവിധ വൃത്താന്തങ്ങൾ

## അഖിലലോക സഭാകൗൺസിൽ

അകത്തോലിക്കാസഭകളുടെ ലോകകൗൺസിലിൻെറ ആരംഭം മുതൽ അതിൻെറ സെക്രട്ടറിയായിരുന്ന ഡോ വിസ്സർ ട്ടഫ്ററ് അടുത്ത വർഷം ആ ജോലിയിൽനിന്നു വിരമിക്കുന്നതാണെന്നറിയുന്നു. സ്കോട്ടിഷ് എപ്പിസ്കോപ്പൽ സഭയിലെ ഒരു പട്ടക്കാരനായ റവ. പാട്രിക് റോഡ്ജറിനെയാണ് പുതിയ സെക്രട്ടറിയായി നാമനിർദ്ദേശം ചെയ്തിരിക്കുന്നത്. ഇദ്ദേഹം ലോകകൗൺസിലിൻെറ "വിശ്വാസവും പട്ടത്വവും" സംബന്ധിച്ച ഡിപ്പാർട്ടുമെൻറിൻെറ പ്രമുഖ പ്രവർത്തകനാണ്.

* * *

## കൂദാശക്രമങ്ങൾ ദേശീയഭാഷയിൽ

കൂദാശാനുഷ്ഠാനങ്ങൾ സംബന്ധിച്ചുള്ള എല്ലാ പ്രാർത്ഥനകളും കഴിഞ്ഞ സെപ്റ്റംബർ 14 മുതൽ അമേരിക്കൻ ഐക്യനാടുകളിൽ ഇംഗ്ലീഷ് ഭാഷയിലാക്കിയിരിക്കുന്നു. ന്യൂയോർക്കിലെ കാർഡിനൽ സ്പെൽമാൻ, ഡെട്രായിററിലെ ബിഷപ് ഡിയർഡർ എന്നിവരാണ് ഈ പരിഷ്കാരത്തിനു നേതൃത്വം നൽകിയത്.

* * * *

## നീഗ്രോനേതാവ്

അമേരിക്കയിലെ നീഗ്രോ നേതാവായ റവ മാർട്ടിൻ ലൂതർ കിംഗ് മാർപ്പാപ്പാ തിരുമേനിയെ സന്ദർശിച്ച് പന്ത്രണ്ടു മിനിററു നേരം സംഭാഷണം നടത്തി. മഹാത്മാ ഗാന്ധിയുടെ അക്രമരാഹിത്യ നയത്തെ മാർപ്പാപ്പാ പരാമർശിക്കുകയും നീഗ്രോകളുടെ അവകാശസമ്പാദനത്തിന് അക്രമത്തിൻെറ മാർഗ്ഗം സ്വീകരിക്കരുതെന്ന് ഉപദേശിക്കുകയും ചെയ്തതായി റവ ലൂതർ കിംഗ് പത്രപ്രതിനിധികളോടു പ്രസ്താവിച്ചു.

* * * *

## കർദ്ദിനാളന്മാരുടെ പ്രായം

ബോംബെ ദിവ്യകാരുണ്യസമ്മേളനത്തിൽ സംബന്ധിക്കാൻ സാധിക്കാത്ത കർദ്ദിനാളന്മാരെ പരാമർശിച്ചുകൊണ്ട് കർദ്ദിനാൾസംഘത്തിൻെറ പ്രായത്തെപ്പററി ബോംബെ ആർച്ചുബിഷപ് കർദ്ദിനാൾ ഗ്രേഷ്യസ് ഇപ്രകാരം പ്രസ്താവിക്കുന്നു: ഇപ്പോൾ 78 കർദ്ദിനാളന്മാരുണ്ട്. ഇവരിൽ 90 വയസ്സിൽ കവിഞ്ഞവരുടെ എണ്ണം 2; 80 നും 90 നും ഇടയ്ക്കുള്ളവർ 21; 70 നും 80 നും ഇടയ്ക്കുള്ളവർ 31; 60 നും 70 നും ഇടയ്ക്കുള്ളവർ 17; 50 നും 60 നും ഇടയ്ക്കുള്ളവർ 7. പതിനാലു കർദ്ദിനാളന്മാർ ബോംബെ കോൺഗ്രസിൽ സംബന്ധിക്കുമെന്നാണു പ്രതീക്ഷിക്കപ്പെടുന്നത്.

* * * *

## സ്പെയിനിലെ പ്രോട്ടസ്റ്റൻറുസഭ

സ്പെയിനിലെ കത്തോലിക്കാ മേലദ്ധ്യക്ഷന്മാരും ജനറൽ ഫ്രാങ്കോയും ഒപ്പുവച്ച ഒരു കരാറിൻെറ ഫലമായി ആ രാജ്യത്തുള്ള പ്രോട്ടസ്റ്റൻറു സഭാംഗങ്ങൾക്ക് പള്ളികൾ സ്ഥാപിക്കുന്നതിനും, പുസ്തകങ്ങൾ പ്രചരിപ്പിക്കുന്നതിനും മതാനുഷ്ഠാനങ്ങൾ പരസ്യമായി നടത്തുന്നതിനുമുള്ള അവകാശങ്ങൾ വ്യക്തമായി നൽകപ്പെട്ടിരിക്കുന്നു. സ്പെയിനിൽ ഇരുന്നൂറുലക്ഷം കത്തോലിക്കരും ഏകദേശം ഒരുലക്ഷത്തോളം പ്രോട്ടസ്റ്റൻറു സഭാംഗങ്ങളുമാണുള്ളത്.

* * * *

## ഇൻഡ്യയിൽനിന്നുള്ള നിരീക്ഷകർ

രണ്ടാം വത്തിക്കാൻ സൂനഹദോസിൽ സംബന്ധിക്കുന്ന നിരീക്ഷകരുടെ കൂട്ടത്തിൽ ഇൻഡ്യയിലെ വിവിധ സഭകളെ പ്രതിനിധീകരിക്കുന്നത് ഫീലിപ്പോസ് മാർ ക്രിസോസ്റ്റം തിരുമേനി (മാർത്തോമാ) വെരി റവ. ററി. എസ്. ഏബ്രഹാം കോറെപ്പിസ്കോപ്പാ (ഓർത്തഡോക്സ്) റവ. ഏണസ്റ്റ് ജോൺ (ആംഗ്ലീക്കൻ) എന്നിവരാണ്. ദക്ഷിണേന്ത്യൻ സഭയുടെ പ്രതിനിധി ഉടനെതന്നെ റോമിലെത്തുന്നതാണെന്നറിയുന്നു.

* * * *

## ഫ്രാൻസിസ് സേവ്യർ

വി ഫ്രാൻസിസ് സേവ്യറിൻെറ ശരീരം നവംബർ 24 മുതൽ ഒരുമാസത്തേയ്ക്ക് പരസ്യവണക്കത്തിനായി ഗോവയിൽ പ്രദർശിപ്പിക്കുന്നതാണ്. വിദേശത്തുനിന്നും ഇൻഡ്യയുടെ പലഭാഗങ്ങളിൽ നിന്നുമായി ഗോവയിലെത്തുന്ന ആയിരക്കണക്കിനു തീർത്ഥാടകരുടെ സൗകര്യത്തിനുവേണ്ടി എല്ലാ ക്രമീകരണങ്ങളും ഗോവാ ഗവമ്മെൻറു ചെയ്തുകൊടുക്കുന്നതായിരിക്കും.

# ബോംബെ ദിവ്യകാരുണ്യ കോൺഗ്രസ് വാർത്തകൾ

(നവംബർ 28—ഡിസംബർ 6)

## മാർപ്പാപ്പായുടെ സംഭാവന,

അന്തർദ്ദേശീയ ദിവ്യകാരുണ്യകോൺഗ്രസിന്റെ സഹായത്തിനായി അമേരിക്കയിലെ കത്തോലിക്കാ സാമൂഹ്യപ്രവർത്തന സംഘങ്ങൾവഴിയായി ഒരു ലക്ഷത്തി ഇരുപതിനായിരം ഡോളർ മാർപ്പാപ്പാ തിരുമേനി സംഭാവന ചെയ്തിരിക്കുന്നു. ഔഷധങ്ങൾ, ഭക്ഷ്യസാധനങ്ങൾ, വസ്ത്രങ്ങൾ എന്നിവയ്ക്കായിട്ട് ഈ തുക ചെലവാക്കുന്നതായിരിക്കും.

* * * *

## പ്രസംഗകർ

കോൺഗ്രസിന്റെ ഉത്ഘാടന സമ്മേളനത്തിൽ ഇൻഡ്യൻ പ്രസിഡന്റ് ഡോ. രാധാകൃഷ്ണൻ സംബന്ധിക്കുന്നതും പ്രസംഗിക്കുന്നതുമാണെന്നറിയുന്നു. ഇംഗ്ലണ്ടിലെ വെസ്റ്റ്മിൻസ്റ്റർ ആർച്ചുബിഷപ് ഡോ. ഹീനാൻ ദിവ്യകാരുണ്യ സമ്മേളനത്തിലെ ഒരു പ്രമുഖ പ്രസംഗകനായിരിക്കും. ന്യൂയോക്കിലെ കൊളംബിയാ യൂനിവേഴ്സിററിയിലെ ഇംഗ്ലീഷ് പ്രൊഫസറും ഒരു ഗ്രന്ഥകാരനുമായ ബാരി ഉലാനോവ് ആയിരിക്കും കോൺഗ്രസിലെ വേറൊരു പ്രസംഗകൻ.

* * *

## കോൺഗ്രസിന്റെ ചെലവ്

ദിവ്യകാരുണ്യകോൺഗ്രസിന് 50 ലക്ഷം രൂപാ ചെലവാകുമെന്നും അതിന്റെ മൂന്നിലൊന്ന് ഇൻഡ്യയിൽനിന്നുതന്നെ പിരിച്ചെടുക്കുന്നതാണെന്നും കാർഡിനൽ ഗ്രേഷ്യസ് തിരുമേനി പ്രസ്താവിച്ചിരിക്കുന്നു.

* * *

## ഉച്ചഭാഷിണി

ബോംബെ സമ്മേളനത്തിലെ ഉച്ചഭാഷിണി ക്രമീകരണങ്ങൾ ഒരു പ്രസിദ്ധ ഡച്ചുകമ്പനിയുടെ ചുമതലയിലായിരിക്കും നടത്തപ്പെടുന്നത്. നാലു മൈൽ ചുററളവിനുള്ളിൽ കോൺഗ്രസ് പരിപാടികൾ വ്യക്തമായി കേൾക്കത്തക്കവിധമായിരിക്കും ക്രമീകരണങ്ങൾ ചെയ്യുന്നത്,

## എത്രപേർ സംബന്ധിക്കും?

ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നായി 15,000 വിദേശ പ്രതിനിധികൾ ബോംബെയിൽ വരുന്നതാണെന്നറിവായിരിക്കുന്നു. ബോംബെ പട്ടണത്തിലുള്ള ഒരു ലക്ഷം കത്തോലിക്കരെ കൂടാതെ ഗോവ, പൂനാ, കൽക്കട്ടാ, മദ്രാസ്, ബീഹാർ, കേരളം മുതലായ സ്ഥലങ്ങളിൽനിന്നായി ഒന്നരലക്ഷം പേർ ദിവ്യകാരുണ്യകോൺഗ്രസിൽ സംബന്ധിക്കുമെന്നു കണക്കാക്കപ്പെടുന്നു. നാലു വർഷം മുമ്പു മ്യൂണിക്കിൽ നടന്ന ദിവ്യകാരുണ്യ കോൺഗ്രസിന്റെ സമാപന സമ്മേളനത്തിൽ 8 ലക്ഷം പേർ സംബന്ധിച്ചിരുന്നു.

* * *

## മലങ്കര സുറിയാനി റീത്തിലുള്ള പരിപാടികൾ

മലങ്കര സുറിയാനി റീത്തിന്റെ ചുമതലയിലുള്ള കോൺഗ്രസ് പരിപാടികൾ രണ്ടു ദിവസങ്ങളിലായിരിക്കും നടത്തപ്പെടുന്നത്. ഡിസംബർ 2-ാംനു രാവിലെ 8 മണിക്ക് ബോംബെ കത്തീഡ്രൽ ദേവാലയത്തിൽ വച്ച് മലങ്കര റീത്തിലുള്ള വി. കുർബാനയും പട്ടംകൊട ശുശ്രൂഷയും നടത്തപ്പെടും. ഡിസംബർ 4-ാംനു വൈകിട്ട് 5 മണിക്ക് കോൺഗ്രസ് മൈതാനത്തുള്ള പ്രധാന ത്രോണോസിൽ മലങ്കര റീത്തിലെ വി. കുർബാന ആഘോഷപൂർവ്വം അർപ്പിക്കപ്പെടുന്നതായിരിക്കും. ഈ വിശുദ്ധകുർബാനയോടനുബന്ധിച്ച് പൗരസ്ത്യ രീതിയിലുള്ള സ്ലീബാ ആഘോഷവും രോഗികൾക്കായുള്ള പ്രത്യേക പ്രാർത്ഥനകളും നടത്തപ്പെടുന്നതാണ്. വി. കുർബ്ബാനമദ്ധ്യേയുള്ള പ്രസംഗം ചെയ്യുന്നത് കുരിശുമല ആശ്രമത്തിലെ റവ. ബീഡ് ഗ്രിഫിത്സ്, M. A. (Oxon ആയിരിക്കും. വി. കുർബ്ബാന സമയത്തുള്ള "കമന്ററി" (വിവിധ ഭാഗങ്ങളെപ്പററിയുള്ള വിശദീകരണങ്ങൾ) റവ. ഫാ. സി എ. എബ്രഹാം നൽകുന്നതായിരിക്കും.

# അതിരൂപതാവാർത്തകൾ

## പള്ളിപ്പെരുന്നാൾ

അട്ടച്ചാക്കൽ സെൻറു് പീറ്റേഴ്സ് കത്തോലിക്കാ പള്ളിപ്പെരുനാൾ ആർച്ചുബിഷപ്പു ബനഡിക്ട് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ മഹനീയ സാന്നിദ്ധ്യത്തിൽ സാഘോഷം കൊണ്ടാടിയിരിക്കുന്നു. ജൂൺ 28-ാം തീയതി ഞായറാഴ്ച നാലുമണിക്ക് അഭിവന്ദ്യ തിരുമേനിയെ ആഡംബരസമന്വിതം ചാപ്പലിലേക്കു എതിരേററു സ്വീകരിച്ചു. പിന്നീട് തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ ഇടവകയിലെ സംഘടനകളുടെ സംയുക്തവാർഷിക സമ്മേളനം നടന്നു. ശ്രീ. കെ. കെ. മത്തായി സദസിനു സ്വാഗതമരുളി. വന്ദ്യ തിരുമേനിയുടെ ഉപക്രമപ്രസംഗത്തിൽ സഭയിൽ അത്മായപ്രേഷിതത്വത്തിൻെറ മഹിമ പ്രത്യേകം ചൂണ്ടിക്കാണിച്ചു. സൺഡേസ്കൂൾ യുവജനസമാജം, ലീജിയൻ ഓഫ് മേരി എന്നിവയുടെ റിപ്പോർട്ട് യഥാക്രമം ശ്രീ. സി. ചാക്കോ, ശ്രീ. പി. എസ്. വറുഗീസ്, ശ്രീമതി എം. എം. അന്നമ്മ എ,ന്നിവർ വായിച്ചു. പിന്നീട് ശ്രീ പി സി. വറുഗീസ് പ്രസംഗിച്ചു. സണ്ടേസ്കൂൾ വിദ്യാത്ഥികൾക്കു സമ്മാനദാനം തിരുമനസ്സുകൊണ്ടു നിർവഹിച്ചു. 29-ാം തീയതി വി. കർബാന തിരുമേനി അർപ്പിച്ചു. കർബാന മദ്ധ്യേ വി. പത്രോസിൻെറ വികാരിത്വത്തെയും അതിൻെറ പിൻതുടർച്ചയേയും പുരസ്കരിച്ചു തിരുമനസ്സുകൊണ്ടു പ്രസംഗിച്ചു. അന്നേദിവസം വൈകിട്ടു യുവാക്കന്മാർ ചേന്നു് ഒരു നാടകവും നടത്തി. നാലഞ്ചു ഭവനങ്ങളിൽനിന്നും ഏതാനും ആളുകൾ തിരുസഭയോടു പുനരൈക്യപ്പെട്ടു എന്നുള്ളതും പ്രത്യേകം പ്രസ്താവയോഗ്യമത്രെ

## ബഥനി സന്യാസാശ്രമം

ബഥനി സന്യാസസമൂഹത്തിൻെറ ഒരു ശാഖാമന്ദിരം പുതുതായി ആരംഭിച്ചിരിക്കുന്നു. അച്ചൻകോവിലാറിൻെറ തീരത്തു് കുമ്പഴ ജംഗ്ഷനു സമീപമുള്ള മനോഹരമായ ഒരു കുന്നിൽ സ്ഥിതിചെയ്യുന്ന ആശ്രമത്തിൻെറ കൂദാശാകർമ്മം തിരുവനന്തപുരം ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമനസ്സുകൊണ്ടു് ഇക്കഴിഞ്ഞ ഓഗസ്റ്റ് മാസം 5-ാം തീയതി നിർവഹിച്ചിരിക്കുന്നു. അനവധി വൈദികരും കന്യാസ്ത്രീകളും ഒരു വലിയ ജനക്കൂട്ടവും ഈ കർമ്മത്തിൽ സന്നിഹിതരായിരുന്നു. വിഭവസമൃദ്ധമായ ഒരു പായസസല്ക്കാരവും ഇതിനോടു് അനുബന്ധിച്ചു് നടത്തപ്പെട്ടു.

## തിരുനാൾ

മുഖത്തല കത്തോലിക്കാപള്ളിയിൽ അസാദ്ധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥനായ വിശുദ്ധ യൂദാസ് തദ്ദേവൂസിൻെറ തിരുനാൾ ഒക്ടോബർ 31, നവംബർ 1, എന്നീ തീയതികളിൽ സാഘോഷം കൊണ്ടാടപ്പെടുന്നതാണ്. തിരുനാളിനു് ഒരുക്കമായുള്ള നവനാൾ ഒക്ടോബർ 23-ാം തീയതി മുതൽ ആരംഭിക്കുന്നതാണ്.

## പുനരൈക്യം

കടമ്പനാടിനടുത്തു് മണ്ണടി എന്ന സ്ഥലത്തു് 12 കുടുംബങ്ങൾ സെപ്റ്റംബർ 6-ാം തീയതി കത്തോലിക്കാസഭയോടു പുനരൈക്യപ്പെട്ടിരിക്കുന്നു. റൈററ് റവ. മോൺ. സി. റ്റി. കുരുവിള ആണു് ഇവരെ കത്തോലിക്കാസഭയിലേക്കു് സ്വീകരിച്ചതു്.

## ചരമം

വാളകം സെൻറ് മേരീസ് ഇടവകയിൽപെട്ട മംഗലത്തു് ശ്രീമാൻ പി. ഒ. ഏബ്രാഹം സാറിൻെറ പ്രിയപത്നി 'അന്നമ്മററീച്ചർ' സെപ്റ്റംബർ മാസം 22-ാം തീയതി പകൽ ഒന്നരമണിക്കു് കർത്താവിൽ നിദ്രപ്രാപിച്ചു.

പിറേറദിവസം രാവിലെ ഒൻപതരമണിയോടുകൂടി സംസ്കാരചടങ്ങുകൾ ആരംഭിച്ചു. വന്ദ്യ ദിവ്യ ശ്രീ ചേപ്പാട്ടു് പീലിപ്പോസ് റമ്പാച്ചൻെറ പ്രധാന കാർമ്മികത്വത്തിലും, തിരുവനന്തപുരം അതിരൂപതയുടെ അഡ്മിനിസ്ട്രേററർ മോൺസിഞ്ഞോർ സി. റ്റി. കുരുവിളയുടെ സഹകാർമ്മികത്വത്തിലുമാണു് ശവസംസ്കാരം നടത്തിയതു്.

തിരുവനന്തപുരം, തിരുവല്ലാ, ചങ്ങനാശ്ശേരി, കൊല്ലം എന്നീ വിവിധ രൂപതകളിലെ പല ബ. വൈദികർ ഇതിൽ പങ്കെടുത്തു. ബഥനി സന്യാസസമൂഹത്തിൻെറ സുപ്പീരിയർ ജനറൽ വെരി. റവ. ഫാദർ ജോഷ്വാ ഓ. ഐ. സി., റവ ഫാദർ ജോൺ ഓ. ഐ. സി. തുടങ്ങിയവരും, മാർ ഇവാനിയോസ് കോളജ്, മാർ

Registered No: K. 405.



തെയോഫിലോസ് ട്രെയിനിംഗ് കോളജ്, സെന്റ് ജോൺസ് കോളജ് എന്നീ സ്ഥാപനങ്ങളിലെ പല പല വൈദികരും ആദ്യന്തം ഇതിൽ പങ്കെടുത്തിരുന്നു. ബഥനി, ഡോട്ടേഴ്സ് ഓഫ് മേരി എന്നീ സന്യാസിനി സമൂഹങ്ങളിലെ പല പല സിസ്റ്റേഴ്സും സന്നിഹിതരായിരുന്നു. ജാതിമതഭേദമെന്യേ ബഹുശതം ആളുകൾ ഇതിൽ സംബന്ധിച്ചിരുന്നു. പരേതയുടെ ഗുണഗണങ്ങളെ പരാമർശിച്ച് വന്ദ്യ ദിവ്യ ശ്രീ ചേപ്പാട്ട് ഫീലിപ്പോസ് റമ്പാച്ചൻ വീട്ടിൽ വച്ചും, റവ. ഫാ. ജോർജ്ജ് മൂത്തേരി പള്ളിയിൽ വച്ചും ചരമപ്രസംഗങ്ങൾ നടത്തി

വാളകം കത്തോലിക്കാപള്ളിയുടെ ആരംഭകാലം മുതൽ മരണത്തിന്റെ രണ്ടാഴ്ച മുമ്പുവരെ വളരെ തീക്ഷ്ണതയോടെ എല്ലാ കാര്യങ്ങളിലും മുന്നിട്ടു പ്രവർത്തിച്ചിരുന്ന — എല്ലാവർക്കും എല്ലാ കാര്യങ്ങളിലും മാതൃകയായി ജീവിച്ചിരുന്ന — ആളായിരുന്ന പരേത എന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്. "എന്റെ ജോലി സ്വർഗ്ഗത്തിലും ഞാൻ തുടർന്നുകൊണ്ടിരിക്കും" എന്നാണ് രോഗശയ്യയിൽ വച്ച് തന്നെ സന്ദർശിച്ച മോൺസിഞ്ഞോർ സി. റ്റി കുരുവിളയോട് വാളകം ഇടവകയുടെ മണിദീപമായിരുന്ന പരേത പ്രസ്താവിച്ചത്. പരേതയെ കാണുവാൻ ചെന്ന റവ. ഫാ. ജോൺ ഓ. ഐ സി. മരണത്തിന് ഏതാനും വിനാഴിക മുമ്പ് നൽകിയ ഉപദേശം സുബോധത്തോടെ ശ്രവിച്ചുകൊണ്ടും അദ്ദേഹം കൈയ്യിൽ കൊടുത്ത ക്രൂശിതരൂപം ചുംബിച്ചുകൊണ്ടുമാണ് പരേത, തന്റെ അന്ത്യശ്വാസം വലിച്ചത്.

കഴിഞ്ഞ വർഷം മംഗലാപുരം സെമിനാരിയിൽ വൈദികപഠനം പൂർത്തിയാക്കിയ റവ. ഫാ. തോമസ് കുമ്പുക്കാട്ട് പരേതയുടെ ഇളയ സഹോദരനാണ്. ബഥനി സന്യാസിനിസമൂഹത്തിൽ ചേർന്ന് ഇപ്പോൾ അമേരിക്കയിൽ ഉപരിപഠനം നടത്തിക്കൊണ്ടിരിക്കുന്ന റവ. സിസ്റ്റർ സെൽക്കാ S. I. C പരേതയുടെ മൂത്ത പുത്രിയാണ്. രണ്ടാമത്തെ പുത്രി അമ്മുക്കുട്ടി ബി. എസ് സി., വൈദ്യശാസ്ത്ര പഠനത്തിനായി അടുത്തുതന്നെ പാദുവാ മെഡിക്കൽ കോളജിലേക്കു പോകുന്നതാണ്. മൂന്നാമത്തെ മകൾ ലീലാമ്മ ബഥനി മഠത്തിൽ നോവിഷ്യേറ്റ് പരിശീലനം നടത്തിക്കൊണ്ടിരിക്കുന്നു. രണ്ടു പുത്രന്മാരുൾപ്പെടെ പരേതയ്ക്ക് പത്തു സന്താനങ്ങളുണ്ട്. പരേതയുടെ ഗുണങ്ങൾ പ്രത്യേകിച്ച് ആത്മീയശുഷ്കാന്തി എല്ലാ കുഞ്ഞുങ്ങളിലും പ്രതിഫലിച്ചു കാണുന്നു എന്നുള്ളത് സ്തുത്യർഹമായ ഒന്നത്രെ.

പുസ്തകാഭിപ്രായം

## "ക്രിസ്തു ജീവിക്കുന്നു"

ഗ്രന്ഥകർത്താ:- കെ. എൻ. തോമസ്

ആലുവാ. എസ്സ്. എച്ച്. ലീഗിൽനിന്നും മാസംതോറും പ്രധാനപ്പെട്ട ഓരോ വിഷയങ്ങളെക്കുറിച്ചു കാര്യോപചിതമായ വിധത്തിൽ മലയാളത്തിൽ ഓരോ ചെറുഗ്രന്ഥം പ്രസിദ്ധംചെയ്തുവരുന്നുണ്ട്. ഒരാണ്ടേത്തേക്ക് ഒരു രൂപായേ വരിസംഖ്യയുള്ളു. ഈ സെപ്റ്റംബർമാസത്തിൽ ഇറക്കിയിരിക്കുന്നത് 'ക്രിസ്തു ജീവിക്കുന്നു' എന്ന മി. കെ. എൻ. തോമസിന്റെ ഒരു ചെറു ഗ്രന്ഥമാണ്. വി. കുർബാനയെപ്പറ്റി നന്നായി പ്രതിവാദിച്ചിട്ടുള്ള ഒരു ചെറുഗ്രന്ഥമാണിത്. 56 പുറങ്ങളുണ്ട്, ഒരു കോപ്പിക്ക് 20 പൈസാ വില. പോസ്റ്റേജുകൂടെ അയച്ചുകൊടുക്കേണ്ടി വരുന്നതാകും. അപേക്ഷിക്കേണ്ടും മേൽവിലാസം എസ്സ്. എച്ച്. ലീഗ്, ആലുവാ-3. കേരളാ.

**For favours received**



**Inserted by**
Joy P. Y.
Anandappally.

*Printed at the St. Mary's Press, Pattom, Trivandrum-4. and Published by Rt. Rev. Msgr. Philipose Remban.*